# VISWASA VELICHAM

## MALAYALAM

## വിശ്വാസത്തെക്കുറിച്ച്

### ഫ്രാൻസിസ് പാപ്പ

**മെത്രാന്മാർക്കും വൈദികർക്കും ഡീക്കന്മാർക്കും സമർപ്പിതർക്കും അല്മായാ വിശ്വാസികൾക്കും വേണ്ടി എഴുതിയ**

**ചാക്രികലേഖനം**

**1. വിശ്വാസ വെളിച്ചം:** അങ്ങനെയാണ് സഭയുടെ പാരമ്പര്യം യേശു കൊണ്ടുവന്ന മഹത്തായ ദാനത്തെ വിശേഷിപ്പിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തു തന്നെപ്പറ്റിത്തന്നെ ഇപ്രകാരം പറയുന്നു: 'എന്നിൽ വിശ്വസിക്കുന്നവരാരും അന്ധകാരത്തിൽ വസിക്കാതിരിക്കേണ്ടതിന് ഞാൻ വെളിച്ചമായി ലോകത്തിലേക്കു വന്നിരിക്കുന്നു' (യോഹ 12:46). വിശുദ്ധ പൗലോസ് ഇതേ ബിംബംതന്നെ പ്രയോഗിക്കുന്നുണ്ട്: 'അന്ധകാരത്തിൽ നിന്നു പ്രകാശം ഉദിക്കട്ടെ എന്ന് അരുളിച്ചെയ്ത

ദൈവം തന്നെയാണ്...ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ചിരിക്കുന്നത് '(2 കോറി 4:6)

പ്രകാശത്തിനായി അദമ്യമായി ആഗ്രഹിച്ച വിജാതീയ ലോകം സൂര്യദേവനെ – അജയ്യനായ സൂര്യനെ – ഓരോ ദിവസവും പ്രഭാതത്തിൽ വിളിച്ച് അപേക്ഷിച്ച് സൂര്യദേവാരാധനയിൽ മുന്നേറി. എന്നാൽ, സൂര്യൻ ഓരോ പ്രഭാതത്തിലും പുതുതായി ജനിച്ചെങ്കിലും മുഴുവൻ മനുഷ്യാസ്തിത്വത്തിൻമേലും പ്രകാശം ചൊരിയാൻ വ്യക്തമായി അതിനു കഴിയുമായിരുന്നില്ല. സൂര്യൻ യാഥാർത്ഥ്യത്തെ മുഴുവനും പ്രകാശിപ്പിക്കുന്നില്ല. മരണത്തിന്റെ നിഴലിലേക്ക് തുളച്ചുകയറാൻ അതിന്റെ രശ്മികൾക്കു കഴിയുകയില്ല. ആ നിഴലിൽ മനുഷ്യരുടെ കണ്ണുകൾ സുര്യപ്രകാശത്തിനെതിരേ അടഞ്ഞിരിക്കുകയാണ്. രക്തസാക്ഷിയായ വിശുദ്ധ ജസ്റ്റിൻ ഇങ്ങനെ എഴുതുന്നു: 'സൂര്യനിലുള്ള തന്റെ വിശ്വാസത്തിനുവേണ്ടി മരിക്കാൻ ഒരുവനും ഒരിക്കലും സന്നദ്ധനായിട്ടില്ല'.[1]

തങ്ങളുടെ മുമ്പിൽ തങ്ങളുടെ വിശ്വാസം തുറന്ന അനന്തവിശാലമായ ചക്രവാളത്തെക്കുറിച്ചു ബോധമുള്ളവരായ ക്രിസ്ത്യാനികൾ യേശുവിനെ 'ജീവൻ നല്കുന്ന രശ്മികളുള്ള'[2] യഥാർത്ഥ സുര്യനായി കണ്ട് അവിടത്തെ വിളിച്ചപേക്ഷിച്ചു. തന്റെ സഹോദരനായ ലാസറിന്റെ മരണത്തെയോർത്തു വിലപിക്കുന്ന മർത്തയോട് യേശു പറഞ്ഞു: 'വിശ്വസിച്ചാൽ നീ ദൈവമഹത്ത്വം ദർശിക്കുമെന്ന് ഞാൻ നിന്നോടു പറഞ്ഞില്ലേ?' (യോഹ 11:40). വിശ്വസിക്കുന്നവർ കാണുന്നു; തങ്ങളുടെ മുഴുവൻ യാത്രയെയും പ്രകാശിപ്പിക്കുന്ന ഒരു വെളിച്ചംകൊണ്ട് കാണുന്നു. കാരണം, ആ പ്രകാശം ഉത്ഥിതനായ ക്രിസ്തുവിൽ നിന്ന് – ഒരിക്കലും അസ്തമിക്കാത്ത പ്രഭാതനക്ഷത്രത്തിൽ നിന്ന് – വരുന്നതാണ്.

## *മിഥ്യയായ വെളിച്ചമോ?*

**2.** എന്നാലും വിശ്വാസ വെളിച്ചത്തെക്കുറിച്ചു പറയുമ്പോൾ നമ്മുടെ സമകാലീനരിൽ അനേകരുടെ എതിർപ്പുകൾ നമുക്കു മിക്കവാറും കേൾക്കാം. വളർച്ച പ്രാപിച്ചതും യുക്തിവിചാരത്തിൽ അഹങ്കരിക്കുന്നതും ഭാവിയെക്കുറിച്ച് പുതിയ മാർഗങ്ങളിലൂടെ അന്വേഷണം നടത്തുന്നതുമായ ആധുനിക മനുഷ്യകുലം, ആ വെളിച്ചം പഴയകാലത്തെ സമൂഹങ്ങൾക്ക് മാത്രം മതിയാകുന്നതായും ഇന്നത്തെ ലോകത്തിന് അത് ഉപയോഗശൂന്യമായും കരുതുന്നു. അങ്ങനെ ചിലർക്ക് വിശ്വാസം മിഥ്യാവെളിച്ചമായി തോന്നുന്നു. അറിവിനായുള്ള അന്വേഷണത്തിനു ധീരതയോടെ പുറപ്പെടുന്നതിൽ നിന്ന് മനുഷ്യവർഗത്തെ അത് തടയുന്നതായി തോന്നുന്നു. യുവാവായ നീറ്റ്ഷേ തന്റെ സഹോദരി എലിസബത്തിനെ അപകടസാധ്യതകൾ ഏറ്റെടുക്കാനും 'സ്വന്തം വഴി കണ്ടെത്തേണ്ടതിനുള്ള തികഞ്ഞ അനിശ്ചിതത്വത്തോടെ പുതിയ വഴികളിൽ സഞ്ചരിക്കാനും' പ്രോത്സാഹിപ്പിച്ചു. അയാൾ തുടർന്നു പറഞ്ഞു: 'ഇവിടെയാണ് മനുഷ്യവർഗത്തിന്റെ പാതകൾ വേറിടുന്നത്: നിനക്ക് ആത്മീയ സമാധാനവും സന്തോഷവും വേണമെങ്കിൽ വിശ്വസിക്കുക. എന്നാൽ സത്യത്തെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അന്വേഷിക്കുക.'[3] വിശ്വാസവും അന്വേഷണവും പൊരുത്തപ്പെട്ടു പോകില്ലത്രേ. ഇവിടെ നിന്നാണ് നീറ്റ്ഷേ ക്രിസ്തുമതവിമർശനം വികസിപ്പിച്ചത്: ക്രിസ്തുമതം മനുഷ്യാസ്തിത്വത്തിന്റെ പൂർണമായ അർത്ഥം കുറയ്ക്കുകയും ജീവിതത്തിൽ നിന്ന് നവീനതയും സാഹസികതയും ഉരിഞ്ഞുകളയുകയും ചെയ്യുന്നു. അങ്ങനെ വിശ്വാസം മിഥ്യയായ വെളിച്ചമായിരിക്കുന്നു; സ്വതന്ത്രമാക്കപ്പെട്ട മനുഷ്യവംശത്തിന് ഭാവിയിലേക്കുള്ള വഴി തടയുന്ന മിഥ്യ.

**3.** ഈ പ്രക്രിയയിൽ വിശ്വാസത്തെ അന്ധകാരവുമായി ബന്ധിപ്പിക്കാനിടയായി. യുക്തിയുടെ വെളിച്ചത്തിനരികേ സ്ഥാനം

നല്കി വിശ്വാസത്തെ രക്ഷിക്കാൻ ചിലർ പരിശ്രമിച്ചു. യുക്തിയുടെ വെളിച്ചത്തിനു കടന്നു ചെല്ലാൻ കഴിയാത്തിടത്തെല്ലാം, സുനിശ്ചിതത്വം സാധ്യമല്ലാത്തിടത്തെല്ലാം, അത്തരമൊരു സ്ഥാനം നല്കുകയുണ്ടായി. അങ്ങനെ വിശ്വാസം വെളിച്ചമില്ലാത്തപ്പോൾ നടത്തേണ്ടതും അന്ധമായ വികാരത്താൽ പ്രചോദിതവുമായ ഇരുളിലേക്കുള്ള ഒരു കുതിച്ചുചാട്ടമായി മനസ്സിലാക്കപ്പെട്ടു. അല്ലെങ്കിൽ ഒരുപക്ഷേ ഹൃദയത്തിനു ചൂടുപകരാൻ കഴിവുള്ളതും വ്യക്തിപരമായ ആശ്വാസം നല്കാൻ കഴിയുന്നതുമായ വ്യക്തിനിഷ്ഠമായ ഒരു പ്രകാശമായി കരുതപ്പെട്ടു. പക്ഷേ, ആ പ്രകാശത്തെ വഴി കാണിച്ചു കൊടുക്കാൻ കഴിയുന്ന വസ്തുനിഷ്ഠവും പങ്കുവയ്ക്കപ്പെട്ടതുമായ വെളിച്ചമായി മറ്റുള്ളവർക്ക് നിർദ്ദേശിച്ചുകൊടുക്കാൻ കഴിയുകയില്ല. സ്വയംശാസിതമായ യുക്തിയുടെ വെളിച്ചം ഭാവിയെ പ്രകാശിപ്പിക്കാൻ മതിയായത് അല്ലെന്ന് സാവധാനത്തിലാണെങ്കിലും തീർച്ചയായും വ്യക്തമാകും. യുക്തിയുടെ വെളിച്ചം മാത്രമേയുള്ളൂവെങ്കിൽ ആത്യന്തികമായി ഭാവി ഇരുണ്ടതും അജ്ഞാതമായതിനെക്കുറിച്ചുള്ള സംഭ്രാന്തി നിറഞ്ഞതുമായി നിലകൊള്ളും. അതിന്റെ ഫലമായി മനുഷ്യവംശം മഹത്തായ ഒരു വെളിച്ചത്തിനുവേണ്ടിയുള്ള, നിത്യസത്യത്തിനുവേണ്ടിത്തന്നെയുള്ള അന്വേഷണം ഉപേക്ഷിച്ച് ക്ഷണികമായ നിമിഷത്തെ പ്രകാശിപ്പിക്കുന്നതും എന്നാൽ വഴി കാണിക്കാൻ അശക്തവുമായ ചെറിയ ദീപങ്ങൾകൊണ്ടു തൃപ്തിപ്പെടാൻ ശ്രമിച്ചു. എന്നാൽ, വിശ്വാസ വെളിച്ചത്തിന്റെ അഭാവത്തിൽ എല്ലാം കുഴഞ്ഞുമറിഞ്ഞതായിത്തീരുന്നു. നന്മയെ തിന്മയിൽ നിന്നോ നമ്മുടെ ലക്ഷ്യത്തിലേക്കുള്ള പാതയെ ഒരിടത്തും എത്തിച്ചേരാത്തവിധം വിഷമവൃത്തത്തിലാക്കുന്ന മറ്റു വഴികളിൽ നിന്നോ വേർതിരിച്ചു പറയുക അത് അസാധ്യമാക്കുന്നു.

### *വീണ്ടെടുക്കേണ്ട വെളിച്ചം*

**4.** അതുകൊണ്ട് വിശ്വാസം ഒരു വെളിച്ചമാണെന്ന വസ്തുത വീണ്ടെടുക്കുകയെന്നത് ഒരു അടിയന്തിരാവശ്യമാണ്. എന്തെ

ന്നാൽ വിശ്വാസമാകുന്ന ജ്വാല അണഞ്ഞുപോയാൽ മറ്റു വെളിച്ചങ്ങളെല്ലാം മങ്ങിത്തുടങ്ങും. വിശ്വാസ വെളിച്ചം അനന്യമാണ്. കാരണം, മനുഷ്യാസ്തിത്വത്തിന്റെ ഓരോ വശത്തെയും പ്രകാശിപ്പിക്കാൻ അതിനു കഴിയും. ഇത്രമാത്രം ശക്തമായ ഒരു വെളിച്ചം നമ്മിൽ നിന്നു തന്നെ ഉണ്ടാവുകയില്ല. കൂടുതൽ ആദിമമായ ഒരു ഉറവിടത്തിൽ നിന്നേ അത് ഉണ്ടാവുകയുള്ളൂ. ഒറ്റവാക്കിൽ പറഞ്ഞാൽ, അതു ദൈവത്തിൽ നിന്നു വരണം.

നമ്മെ വിളിക്കുന്നവനും തന്റെ സ്നേഹം നമുക്കു വെളിപ്പെടുത്തിത്തരുന്നവനുമായ സജീവനായ ദൈവവു മായയുള്ള കണ്ടുമുട്ടലിൽ നിന്നാണ് വിശ്വാസം ജനിക്കുന്നത്. ആ സ്നേഹം നമുക്കു മുമ്പേ ഉള്ളതാണ്. സുരക്ഷിതത്വത്തിനു വേണ്ടിയും നമ്മുടെ ജീവിതത്തെ പടുത്തുയർത്തുന്നതിനു വേണ്ടിയും അതിനെ നമുക്ക് ആശ്രയിക്കാവുന്നതാണ്. ഈ വിശ്വാസത്താൽ രൂപാന്തരപ്പെട്ടവരാകുമ്പോൾ നമുക്ക് പുതിയ ദർശനം ലഭിക്കും, കാണാൻ പുതിയ കണ്ണുകളുണ്ടാകും. സാക്ഷാത്കാരത്തിന്റെ വലിയ വാഗ്ദാനം അതിൽ ഉൾക്കൊണ്ടിരിക്കുന്നുവെന്നും നാം മനസ്സിലാക്കും. നമ്മുടെ മുമ്പിൽ ഭാവിയെപ്പറ്റിയുള്ള ഒരു വീക്ഷണം തുറക്കപ്പെടുകയും ചെയ്യും.

അതിസ്വാഭാവിക ദാനമെന്ന നിലയിൽ ദൈവത്തിൽ നിന്നു നാം സ്വീകരിക്കുന്ന വിശ്വാസം സമയത്തിലൂടെയുള്ള നമ്മുടെ യാത്രയെ നയിച്ചുകൊണ്ട് നമ്മുടെ വഴിയിൽ വെളിച്ചമായിത്തീരും. ഒരുവശത്ത്, അത് ഭൂത കാലത്തുനിന്നു വരുന്ന വെളിച്ചമാണ്. യേശുവിന്റെ ജീവിതത്തിന്റെ അടിസ്ഥാനപരമായ സ്മരണയുടെ വെളിച്ചമാണ്. ആ ജീവിതം തികച്ചും വിശ്വാസ്യമായ അവിടത്തെ സ്നേഹത്തെ വെളിപ്പെടുത്തിയതാണ്. മരണത്തിന്റെ മേൽ വിജയം വരിക്കാൻ കഴിയുന്ന സ്നേഹം തന്നെയാണത്. എന്നാലും ക്രിസ്തു ഉയിർക്കുകയും നമ്മെ മരണത്തിനപ്പുറത്തേക്കു നയിക്കുകയും ചെയ്യുന്നതുകൊണ്ട് വിശ്വാസം ഭാവിയിൽ നിന്നുവരുന്ന വെളിച്ചവുമാണ്. നമ്മുടെ

ഒറ്റപ്പെട്ട വ്യക്തിത്വങ്ങൾക്ക് അപ്പുറത്തേക്ക് - കൂട്ടായ്മയുടെ വിശാലതയിലേക്ക് - നയിക്കുന്ന വിസ്തൃതമായ ചക്രവാളങ്ങളെ നമ്മുടെ മുമ്പിൽ തുറന്നിടുന്നതുമാണ്.

വിശ്വാസം നിഴലിലും മ്ലാനതയിലും വസിക്കുന്നില്ലെന്നു നാം കാണുന്നു. അത് നമ്മുടെ ഇരുട്ടിനുള്ള വെളിച്ചമാണ്. ദാന്തേ ഡിവൈൻ കോമഡി എന്ന മഹാകാവ്യത്തിൽ വിശുദ്ധ പത്രോസിനോട് തന്റെ വിശ്വാസം ഏറ്റുപറഞ്ഞിട്ട് ആ വെളിച്ചത്തെ ഇങ്ങനെ വിവിരിക്കുന്നു: 'ക്രമേണ കത്തുന്ന ജ്വാലയായിത്തീരുന്നതും അത് സ്വർഗീയനക്ഷത്രംപോലെ എന്റെയുള്ളിൽ മിന്നിപ്രകാശിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു സ്ഫുലിംഗം'.4 ഈ വിശ്വാസ വെളിച്ചമാണ് ഞാനിപ്പോൾ പരിചിന്തനം ചെയ്യാൻ ആഗ്രഹിക്കുന്നത്. മനുഷ്യവംശത്തിന് പ്രത്യേകമാംവിധം വെളിച്ചം ആവശ്യമായിരിക്കുന്ന ഇക്കാലത്ത് അതു നമ്മുടെ യാത്രയുടെ ചക്രവാളത്തെ ശോഭാപൂർണമാക്കുന്ന ഒരു നക്ഷത്രമായിത്തീർന്ന്, വളർച്ച പ്രാപിച്ച്, വർത്തമാനകാലത്തെ പ്രശോഭിതമാക്കണം.

**5.** ക്രിസ്തു തന്റെ പീഡാസഹനത്തിന്റെ തലേദിവസം പത്രോസിന് ഇങ്ങനെ ഉറപ്പുകൊടുത്തു: 'നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു' (ലൂക്കാ 22:32). എന്നിട്ട് അതേ വിശ്വാസത്തിൽ അവന്റെ സഹോദരീസഹോദരന്മാരെ ബലപ്പെടുത്താൻ അവിടന്ന് പത്രോസിനോടു പറഞ്ഞു. പത്രോസിന്റെ പിൻഗാമിയെ ഭരമേല്പിച്ച കടമയെപ്പറ്റി ബോധവാനായി ബെനഡിക്ട് പതിനാറാമൻ ഇപ്പോഴത്തെ 'വിശ്വാസവർഷം' പ്രഖ്യാപിച്ചു. അത് കൃപയുടെ ഒരു കാലമാണ്. വിശ്വസിക്കുന്നതിലുള്ള വലിയ സന്തോഷം അനുഭവിച്ചറിയാനും വിശ്വാസം നമ്മുടെ മുമ്പിൽ തുറന്നിടുന്ന വിശാലമായ ചക്രവാളം കണ്ട് നമ്മുടെ വിസ്മയത്തെ പുതുക്കാനും ആ വിശ്വാസം അതിന്റെ ഏകത്വത്തിലും സമഗ്രതയിലും ഏറ്റുപറയാനും അതു സഹായിക്കുന്നു. കർത്തൃസ്മരണയോടുള്ള വിശ്വസ്തതയോടെയും അവിടത്തെ സാന്നിധ്യത്താലും പരി

ശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും നിലനിറുത്തപ്പെട്ടുമാണ് ഇതു സാധിക്കുന്നത്.

ജീവിതത്തിനു മഹത്ത്വവും സാക്ഷാത്കാരവും കൊണ്ടു വരുന്നതും ക്രിസ്തുവിലും അവിടത്തെ കൃപാവരത്തിന്റെ ശക്തിയിലും കേന്ദ്രീകരിച്ചിരിക്കുന്നതുമായ വിശ്വാസത്തിൽ നിന്നു വരുന്ന ബോധ്യം ആദിമ ക്രിസ്ത്യാനികളുടെ പ്രേഷിത ദൗത്യത്തെ പ്രചോദിപ്പിച്ചു.

രക്തസാക്ഷികളുടെ പ്രവൃത്തികളിൽ, റോമൻ പ്രീഫെക്ടായ റുസ്തിക്കൂസും ഹിയേറാക്സ് എന്ന പേരുള്ള ഒരു ക്രൈസ്തവനും തമ്മിൽ നടന്ന താഴെക്കാണുന്ന സംവാദം നാം വായിക്കുന്നു: 'എവിടെയാണ് നിന്റെ മാതാപിതാക്കന്മാർ എന്ന് ജഡ്ജി രക്തസാക്ഷിയോട് ചോദിച്ചു'. അയാൾ ഇങ്ങനെ ഉത്തരം പറഞ്ഞു: 'ഞങ്ങളുടെ യഥാർത്ഥ പിതാവ് ക്രിസ്തു ആണ്. ഞങ്ങളുടെ അമ്മ അവിടന്നിലുള്ള വിശ്വാസമാണ്'5 ആ ആദിമ ക്രൈസ്തവർക്ക് ക്രിസ്തുവിൽ വെളിവായ സജീവദൈവവുമായുള്ള ഒരു കണ്ടുമുട്ടലെന്ന നിലയിൽ വിശ്വാസം തീർച്ചയായും ഒരു അമ്മ ആയിരുന്നു. കാരണം, അത് അവരെ വെളിച്ചത്തിലേക്കു കൊണ്ടു വന്നു, അവരുടെയുള്ളിൽ ദൈവികജീവൻ ജനിപ്പിച്ചു. ഈ നവ്യാനുഭവത്തിനും അസ്തിത്വത്തെക്കുറിച്ചുള്ള ദീപ്തമായ ദർശനത്തിനും വേണ്ടി അവസാനംവരെ പരസ്യമായി സാക്ഷ്യം വഹിക്കാൻ അവർ സന്നദ്ധരായിരുന്നു.

**6.** രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരംഭത്തിന്റെ അമ്പതാം വാർഷികത്തിലാണ് 'വിശ്വാസവർഷം' ഉദ്ഘാടനം ചെയ്യപ്പെട്ടത്. രണ്ടാം വത്തിക്കാൻ കൗൺസിൽ വിശ്വാസത്തെ സംബന്ധിച്ചുള്ളതായിരുന്നു എന്നതിന്റെ വ്യക്തമായ സൂചനയാണിത്.6 സഭയെന്ന നിലയിലും വ്യക്തികളെന്ന നിലയിലും നമ്മുടെജീവിതത്തിന്റെകേന്ദ്രത്തിൽക്രിസ്തുവിൽദൈവത്തിനുള്ള പ്രാഥമ്യം പുനഃസ്ഥാപിക്കാൻ അത് ആവശ്യപ്പെട്ടല്ലോ.

സഭ വിശ്വാസത്തെ ഒരിക്കലും ലഘുവായി കാണുന്നില്ല. പിന്നെയോ ഈ ദൈവദാനം തന്റെ യാത്രാമാർഗത്തിൽ, തന്നെ തുടർന്നു നയിച്ചുകൊണ്ടിരിക്കാൻ, അതിനെ പോഷിപ്പിക്കുകയും വീണ്ടും ശക്തിപ്പെടുത്തുകയും ചെയ്യണമെന്ന് സഭ അറിയുന്നു. നമ്മുടെ കാലഘട്ടത്തിലെ സ്ത്രീപുരുഷന്മാരോട് അവരുടെ യാത്രയിൽ സഹചരിച്ചുകൊണ്ട് വിശ്വാസ വെളിച്ചം നമ്മുടെ മാനുഷികാനുഭവത്തെ ഉള്ളിൽ നിന്നു പ്രകാശിപ്പിക്കാൻ  രണ്ടാം വത്തിക്കാൻ കൗൺസിൽ ഇടയാക്കി. ജീവിതത്തെ അതിന്റെ എല്ലാ മാനങ്ങളിലും വിശ്വാസം എങ്ങനെ സമ്പന്നമാക്കുന്നുവെന്ന് അത് വ്യക്തമായി കാണിക്കുകയും ചെയ്തു.

**7.** സ്നേഹത്തെക്കുറിച്ചും പ്രത്യാശയെക്കുറിച്ചും ബെനഡിക്ട് പതിനാറാമൻ തന്റെ ചാക്രികലേഖനങ്ങളിൽ എഴുതിയിട്ടുള്ളവയോട്  വിശ്വാസത്തെക്കുറിച്ചുള്ള ഈ വിചിന്തനങ്ങൾ-ഈ ദൈവിക പുണ്യത്തെക്കുറിച്ച് സഭയുടെ പ്രബോധനാധികാരം പ്രഖ്യാപിച്ചിട്ടുള്ള എല്ലാറ്റിന്റെയും തുടർച്ചയിൽ7 കൂട്ടിച്ചേർക്കാനാണ് ഉദ്ദേശിക്കുന്നത്. അദ്ദേഹംതന്നെ വിശ്വാസത്തെക്കുറിച്ചുള്ള ചാക്രികലേഖനത്തിന്റെ ആദ്യത്തെ കരടുരൂപം മിക്കവാറും പൂർത്തിയാക്കിയിരിക്കുന്നു. ഇക്കാര്യത്തിൽ ഞാൻ അദ്ദേഹത്തോടു അഗാധമായ കൃതജ്ഞതയുള്ളവനാണ്. ക്രിസ്തുവിൽ അദ്ദേഹത്തിന്റെ സഹോദരനെന്ന നിലയിൽ ഞാൻ അദ്ദേഹത്തിന്റെ സുന്ദരമായ രചന ഏറ്റെടുക്കുകയും സ്വന്തമായി ചിലതെല്ലാം കൂട്ടിച്ചേർക്കുകയുമാണ് ചെയ്തിരിക്കുന്നത്. മനുഷ്യവംശത്തിന്റെ പാതയിൽ ഒരു വെളിച്ചമായി  ദൈവം തന്നിരിക്കുന്ന വിശ്വാസമെന്ന അമൂല്യനിധിയിൽ തന്റെ സഹോദരീസഹോദരന്മാരെ ബലപ്പെടുത്താൻ പത്രോസിന്റെ പിൻഗാമി, ഇന്നലെയും ഇന്നും നാളെയും എപ്പോഴും വിളിക്കപ്പെടുന്നു.

അതിസ്വാഭാവിക നിവേശിത പുണ്യമായ വിശ്വാസമെന്ന ദൈവദാനത്തിൽ മഹത്തായ സ്നേഹം നമുക്കു നല്കപ്പെട്ടിരിക്കുന്നുവെന്നും ഒരു നല്ല വാക്ക് നമ്മോടു പറയപ്പെട്ടിരിക്കുന്നുവെന്നും ആ വാക്കിനെ – വചനം മാംസമായ യേശുക്രിസ്തുവിനെ – നാം സ്വാഗതം ചെയ്യുമ്പോൾ പരിശുദ്ധാത്മാവു നമ്മെ രൂപാന്തരപ്പെടുത്തുന്നുവെന്നും ഭാവിയിലേക്കുള്ള നമ്മുടെ വഴിയിൽ പ്രകാശം ചെരിയുന്നുവെന്നും പ്രത്യാശയുടെ ചിറകിൽ സന്തോഷപൂർവ്വം ആ വഴിയേ മുന്നേറാൻ നമ്മെ ശക്തരാക്കുന്നുവെന്നും നാം മനസ്സിലാക്കുന്നു. അങ്ങനെ ക്രൈസ്തവജീവിതം ദൈവവുമായുള്ള സമ്പൂർണമായ ഐക്യത്തിലേക്കു മുന്നേറുമ്പോൾ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ വിസ്മയകരമായി ഇഴചേർന്ന് പ്രചോദകശക്തിയായിത്തീരുന്നു. എന്നാൽ വിശ്വാസം നമ്മുടെ മുമ്പിൽ തുറന്നുതരുന്ന ഈ പാത എങ്ങനെയുള്ളതാണ്? വിജയകരവും സഫലവുമായ ജീവിതത്തിനുള്ള യാത്രയെ പ്രകാശപൂർണമാക്കുന്ന സുശക്തമായ ഈ പ്രകാശത്തിന്റെ ഉത്പത്തിയെന്താണ്?

# നാം സ്നേഹത്തിൽ വിശ്വസിച്ചിരിക്കുന്നു

*(cf 1 യോഹ 4:16)*

### *അബ്രാഹം: വിശ്വാസത്തിൽ നമ്മുടെ പിതാവ്*

**8.** വിശ്വാസം നമ്മുടെ മുമ്പിൽ വഴി തുറക്കുകയും കാലത്തിലൂടെയുള്ള നമ്മുടെ കാൽവയ്പുകളോടൊപ്പം സഞ്ചരിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, വിശ്വാസം എന്താണെന്ന് മനസ്സിലാക്കാൻ നമ്മൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിന്റെ സഞ്ചാരപഥം, വിശ്വാസികൾ സഞ്ചരിച്ച വഴി, നാം പിൻചെല്ലണം. അത് പഴയ നിയമത്തിൽ ആദ്യമേ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടല്ലോ – വിശ്വാസത്തിൽ നമ്മുടെ പിതാവായ അബ്രാഹത്തിന് ഇവിടെ അതുല്യമായ സ്ഥാനമുണ്ട്. അദ്ദേഹത്തിന്റെ ജീവിതത്തിൽ അസ്വസ്ഥതയുണ്ടാക്കുന്ന ഒരു സംഭവമുണ്ടാ

കുന്നു: ദൈവം അദ്ദേഹത്തോടു സംസാരിക്കുന്നു; സംസാരിക്കുകയും പേരുവിളിക്കുകയും ചെയ്യുന്ന ഒരു ദൈവമായി അവിടന്ന് സ്വയം വെളിപ്പെടുത്തുന്നു.

വിശ്വാസം കേൾവിയോടു ബന്ധപ്പെട്ടിരിക്കുന്നു. അബ്രാഹം ദൈവത്തെ കാണുന്നില്ല. പക്ഷേ, അവിടത്തെ സ്വരം കേൾക്കുന്നു. അങ്ങനെ വിശ്വാസം വ്യക്തിപരമായ ഒരു തലം സ്വീകരിക്കുന്നു. ദൈവം ഒരു പ്രത്യേക സ്ഥലത്തിന്റെ ദേവനല്ല; സവിശേഷമായ ഒരു സമയത്തോടു ബന്ധപ്പെട്ടിരിക്കുന്ന ഒരു ദേവതയുമല്ല. പിന്നെയോ, വ്യക്തിയുടെ ദൈവമാണ്; അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാണ്. മനുഷ്യനോടു പ്രതികരിക്കാനും മനുഷ്യനുമായി ഒരു ഉടമ്പടി സ്ഥാപിക്കാനും കഴിവുള്ളവനാണ്, അവിടന്ന്. വ്യക്തിപരമായി നമ്മോട് ഇടപെടുന്ന ഒരു വചനത്തോടുള്ള – നമ്മെ പേരു ചൊല്ലി വിളിക്കുന്ന 'അവിടത്തോടുള്ള' നമ്മുടെ പ്രത്യുത്തരമാണ് വിശ്വാസം.

**9.** അബ്രാഹത്തോടു പറയപ്പെട്ട വചനം ഒരു വിളിയും വാഗ്ദാനവും ഉൾക്കൊള്ളുന്നുണ്ട്. ഒന്നാമതായി, അദ്ദേഹത്തിന്റെ സ്വന്തം നാട് ഉപേക്ഷിക്കാനുള്ള വിളിയാണത്; പുതിയ ഒരു ജീവിതത്തിലേക്കുള്ള ഔദ്യോഗിക വിളി, മുൻകൂട്ടി കാണാൻ കഴിയാത്ത ഒരു ഭാവിയെ ചൂണ്ടിക്കാണിക്കുന്ന ഒരു പുറപ്പാടിന്റെ തുടക്കം. വിശ്വാസം അബ്രാഹത്തിനു നല്കുന്ന കാഴ്ച എപ്പോഴും ഒരുപടി മുന്നോട്ടു വയ്ക്കുന്നതിന്റെ ആവശ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു: യാത്ര ചെയ്യുന്നിടത്തോളം വിശ്വാസം 'കാണുന്നു'; ദൈവത്തിന്റെ വചനം തുറന്നു തരുന്ന ചക്രവാളങ്ങളിലേക്കു പ്രവേശിക്കാൻ തീരുമാനിക്കുന്നതനുസരിച്ച് വിശ്വാസം 'കാണുന്നു'. ഈ വചനം ഒരു വാഗ്ദാനം കൂടി ഉൾക്കൊള്ളുന്നുണ്ട്: നിന്റെ സന്തതികൾ സംഖ്യയിൽ വലുതായിരിക്കും, നീ വലിയൊരു ജനതയുടെ പിതാവായിത്തീരും (cf ഉത്പ 13:16; 15:5; 22:17). മുമ്പേ ഉണ്ടായ വചനത്തോ

ടുള്ള പ്രത്യുത്തരമെന്ന നിലയിൽ അബ്രാഹത്തിന്റെ വിശ്വാസം എപ്പോഴും സ്മരണയുടെ ഒരു കർമമായിരിക്കും. എന്നാൽ, ഈ സ്മരണ ഭൂതകാലസംഭവങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല, മറിച്ച് ഒരു വാഗ്ദാനത്തിന്റെ സ്മരണയെന്ന നിലയിൽ, ചരിക്കേണ്ട വഴിയിൽ വെളിച്ചം വീശിക്കൊണ്ട് ഭാവിയെ തുറന്നിടാൻ അത് പ്രാപ്തമായിത്തീരുന്നു. അങ്ങനെ ഭാവിയെക്കുറിച്ചുള്ള സ്മരണ (memoria futuri) യെന്ന നിലയിൽ വിശ്വാസം എങ്ങനെ പ്രത്യാശയുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് നാം കാണുന്നു.

**10.** ഈ വചനത്തിന് തന്നെത്തന്നെ സമർപ്പിക്കാനാണ് അബ്രാഹത്തോട് ദൈവം ആവശ്യപ്പെട്ടത്. ഏറെ ഉപരിപ്ലവവും ക്ഷണികവുമെന്നു തോന്നുന്ന ഒരു വചനം വിശ്വസ്തത തന്നെയായ ദൈവത്താൽ പറയപ്പെടുമ്പോൾ സുനിശ്ചിതവും അചഞ്ചലവുമായിത്തീരുന്നുവെന്ന് വിശ്വാസം മനസ്സിലാക്കുന്നു. ചരിത്രത്തിലൂടെയുള്ള നമ്മുടെ യാത്രയുടെ തുടർച്ചയ്ക്ക് ഇത് ഉറപ്പു നല്കുകയും ചെയ്യുന്നു. നമ്മുടെ പടുത്തുയർത്തലിന്റെ അടിസ്ഥാന ഉറപ്പുള്ള പാറയായും

നമുക്കു സഞ്ചരിക്കാവുന്ന നേരേയുള്ള രാജവീഥിയായും ഈ വചനത്തെ വിശ്വാസം സ്വീകരിക്കുന്നു.

ബൈബിളിൽ വിശ്വാസമെന്നതിന് ഹീബ്രുഭാഷയിൽ എമുന എന്നാണു പറയുന്നത്. 'ഉയർത്തിപ്പിടിക്കുക' എന്നർത്ഥമുള്ള ഒരു ധാതുവിൽ നിന്നുണ്ടാകുന്ന അമാൻ എന്ന ക്രിയയിൽ നിന്നാണ് ആ വാക്കുണ്ടാകുന്നത്. എമുനാ എന്ന പദത്തിന് ദൈവത്തിന്റെ വിശ്വസ്തതയെയും മനുഷ്യന്റെ വിശ്വാസത്തെയും സൂചിപ്പിക്കാൻ കഴിയും. വിശ്വസ്തനായ ദൈവത്തിന്റെ കൈകളിൽ സ്വയം സമർപ്പിച്ചുകൊണ്ട് വിശ്വാസത്തിന്റെ മനുഷ്യൻ ശക്തി സമ്പാദിക്കുന്നു. ഈ വാക്കിനുള്ള ഇരട്ട അർത്ഥം ഇതിനു തുല്യമായ പിസ്ത്തോസ് എന്ന ഗ്രീക്കു വാക്കിനും ഫിദേലിസ് എന്ന ലത്തീൻ വാക്കിനുമുണ്ട്. ഈ വാക്കിന്റെ ദ്വയാർത്ഥം ധ്വനിപ്പിച്ചുകൊണ്ട് ജറുസലെമിലെ വിശുദ്ധ സിറിൾ ദൈവത്തിന്റെ സ്വന്തം പേരു സ്വീകരിക്കുന്ന ക്രൈസ്തവന്റെ ശ്രേഷ്ഠതയെ പ്രശംസിക്കുന്നു. രണ്ടുപേരും 'വിശ്വസ്തൻ' എന്നു വിളിക്കപ്പെടുന്നു.[8] വിശുദ്ധ ആഗസ്തീനോസ് ഇങ്ങനെ വിശദീകരിക്കുന്നു: 'ദൈവത്തിലും അവിടത്തെ വാഗ്ദാനങ്ങളിലും വിശ്വസിക്കുമ്പോൾ മനുഷ്യൻ വിശ്വസ്തനാണ്; താൻ വാഗ്ദാനം ചെയ്തത് മനുഷ്യനു നല്കുമ്പോൾ ദൈവം വിശ്വസ്തനാണ്'.[9]

**11.** അബ്രാഹത്തിന്റെ ചരിത്രത്തിലെ അന്തിമ ഘടകം അദ്ദേഹത്തിന്റെ വിശ്വാസം മനസ്സിലാക്കുന്നതിന് സുപ്രധാനമാണ്. ദൈവത്തിന്റെ വചനം നവീനതയും വിസ്മയവും ജനിപ്പിക്കുമ്പോഴും അബ്രാഹത്തിന്റെ അനുഭവത്തിന് അത് ഒട്ടും അന്യമല്ല. തന്റെ അസ്തിത്വത്തിന്റെ അകക്കാമ്പിൽ സദാ സന്നിഹിതമായിരുന്ന അഗാധമായ ഒരു വിളിയെ, തന്നോടു സംസാരിക്കുന്ന ദൈവത്തിന്റെ ശബ്ദത്തിൽ ആ പൂർവപിതാവ് തിരിച്ചറിഞ്ഞു. 'വാഗ്ദാന പൂർണതാ' നിറവായി എപ്പോഴും പരിഗണിക്കപ്പെട്ടിട്ടുള്ള, പുതുജീവിതത്തെ ജനിപ്പിക്കുന്ന മാതൃത്വപിതൃ

ത്വമെന്ന മനുഷ്യജീവിതതലവുമായി ദൈവം തന്റെ വാഗ്ദാന ത്തെ ബന്ധിപ്പിച്ചിരിക്കുന്നു. 'നിന്റെ ഭാര്യ സാറാ തന്നെ നിനക്ക് ഒരു പുത്രനെ പ്രസവിക്കും. നീ അവനെ ഇസഹാക്ക് എന്നു പേരു വിളിക്കും'(ഉത്പ 17:19). അബ്രാഹത്തോട് സമ്പൂർണ വിശ്വസ്തത ആവശ്യപ്പെടുന്ന ദൈവം എല്ലാ ജീവന്റെയും ഉറ വിടമായി തന്നെത്തന്നെ വെളിപ്പെടുത്തുന്നു.

അങ്ങനെ വിശ്വാസം സകല സൃഷ്ടിജാലങ്ങൾക്കും അസ് തിത്വം നല്കുന്ന ദൈവത്തിന്റെ പിതൃത്വവുമായി കോർത്തിണ ക്കപ്പെട്ടിരിക്കുന്നു. അബ്രാഹത്തെ വിളിക്കുന്ന ദൈവം സ്രഷ് ടാവാണ്; 'അസ്തിത്വമില്ലാത്ത വസ്തുക്കളെ അസ്തിത്വത്തി ലേക്കു വിളിക്കുന്ന'വനാണ് (റോമാ 4:17). 'ലോകസ്ഥാപനത്തി നുമുമ്പുതന്നെ നമ്മെ തിരഞ്ഞെടുക്കുകയും നാം തന്റെ പുത്ര രായി ദത്തെടുക്കപ്പെടണമെന്ന് മുൻകൂട്ടി നിശ്ചയിക്കുകയും' (എഫേ 1:4-5) ചെയ്തവനാണ്. അബ്രാഹത്തെ സംബന്ധിച്ചിട ത്തോളം ദൈവത്തിലുള്ള വിശ്വാസം അദ്ദേഹത്തിന്റെ അസ്തി ത്വത്തിന്റെ അഗാധതലങ്ങളിലേക്കു വെളിച്ചം വീശുന്നു. നന്മ യുടെ ഉറവയെ സകല വസ്തുക്കളുടെയും പ്രഭവത്തിൽ തിരിച്ചറിയാൻ അത് അദ്ദേഹത്തെ പ്രാപ്തനാക്കുന്നു. തന്റെ ജീവിതം അസ്തിത്വരാഹിത്യത്തിന്റെയോ ആകസ്മികതയു ടെയോ ഉത്പന്നമല്ല. മറിച്ച്, വ്യക്തിപരമായ ഒരു വിളിയു ടെയും വ്യക്തിപരമായ സ്നേഹത്തിന്റെയും ഫലമാണെന്ന് തിരിച്ചറിയാൻ അതു അദ്ദേഹത്തെ ശക്തനാക്കുന്നു.

അദ്ദേഹത്തെ വിളിച്ച നിഗൂഢനായ ദൈവം അന്യനായ ഒരു ദൈവമല്ല; പിന്നെയോ അസ്തിത്വമുള്ള സകലത്തിന്റെയും ഉറവിടവും ആലംബവുമാണ്. അബ്രാഹത്തിന്റെ വിശ്വാസം നേരിട്ട അഗ്നിപരീക്ഷ - തന്റെ പുത്രൻ ഇസഹാക്കിനെ ബലിയർപ്പിക്കണമെന്നത് - മരണത്തിനപ്പുറത്തുപോലും ജീവൻ ഉറപ്പുവരുത്താൻ കഴിവുള്ള ഈ ആദിമസ്നേഹ ത്തിന്റെ വിസ്തൃതി വ്യക്തമായി കാണിക്കുന്നു: 'മൃതപ്രായ

നായ' ഒരുവന് സാറായുടെ ഗർഭപാത്രത്തിന്റെ 'വന്ധ്യതയിൽ' (cf റോമാ 4:19) പുത്രനെ ഉയർത്താൻ കഴിയുന്ന വാക്കിന് എല്ലാ ഭീഷണിക്കും അപകടത്തിനും അതീതമായി ഒരു ഭാവിയെക്കുറിച്ചുള്ള അവിടത്തെ വാഗ്ദാനത്തോടു വിശ്വസ്തത പുലർത്താനും ആകും (cf ഹെബ്രാ 11:19; റോമാ 4:21).

## *ഇസ്രായേലിന്റെ വിശ്വാസം*

**12.** പുറപ്പാടു ഗ്രന്ഥത്തിൽ കാണുന്ന ഇസ്രായേൽ ജനതയുടെ ചരിത്രം അബ്രാഹത്തിന്റെ വിശ്വാസത്തിന്റെ വഴി പിഞ്ചെല്ലുന്നു. വിശ്വാസം വീണ്ടും ആദിമദാനത്തിൽ നിന്നു ജനിക്കുന്നു: തന്റെ ജനതയെ അവരുടെ ദുരിതത്തിൽ നിന്നു സ്വതന്ത്രരാക്കുമെന്നു വാഗ്ദാനം ചെയ്യുന്ന ദൈവത്തിൽ ഇസ്രായേൽ ആശ്രയിക്കുന്നു. സുദീർഘമായ ഒരു യാത്രയ്ക്കുള്ള വിളിയായിത്തീരുന്നു വിശ്വാസം. ആ യാത്ര സീനായ് മലയിൽ വച്ച് കർത്താവിനെ ആരാധിക്കുന്നതിലേക്കും വാഗ്ദത്തഭൂമിയുടെ അവകാശലബ്ധിയിലേക്കും നയിക്കുന്ന ഒന്നാണ്. യാത്രയിൽ തന്റെ ശിശുവിനെ വഹിച്ചു കൊണ്ടുപോകുന്ന പിതാവിന്റെ സ്നേഹം പോലെയാണ് ദൈവസ്നേഹം (cf നിയമാ 1:31). ഇസ്രായേൽ ജനതയുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ തന്റെ ജനത്തെ സ്വതന്ത്രരാക്കുകയും അവരുടെ വഴികാട്ടിയായി വർത്തിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ വിവരണമായി, ഒരു തലമുറയിൽനിന്ന് അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യുന്ന ഒന്നായി, ഇസ്രായേലിന്റെ വിശ്വാസപ്രഖ്യാപനം രൂപം കൊള്ളും (cf നിയമാ 26:5-11).

മാതാപിതാക്കന്മാരിൽ നിന്ന് അത് കുട്ടികളിലേക്കു കൈമാറ്റം ചെയ്യപ്പെടുകയും ആരാധനയിൽ അനുസ്മരിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യുന്ന കർത്താവിന്റെ ശക്തമായ പ്രവൃത്തികളുടെ സ്മരണയിലൂടെയാണ് ദൈവത്തിന്റെ വെളിച്ചം ഇസ്രായേലിനായി പ്രകാശിക്കുന്നത്. വിശ്വാ

സവെളിച്ചം മൂർത്തമായ ജീവിതകഥകളോടും ദൈവത്തിന്റെ ശക്തമായ പ്രവൃത്തികളെക്കുറിച്ചും അവിടത്തെ വാഗ്ദാനങ്ങളുടെ ക്രമാനുഗതമായ പൂർത്തീകരണത്തെക്കുറിച്ചുമുള്ള കൃതജ്ഞതാനിർഭരമായ ഓർമ്മയോടും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഇവിടെ നാം കാണുന്നു. ഗോഥിക് ശില്പവിദ്യ ഇതിന് വ്യക്തമായ പ്രകാശനം നല്കിയിട്ടുണ്ട്: വലിയ കത്തീഡ്രലുകളിൽ പ്രകാശം സ്വർഗത്തിൽ നിന്ന്, രക്ഷാചരിത്രം ചിത്രീകരിച്ചിരിക്കുന്ന ജാലകങ്ങളിലൂടെ കടന്ന്, താഴേക്കു വരുന്നു. ദൈവത്തിന്റെ പ്രകാശം അവിടത്തെ സ്വയം വെളിപ്പെടുത്തലിന്റെ വിവരണത്തിലൂടെ നമ്മിലേക്ക് വരുന്നു. അങ്ങനെ അവിടത്തെ ദാനങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടും അവിടന്ന് തന്റെ വാഗ്ദാനങ്ങൾ എങ്ങനെ സാക്ഷാത്കരിക്കുന്നുവെന്നു തെളിയിച്ചുകൊണ്ടും കാലത്തിലൂടെയുള്ള നമ്മുടെ യാത്രയെ പ്രകാശിപ്പിക്കാൻ അത് കഴിവുറ്റതായിത്തീരുന്നു.

**13.** ഇസ്രായേലിന്റെ ചരിത്രം, ആ ജനത ഒന്നിലേറെ തവണ വിധേയരായിപ്പോയ അവിശ്വാസത്തിന്റെ പ്രലോഭനത്തെക്കുറിച്ചും നമുക്ക് അറിവുതരുന്നുണ്ട്. ഇവിടെ വിശ്വാസത്തിനു വിരുദ്ധമായതിനെ വിഗ്രഹാരാധനയായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. മോശ സീനായ് മലയിൽ വച്ച് ദൈവത്തോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ജനങ്ങൾക്ക് ദൈവത്തിന്റെ നിഗൂഢതയുടെ രഹസ്യം താങ്ങുവാനാവുന്നില്ല. അവിടത്തെ മുഖം കാണാനുള്ള കാത്തിരിപ്പ് അവർക്ക് അസഹ്യമായി. കാഴ്ച നമുക്കു തരുമെന്ന് തോന്നിക്കുന്നവയുടെ പെട്ടെന്നുള്ള കൈയടക്കൽ ഉപേക്ഷിക്കണം. വിശ്വാസം പ്രകൃത്യാ ആവശ്യപ്പെടുന്ന ഒരു കാര്യമുണ്ട്: തക്കകാലത്ത് തന്നെത്തന്നെ വ്യക്തിപരമായി വെളിപ്പെടുത്തുന്ന മുഖത്തിന്റെ രഹസ്യത്തെ ആദരിച്ചുകൊണ്ട് പ്രകാശത്തിന്റെ ഉറവിടത്തിലേക്കു തിരിയാനുള്ള ക്ഷണമാണത്.

കോക്കിലെ റബ്ബി നല്കിയ വിഗ്രഹാരാധനയുടെ നിർവചനം മാർട്ടിൻ ബൂബർ ഒരിക്കൽ ഉദ്ധരിക്കുകയുണ്ടായി: ‘മുഖമല്ലാത്ത മുഖത്തെ നോക്കി ഒരുമുഖം സംസാരിക്കുമ്പോൾ’[10] ഉണ്ടാകുന്നതാണ് വിഗ്രഹാരാധന. ഇവിടെ ദൈവത്തിൽ വിശ്വസിക്കുന്നതിനു പകരം ഒരു വിഗ്രഹത്തെ ആരാധിക്കുന്നതാണ് കൂടുതൽ നല്ലതെന്ന തോന്നലുണ്ടാകുന്നു. വിഗ്രഹത്തിന്റെ മുഖത്തേക്കു നമുക്ക് നേരിട്ടു നോക്കാം! അതിന്റെ ഉത്പത്തി നമുക്ക് അറിയാം. കാരണം, അത് നമ്മുടെ കൈകളുടെ വേലയാണ്! നമ്മുടെ സുരക്ഷിതത്വം ഉപേക്ഷിക്കാൻ നമ്മോട് ആവശ്യപ്പെടുമെന്ന അപകടസാധ്യത ഒരു വിഗ്രഹത്തിന്റെ മുമ്പിലില്ല. എന്തെന്നാൽ വിഗ്രഹങ്ങൾക്ക് ‘വായ്കളുണ്ട്; പക്ഷേ, അവയ്ക്ക് സംസാരിക്കാൻ കഴിയുകയില്ല’ (സങ്കീ 115:5). യാഥാർത്ഥ്യത്തിന്റെ കേന്ദ്രത്തിൽ നമ്മെത്തന്നെ പ്രതിഷ്ഠിക്കാനും നമ്മുടെതന്നെ കരവേലയെ ആരാധിക്കാനുമുള്ള മുടക്കുന്യായമായിട്ടാണ് വിഗ്രഹങ്ങൾ നിലകൊള്ളുന്നതെന്നു നാം കാണുന്നു.

മനുഷ്യന് തന്റെ അസ്തിത്വത്തെ ഏകീകൃതമാക്കുന്ന മൗലികദിശ നഷ്ടപ്പെടുമ്പോൾ, തന്റെ ആഗ്രഹങ്ങളുടെ ബാഹുല്യത്തിലേക്ക് അവൻ തകർന്നുവീഴുന്നു; വാഗ്ദാനത്തിന്റെ കാലത്തിനായുള്ള കാത്തിരിപ്പ് ഉപേക്ഷിക്കുമ്പോൾ അവന്റെ ജീവിതകഥ പരസ്പരബന്ധമില്ലാത്ത അസംഖ്യം ക്ഷണങ്ങളായി ഛിന്നഭിന്നമായിത്തീരുന്നു. വിഗ്രഹാരാധന എപ്പോഴും ബഹുദേവതാവാദമാണ് - ഒരു യജമാനനിൽ നിന്നു മറ്റൊരു യജമാനനിലേക്കുള്ള ലക്ഷ്യമില്ലാത്ത കടന്നുപോകൽ. വിഗ്രഹാരാധന ഒരു യാത്രയല്ല വാഗ്ദാനം ചെയ്യുന്നത് പിന്നെയോ, ഒരിടത്തും എത്തിക്കാത്ത, ചുറ്റിച്ചുഴലും വഴികളുടെ അതിബാഹുല്യമാണ്. 'നീ എന്നിൽ വിശ്വാസമർപ്പിക്കുക' എന്ന് ആക്രോശിക്കുന്ന അസംഖ്യം വിഗ്രഹങ്ങളിൽ നിന്നുള്ള മുഴക്കമായിരിക്കും ദൈവത്തിൽ വിശ്വാസമർപ്പിക്കാൻ ഇഷ്ടപ്പെടാത്തവർ കേൾക്കേണ്ടിവരുന്നത്. മാനസാന്തരത്തോടു ബന്ധപ്പെട്ടിരിക്കുന്നതിനാൽ വിശ്വാസം വിഗ്രഹാരാധനയ്ക്കു വിപരീതമാണ്. വ്യക്തിപരമായ കണ്ടുമുട്ടലിൽ സജീവനായ ദൈവത്തിലേക്കു തിരിയുന്നതിനുവേണ്ടി വിഗ്രഹങ്ങളുമായുള്ള ബന്ധം വിച്ഛേദിക്കുന്നു.

എപ്പോഴും സ്വീകരിക്കുകയും ക്ഷമിക്കുകയും ചെയ്യുന്ന, നമ്മുടെ ജീവിതങ്ങളെ താങ്ങി നിറുത്തുകയും നയിക്കുകയും ചെയ്യുന്ന, നമ്മുടെ ചരിത്രത്തിന്റെ വളഞ്ഞ വരകളെ നേരെയാക്കാനുള്ള തന്റെ കഴിവു പ്രകടിപ്പിക്കുന്ന കരുണാപൂരിതമായ സ്നേഹത്തിന് സ്വയം ഭരമേല്പിക്കുകയെന്നതാണ് വിശ്വസിക്കുകയെന്നതിന്റെ അർത്ഥം. ദൈവത്തിന്റെ വിളിയാൽ നിരന്തരം രൂപാന്തരപ്പെടാനും നവീകരിക്കപ്പെടാനും സ്വയം സമർപ്പിക്കാനുള്ള സന്നദ്ധതയിലാണ് വിശ്വാസം ഉൾക്കൊണ്ടിരിക്കുന്നത്. ഇവിടെ ഒരു വിരോധാഭാസമുണ്ട്: കർത്താവിലേക്കു നിരന്തരം തിരിയുന്നതുവഴി, വിഗ്രഹങ്ങൾ നമ്മുടെ മേൽ ചുമത്തിയ അരാജകത്വത്തിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുന്ന സുനിശ്ചിതമായ ഒരു വഴി നാം കണ്ടെത്തുന്നു.

**14.** മധ്യസ്ഥനായ മോശയെക്കൂടി ഇസ്രായേലിന്റെ വിശ്വാസത്തിൽ നാം കണ്ടുമുട്ടുന്നുണ്ട്. ദൈവത്തിന്റെ മുഖം ജനത്തിനു കാണാൻ കഴിയുന്നില്ലായിരിക്കാം. മലയിൽ വച്ച് മോശയാണ് യാഹ്‌വേയോടു സംസാരിക്കുന്നതും കർത്താവിന്റെ ഇഷ്ടമെന്തെന്ന് തുടർന്നു ജനത്തോടു പറയുന്നതും. തങ്ങളുടെയിടയിലെ മധ്യസ്ഥന്റെ ഈ സാന്നിധ്യത്തിൽ ഒന്നിച്ച് ഐക്യത്തോടെ യാത്രചെയ്യാൻ ഇസ്രായേൽജനം പഠിക്കുന്നു. വ്യക്തിയുടെ വിശ്വാസപ്രവൃത്തി സമൂഹത്തിൽ, ജനത്തിന്റെ പൊതുവായ 'നമ്മിൽ', സ്ഥാനം കണ്ടെത്തുന്നു. അവർ വിശ്വാസത്തിൽ ഒറ്റവ്യക്തിപോലെയാണ്. ഇസ്രായേൽക്കാരെയെല്ലാം 'എന്റെ പ്രഥമജാതനായ പുത്രൻ' എന്ന് ദൈവം വിശേഷിപ്പിക്കുന്നുണ്ടല്ലോ (cf പുറ 4:22). ഇവിടെ മധ്യസ്ഥത ഒരു തടസ്സമല്ല, ഒരു തുറവാണ്: മറ്റുള്ളവരുമായുള്ള നമ്മുടെ കണ്ടുമുട്ടലിലൂടെ നമ്മുടെ നോട്ടം നമ്മെക്കാൾ വലിയ ഒരു സത്യത്തിലേക്ക് ഉയരുന്നു.

തനിക്കു നേരിട്ട് ദൈവത്തെ കാണാൻ പറ്റുന്നില്ലെന്ന് റൂസോ ഒരിക്കൽ വിലപിച്ചു. അയാൾ പറഞ്ഞു: 'ദൈവത്തിന്റെയും എന്റെയും മധ്യത്തിൽ എത്രയോ മനുഷ്യരാണുള്ളത്!'[11] 'ഷാങ് ഷാക്സ് റൂസോയോടു സംസാരിക്കുന്നതിന് ദൈവം മോശയെ കണ്ടുപിടിക്കുകയെന്നത് യഥാർത്ഥത്തിൽ ലളിതവും സ്വാഭാവികവുമായ ഒരു കാര്യമാണോ?'[12] അറിവിനെ സംബന്ധിച്ച വ്യക്തിഗതവും (Individualistic) സങ്കുചിതവുമായ ധാരണ പുലർത്തുന്നിടത്ത് മധ്യസ്ഥതയുടെ അർത്ഥം – മറ്റൊരാളുടെ വീക്ഷണത്തിൽ പങ്കുചേരാനുള്ള കഴിവ്, സ്നേഹത്തിന്റെ തന്നെ അറിവായിരിക്കുന്ന പങ്കുവയ്ക്കപ്പെട്ട അറിവ് – വിലമതിക്കാനാവില്ല. ദൈവത്തിന്റെ സൗജന്യദാനമാണ് വിശ്വാസം. ദൈവവും മനുഷ്യവംശവുമായുള്ള കണ്ടുമുട്ടലിന്റെ പ്രകാശപൂർണമായ വഴി തന്നെയായ രക്ഷാചരിത്രം കാണാനുള്ള വിനയവും വിശ്വസിക്കാനും സ്വയം സമർപ്പിക്കാനുമുള്ള ധീരതയും അതിന് ആവശ്യമുണ്ട്.

**15.** 'എന്റെ ദിവസം കാണാ'മെന്ന പ്രതീക്ഷയിൽ... അബ്രാഹം ആനന്ദിച്ചു. അവൻ അതു കാണുകയും സന്തോഷിക്കുകയും ചെയ്തു' (യോഹ 8:56). അബ്രാഹത്തിന്റെ വിശ്വാസം യേശുവിലേക്ക് ഉന്മുഖമായിരുന്നു. ഒരർത്ഥത്തിൽ അവിടത്തെ രഹസ്യം അതു മുൻകൂട്ടികണ്ടു. വിശുദ്ധ ആഗസ്തീനോസ് ഇതു മനസ്സിലാക്കിയതുകൊണ്ടാണ് താഴെപ്പറയുന്ന പ്രസ്താവന നടത്തിയത്. 'പൂർവപിതാക്കന്മാർ വിശ്വാസംകൊണ്ടു രക്ഷിക്കപ്പെട്ടു – സമാഗതനായ ക്രിസ്തുവിലുള്ള വിശ്വാസം കൊണ്ടല്ല വരാനിരിക്കുന്ന ക്രിസ്തുവിലുള്ള വിശ്വാസംകൊണ്ട്, ഭാവിയിലെ യേശുസംഭവത്തിലേക്ക് നീങ്ങുന്ന വിശ്വാസംകൊണ്ടു തന്നെ'.[13]

ക്രൈസ്തവവിശ്വാസം യേശുവിൽ കേന്ദ്രീകൃതമാണ്. യേശു കർത്താവാണെന്നും ദൈവം അവിടത്തെ മൃതരിൽ നിന്ന് ഉയിർപ്പിച്ചുവെന്നുമുള്ള ഏറ്റുപറച്ചിലാണത് (cf റോമാ 10:9). പഴയനിയമത്തിലെ എല്ലാ ചിന്താധാരകളും ക്രിസ്തുവിൽ സമന്വയിക്കുന്നു. അവിടന്ന് എല്ലാ വാഗ്ദാനങ്ങൾക്കുമുള്ള സുനിശ്ചിതമായ 'അതേ' ആണ്, ദൈവത്തോടുള്ള നമ്മുടെ ആത്യന്തികമായ 'ആമ്മേൻ' പറച്ചിലിന്റെ അടിസ്ഥാനം ആണ് (cf കോറി 1:20). യേശുവിന്റെ ചരിത്രം ദൈവത്തിന്റെ വിശ്വാസ്യതയുടെ സമ്പൂർണമായ വെളിപ്പെടുത്തലാണ്. തങ്ങളുടെ ഏറ്റുപറച്ചിലിന്റെ കേന്ദ്രമായി ഭവിച്ചതും വിശ്വാസത്തിന്റെ വീക്ഷണം വിശാലമാക്കിയതുമായ ദൈവസ്നേഹത്തിന്റെ മഹത്തായ പ്രവൃത്തികളാണ് ഇസ്രായേൽ ഓർമ്മിച്ചുകൊണ്ടിരിക്കുന്നതെങ്കിൽ, യേശുവിന്റെ ജീവിതമാകട്ടെ, ദൈവത്തിന്റെ ആത്യന്തികമായ ഇടപെടലിന്റെ സ്ഥാനവും നമ്മോടുള്ള അവിടത്തെ സ്നേഹത്തിന്റെ പരമമായ പ്രകാശനവും ആയിരിക്കുന്നു. യേശുവിൽ ദൈവം നമ്മോടു പറയുന്ന വചനം കേവലം അനേകം വാക്കുകളിൽ ഒന്നല്ല. പിന്നെയോ അവി

ടത്തെ നിത്യവചനമാണ് (cf ഹെബ്രാ 1:1-2). വിശുദ്ധ പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ, ദൈവത്തിനു തന്റെ സ്നേഹത്തിന് ഇതിൽ കൂടുതൽ ഗ്യാരണ്ടി നല്കുവാനില്ല (cf റോമാ 8:31-39).

അങ്ങനെ ക്രൈസ്തവവിശ്വാസമെന്നത്, സംപൂർണസ്നേഹത്തിലും അതിന്റെ ഫലദായകശക്തിയിലും, ലോകത്തെ രൂപാന്തരപ്പെടുത്താനും കാലത്തെ പ്രകാശിപ്പിക്കാനുമുള്ള അതിന്റെ കഴിവിലുമുള്ള വിശ്വാസമാണ്. 'ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ നാം വിശ്വസിക്കുകയും ചെയ്തിരിക്കുന്നു' (1 യോഹ 4:16). യേശുവിൽ വെളിവാക്കപ്പെട്ട ദൈവസ്നേഹത്തിലാണ്, എല്ലാ യാഥാർത്ഥ്യവും അതിന്റെ അന്തിമഭാഗധേയവും അടിസ്ഥാനപ്പെടുത്താവുന്ന അടിത്തറ വിശ്വാസം കാണുന്നത്.

**16.** ക്രിസ്തുവിന്റെ സ്നേഹത്തിനുള്ള വിശ്വാസ്യതയുടെ ഏറ്റവും വ്യക്തമായ തെളിവ് നമുക്കുവേണ്ടിയുള്ള അവിടത്തെ മരണത്തിലാണ് കണ്ടെത്തേണ്ടത്. ഒരുവൻ തന്റെ സുഹൃത്തുക്കൾക്കുവേണ്ടി ജീവൻ ത്യജിക്കുന്നത് സ്നേഹത്തിന്റെ പരമമായ തെളിവാണ് (cf യോഹ 15:13). അങ്ങനെയെങ്കിൽ, യേശു എല്ലാവർക്കും വേണ്ടി, തന്റെ ശത്രുക്കൾക്കുവേണ്ടിപോലും, അവരുടെ ഹൃദയം പരിവർത്തനം ചെയ്യിക്കാൻവേണ്ടി, ജീവൻ സമർപ്പിച്ചു. വിശ്വാസവീക്ഷണത്തിന്റെ പരമകാഷ്ഠയായി ക്രിസ്തുവിന്റെ ക്രൂശാരോഹണത്തിന്റെ മണിക്കൂറിനെ സുവിശേഷകന്മാർ കണ്ടത് എന്തുകൊണ്ടാണെന്ന് ഇതു വ്യക്തമാക്കുന്നു. ആ മണിക്കൂറിൽ ദൈവത്തിനുള്ള സ്നേഹത്തിന്റെ ആഴവും വീതിയും പ്രകാശിപ്പിക്കപ്പെട്ടു. അപ്പോഴാണ് വിശുദ്ധ യോഹന്നാൻ, യേശുവിന്റെ അമ്മയോടൊപ്പം മുറിപ്പെടുത്തപ്പെട്ടവനെ ധ്യാനിച്ച് തന്റെ ഉദാത്തമായ സാക്ഷ്യം നല്കിയത് (cf യോഹ 19:37). 'ഇതുകണ്ട ആൾത്തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്...താൻ സത്യ

മാണു പറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു' (യോഹ 19:35).

ദെസ്തെയവ്സ്കിയുടെ 'ദ ഇഡിയറ്റ്' എന്ന കൃതിയിൽ, ഹാൻസ് ഹോൾബെയിൻ ദ് യംഗർ വരച്ച ക്രിസ്തു മരിച്ച് കല്ലറയിൽ കിടക്കുന്ന ചിത്രം മിസ്കിൻ രാജകുമാരൻ കണ്ടിട്ട് പറയുന്നു: 'ആ ചിത്രത്തിലേക്കു നോക്കുന്നത് ഒരുവനു തന്റെ വിശ്വാസം നഷ്ടപ്പെടാൻ കാരണമാകും'.[14] മരണം ക്രിസ്തുവിന്റെ ശരീരത്തിൽ ഏല്പിച്ച വിനാശകരമായ ഫലങ്ങളുടെ ബീഭത്സമായ ചിത്രീകരണമാണ് ആ ചിത്രത്തിലുള്ളത്. എന്നാലും യേശുവിന്റെ മരണത്തെക്കുറിച്ചുള്ള ധ്യാനത്തിലാണ് കൃത്യമായി വിശ്വാസം കൂടുതൽ ശക്തി പ്രാപിക്കുന്നതും കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം സ്വീകരിക്കുന്നതും. അപ്പോഴാണ് വിശ്വാസമെന്നത് ക്രിസ്തുവിനു നമ്മോടുള്ള അചഞ്ചല സ്നേഹത്തിലുള്ള വിശ്വാസമായി വെളിപ്പെടുന്നത്. എന്നെ എന്തുമാത്രം സ്നേഹിക്കുന്നുവെന്ന്

ബോധ്യപ്പെടുത്താൻ വേണ്ടി മരണത്തിനു മുമ്പിൽ പിൻവാങ്ങാത്ത ഈ സ്നേഹത്തിൽ വിശ്വസിക്കുക സാധ്യമാണ്. ക്രിസ്തുവിന്റെ സമ്പൂർണ ആത്മദാനമായ മരണം എല്ലാ സംശയത്തെയും കീഴടക്കുകയും അവിടത്തേക്ക് എന്നെത്തന്നെ പൂർണമായി ഭരമേല്പിക്കാൻ എന്നെ ശക്തനാക്കുകയും ചെയ്യുന്നു.

**17.** ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ വെളിച്ചത്തിലാണ് അവിടത്തെ മരണം ദൈവസ്നേഹത്തിന്റെ തികഞ്ഞ വിശ്വാസ്യത വെളിവാക്കുന്നത്. ഉത്ഥിതനെന്ന നിലയിൽ ക്രിസ്തു വിശ്വാസ്യയോഗ്യനായ വിശ്വസ്ത സാക്ഷിയുമാണ് (cf വെളി 1:5; ഹെബ്രാ 2:17). നമ്മുടെ വിശ്വാസത്തിന് ഉറപ്പുള്ള താങ്ങുമാണ്. 'ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമാണ്' (1 കോറി 15:17) എന്ന് വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നു. പിതാവിന്റെ സ്നേഹം ക്രിസ്തുവിനെ

മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചില്ലായിരുന്നുവെങ്കിൽ, അവിടത്തെ ശരീരത്തിന് ജീവൻ വീണ്ടും നല്കാൻ കഴിയുമായിരുന്നില്ലെങ്കിൽ അത് മരണത്തിന്റെ മ്ലാനതയെ പ്രകാശിപ്പിക്കാൻ കഴിയുന്ന തികച്ചും വിശ്വാസ്യമായ സ്നേഹമാകുമായിരുന്നില്ല.

വിശുദ്ധ പൗലോസ് ശ്ലീഹാ ക്രിസ്തുവിലുള്ള തന്റെ പുതിയ ജീവിതത്തെക്കുറിച്ചു വിവരിക്കുമ്പോൾ 'എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത' (ഗലാ 2:20) ദൈവപുത്രനെപ്പറ്റി പറയുന്നുണ്ട്. 'ദൈവപുത്രനിലുള്ള വിശ്വാസം' എന്നതിന്റെ അർത്ഥം പൗലോസിന് യേശുവിലുള്ള വിശ്വാസമാണെന്നത് വ്യക്തമാണ്. എന്നാൽ, ക്രിസ്തുതന്നെ വിശ്വാസയോഗ്യനാണെന്നതും അതു മുൻകൂട്ടി സങ്കല്പിക്കുന്നുണ്ട്. മരണംവരെ നമ്മെ സ്നേഹിച്ചുവെന്നതിൽ മാത്രമല്ല, അവിടത്തെ ദൈവപുത്രത്വത്തിലും അധിഷ്ഠിതമാണ് ഈ വിശ്വാസയോഗ്യത. യേശു ദൈവപുത്രനായതുകൊണ്ടും അവിടന്ന് പിതാവിൽ പൂർണമായി വേരുറപ്പിച്ചിരിക്കുന്നതുകൊണ്ടും തന്നെയാണ് മരണത്തെ കീഴടക്കാനും ജീവനെ പൂർണതയിൽ പ്രകാശിപ്പിക്കാനും അവിടത്തേക്കു കഴിഞ്ഞത്.

ദൈവത്തിന്റെ സ്പഷ്ടമായ സാന്നിധ്യത്തെക്കുറിച്ചും നമ്മുടെ ലോകത്തിൽ അവിടന്നു നടത്തുന്ന പ്രവർത്തനത്തെക്കുറിച്ചുമുള്ള ബോധം നമ്മുടെ സംസ്കാരത്തിനു നഷ്ടപ്പെട്ടിരിക്കുന്നു. നമ്മുടെ അനുദിനബന്ധങ്ങളിൽ നിന്നു ഏറെ അകന്നു ഈ ലോകത്തിനപ്പുറത്ത് യാഥാർത്ഥ്യത്തിന്റെ മറ്റൊരു തലത്തിലാണ് ദൈവത്തെ കണ്ടെത്തുന്നതെന്നാണ് നാം കരുതുന്നത്. പക്ഷേ, ഇതായിരുന്നു അവസ്ഥയെങ്കിൽ, ലോകത്തിൽ പ്രവർത്തിക്കാൻ ദൈവം അശക്തനായിരുന്നെങ്കിൽ, അവിടത്തെ സ്നേഹം വാസ്തവത്തിൽ ശക്തവും യഥാർത്ഥവും സത്യം പോലും ആകുമായിരുന്നില്ല. അത് വാഗ്ദാനം ചെയ്യുന്ന ആനന്ദം നല്കാൻ കഴിവുള്ള സ്നേഹമായിരിക്കു

കയുമില്ല. നാം അവിടന്നിൽ വിശ്വസിച്ചോ ഇല്ലയോ എന്നത് ഒരു വ്യത്യാസം പോലും വരുത്തുകയുമില്ല. നേരേമറിച്ച്, ക്രൈസ്തവർ ദൈവത്തിന്റെ സ്പർശനീയവും സുശക്തവുമായ സ്നേഹത്തിലുള്ള വിശ്വാസം ഏറ്റുപറയുന്നു. ആ സ്നേഹം യഥാർത്ഥത്തിൽ ചരിത്രത്തിൽ പ്രവർത്തിക്കുന്നതും അതിന്റെ അന്തിമഭാഗധേയം നിശ്ചയിക്കുന്നതുമാണ്. കണ്ടുമുട്ടാനാവുന്നതും ക്രിസ്തുവിന്റെ പീഡാസഹനത്തിലും മരണത്തിലും ഉത്ഥാനത്തിലും പൂർണമായി വെളിവാക്കപ്പെട്ടതുമായ സ്നേഹമാണത്.

**18.** വിശ്വാസത്തിനു യേശുക്രിസ്തു നല്കുന്ന ഈ പൂർണതയ്ക്ക് നിർണായകമായ മറ്റൊരു വശം കൂടിയുണ്ട്. വിശ്വാസത്തെ സംബന്ധിച്ചിടത്തോളം, ദൈവസ്നേഹത്തിന്റെ പരമമായ വെളി 24
പ്പെടലായ ക്രിസ്തു നാം വിശ്വാസമർപ്പിക്കുന്ന കേവലം ഒരു വ്യക്തി മാത്രമല്ല; വിശ്വസിക്കുന്നതിനുവേണ്ടിത്തന്നെ നാം അവിടന്നുമായി ഐക്യപ്പെട്ടിരിക്കുകയും ചെയ്യുന്നു. യേശുവിനെ വെറുതെ ഉറ്റുനോക്കലല്ല വിശ്വാസം; മറിച്ച് യേശു സ്വന്തം കണ്ണുകളാൽ കാണുന്നതുപോലെ എല്ലാം ദർശിക്കുന്ന

താണത്: അവിടത്തെ കാഴ്ചപ്പാടിലുള്ള പങ്കുപറ്റലാണത്. ജീവിതത്തിന്റെ പല മണ്ഡലങ്ങളിലും നമ്മെക്കാൾ കൂടുതൽ അറിവുള്ളവരെ നാം വിശ്വസിക്കാറുണ്ട്. നമ്മുടെ വീടു പണിയുന്ന ആർക്കിടെക്റ്റിനെയും സൗഖ്യത്തിനുവേണ്ടി മരുന്നു തരുന്ന ഫാർമസിസ്റ്റിനെയും കോടതിയിൽ നമുക്കുവേണ്ടി വാദിക്കുന്ന വക്കീലിനെയും നാം വശ്വസിക്കുന്നു. ദൈവത്തെ സംബന്ധിച്ച കാര്യങ്ങളിലും വിശ്വാസ്യനും വിദഗ്ധനുമായ ഒരു വ്യക്തിയെ നമുക്ക് ആവശ്യമുണ്ട്. ദൈവപുത്രനായ യേശു ദൈവത്തെക്കുറിച്ച് നമ്മെ അറിയിക്കുന്ന വ്യക്തിയാണ് (cf യോഹ 1:18). ക്രിസ്തുവിന്റെ ജീവിതം – അവിടന്ന് പിതാവിനെ അറിയുകയും പിതാവുമായി പരിപൂർണ ബന്ധത്തിൽ ജീവിക്കുകയും ചെയ്യുന്ന അവിടത്തെ രീതി – മനുഷ്യാനുഭവത്തിനു പുതിയൊരു വീക്ഷണരീതി തുറന്നു തരുന്നു. നമുക്ക് അവിടേയ്ക്കു കടന്നു ചെല്ലാനാകും.

'വിശ്വസിക്കുക' എന്ന ക്രിയയുടെ വിവിധരൂപങ്ങൾ ഉപയോഗിച്ചുകൊണ്ട് വിശുദ്ധ യോഹന്നാൻ നമ്മുടെ വിശ്വാസത്തിന് യേശുവുമായുള്ള ഒരു വൈയക്തിക ബന്ധത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. യേശു നമ്മോടു പറയുന്നത് സത്യമാണെന്ന് 'വിശ്വസിക്കുന്നതിനു പുറമേ, യേശുവിനെ വിശ്വസിക്കുന്ന'തിനെയും യേശുവിൽ 'വിശ്വസിക്കുന്ന'തിനെയും കുറിച്ച് വിശുദ്ധ യോഹന്നാൻ പറയുന്നു. അവിടത്തെ വാക്കും സാക്ഷ്യവും സ്വീകരിക്കുമ്പോൾ നാം യേശുവിനെ വിശ്വസിക്കുന്നു. എന്തെന്നാൽ അവിടന്ന് സത്യവാനാണ്. നാം യേശുവിനെ വ്യക്തിപരമായി നമ്മുടെ ജീവിതത്തിലേക്കു സ്വാഗതം ചെയ്യുമ്പോഴും അവിടന്നി ലേക്കു സഞ്ചരിക്കുമ്പോഴും സ്നേഹത്തിൽ അവിടത്തോട് ഒട്ടിച്ചേരുമ്പോഴും പാതയിൽ അവിടത്തെ കാലടികളെ പിൻചെല്ലുമ്പോഴും നാം യേശുവിൽ വിശ്വസിക്കുന്നു.

നാം അവിടത്തെ അറിയാനും സ്വീകരിക്കാനും അനുഗമി ക്കാനും വേണ്ടി നമ്മുടെ ശരീരം ദൈവപുത്രൻ സ്വീകരിച്ചു. ഈ വിധത്തിൽ കാലത്തിലൂടെയുള്ള ഒരു യാത്രയുടെ പ ശ്ചാത്തലത്തിൽ, പിതാവിനെക്കുറിച്ചുള്ള അവിടത്തെ വീക്ഷ ണത്തിന് ഒരു മാനുഷിമാനവും കൈവന്നു. ക്രൈസ്തവവി ശ്വാസമെന്നത് ദൈവവചനത്തിന്റെ മനുഷ്യാവതാരത്തിലും അവിടത്തെ ശാരീരിക ഉത്ഥാനത്തിലുമുള്ള വിശ്വാസമാണ്. നമ്മുടെ മാനുഷികചരിത്രത്തിൽ പ്രവേശിക്കത്തക്കവിധം നമ്മോട് ഉറ്റബന്ധമുള്ള ഒരു ദൈവത്തിലുള്ള വിശ്വാസമാ ണത്. നസ്രത്തിലെ യേശുവിൽ മനുഷ്യനായിത്തീർന്ന ദൈവ പുത്രനിലുള്ള നമ്മുടെ വിശ്വാസം നമ്മെ യാഥാർത്ഥ്യത്തിൽ നിന്ന് വേർപെടുത്തുകയല്ല, മറിച്ച് അതിന്റെ അത്യഗാധമായ അർത്ഥം ഗ്രഹിക്കാൻ നമ്മെ സഹായിക്കുകയാണ് ചെയ്യു ന്നത്. ദൈവം ഈ ലോകത്തെ എത്രമാത്രം സ്നേഹിക്കുന്നു വെന്നും അതിനെ തന്നിലേക്കു നിരന്തരം നയിക്കുന്നുവെന്നും ഗ്രഹിക്കാൻ നമ്മെ കഴിവുള്ളവരാക്കുന്നു. ക്രൈസ്തവരെന്ന നിലയിൽ ഇത് നമ്മെ വർധമാനമായ സമർപ്പണബുദ്ധി യോടും തീവ്രതയോടും കൂടി ഈ ലോകത്തിൽ ജീവിതം ന യിക്കാൻപ്രേരിപ്പിക്കുന്നു.

## *വിശ്വാസത്താലുള്ള രക്ഷ*

**19.** യേശു കാര്യങ്ങൾ കാണുന്ന രീതിയിലുള്ള പങ്കുചേരലി ന്റെ അടിസ്ഥാനത്തിൽ വിശുദ്ധ പൗലോസ് വിശ്വാസജീവിത ത്തിന്റെ ഒരു വിവരണം നമുക്കു നല്കിയിട്ടുണ്ട്. വിശ്വാസദാനം സ്വീകരിക്കുന്നത് വഴി വിശ്വാസികൾ ഒരു പുതിയ സൃഷ്ടിയാ യിത്തീരുന്നു; ഒരു പുതിയ അസ്തിത്വം അവർ സ്വീകരിക്കുന്നു. ദൈവത്തിന്റെ മക്കളെന്ന നിലയിൽ അവർ ഇപ്പോൾ 'പുത്രനിൽ പുത്രരാണ്'. യേശുവിന്റെ അനുഭവത്തിന്റെ സവിശേഷതയായ 'അബ്ബാ, പിതാവേ' എന്ന ശൈലി ഇപ്പോൾ ക്രൈസ്തവാനുഭവ ത്തിന്റെ മർമ്മമായിത്തീരുന്നു (cf റോമാ8:15). വിശ്വാസജീവിതം

പുത്രസഹജമായ അസ്തിത്വമെന്ന നിലയിൽ, മനുഷ്യാസ്തിത്വത്തിന്റെ അടിസ്ഥാനമായിരിക്കുന്ന ആദിമവും മൗലികവുമായ ദാനത്തെ അംഗീകരിക്കലാണ്. കൊറിന്തോസുകാരോടുള്ള വിശുദ്ധ പൗലോസിന്റെ ചോദ്യത്തിൽ ഇത് വ്യക്തമായി നാം കാണുന്നു: 'നിങ്ങൾ സ്വീകരിക്കാത്തതായി നിങ്ങൾക്ക് എന്താണുള്ളത്?' (1 കോറി 4:7). ഫരിസേയരുമായി വിശുദ്ധ പൗലോസ് നടത്തിയ തർക്കത്തിന്റെ മർമ്മം ഇതായിരുന്നു: രക്ഷ നേടുന്നത് വിശ്വാസത്താലാണോ അതോ നിയമത്തിന്റെ പ്രവൃത്തികളാലാണോ? സ്വന്തം പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ ദൈവതിരുമുമ്പാകെ തങ്ങൾ നീതീകരിക്കപ്പെട്ടവരാണെന്നു കരുതുന്നവരുടെ മനോഭാവത്തെ പൗലോസു തള്ളിക്കളയുന്നു. അത്തരം ആളുകൾ കല്പനകൾ അനുസരിക്കുകയും സത്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുമ്പോൾപോലും അവർ തങ്ങളെത്തന്നെ കേന്ദ്രസ്ഥാനത്തു നിറുത്തുന്നു. നന്മയുടെ സ്രോതസ് ദൈവമാണെന്ന് അവർ തിരിച്ചറിയുന്നില്ല.

ഈ വിധത്തിൽ ജീവിക്കുന്നവർ, സ്വയം നീതിയുടെ ഉറവിടം ആയിരിക്കാൻ ആഗ്രഹിക്കുന്നവർ, സ്വന്തം നീതി പെട്ടെന്നു തകരുന്നുവെന്നും നിയമം പാലിക്കാൻ പോലും തങ്ങൾക്കു കഴിവില്ലെന്നും വേഗം മനസ്സിലാക്കും. അവർ തങ്ങളിൽത്തന്നെ അടച്ചുമൂടിക്കഴിയുന്നവരായിത്തീരും. കർത്താവിൽ നിന്നും മറ്റുള്ളവരിൽനിന്നും ഒറ്റപ്പെട്ടവരായിത്തീരും. ഇക്കാരണത്താൽ വെള്ളത്തിൽ നിന്ന് അകന്നു നില്ക്കുന്ന മരംപോലെഅവരുടെ ജീവിതം ഫലശൂന്യവും അവരുടെ പ്രവൃത്തികൾ വന്ധ്യവുമായിത്തീരും.

വിശുദ്ധ ആഗസ്തീനോസ് സ്വതസിദ്ധമായ ശൈലിയിൽ, സംക്ഷിപ്തവും ശ്രദ്ധേയവുമായ വിധത്തിൽ, ഇപ്രകാരം പറഞ്ഞു: 'നിന്നെ സൃഷ്ടിച്ചവനിൽ നിന്ന് നീ പിന്തിരിഞ്ഞു പോകരുത്, നിന്നിലേക്കു തിരിയാൻവേണ്ടിപ്പോലും' *(Ab eo qui fecit te, noli deficere nec ad te).*[15] ദൈവത്തിൽ നിന്നു പിന്തിരി

യുന്നതിലൂടെ ഞാൻ എന്നെത്തന്നെ കണ്ടെത്തുമെന്ന് ഞാൻ ചിന്തിക്കുമ്പോൾത്തന്നെ എന്റെ ജീവിതം തകരാൻ തുടങ്ങുന്നു (cf ലൂക്കാ 15:11-24). നമുക്കു മുമ്പേ ഉള്ള ഒന്നിനോടു പുലർത്തുന്ന തുറവ് ആണ് രക്ഷയുടെ ആരംഭം. ഈ ദാനത്തിലേക്ക് തുറവുള്ളവരായിരിക്കുകയും ഇതിനെ അംഗീകരിക്കുകയും ചെയ്യുന്നതു വഴി മാത്രമേ നമുക്കു രൂപാന്തരപ്പെടാനും രക്ഷ അനുഭവിക്കാനും സത്ഫലങ്ങൾ പുറപ്പെടുത്താനും സാധിക്കുകയുള്ളൂ. വിശ്വാസംമൂലമുള്ള രക്ഷയെന്നതിന്റെ അർത്ഥം ദൈവദാനത്തിന്റെ പ്രാഥമ്യത്തെ അംഗീകരിക്കുകയെന്നതാണ്. വിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നതുപോലെ തന്നെ: 'വിശ്വാസം വഴി കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്' (എഫേ 2:8).

**20.** വിശ്വാസത്തിന്റെ പുതിയ കാഴ്ചപ്പാട് ക്രിസ്തു കേന്ദ്രീകൃതമാണ്. ക്രിസ്തു വിശ്വാസം നമ്മെ രക്ഷിക്കുന്നു. എന്തെന്നാൽ അവിടന്നിലാണ് നമ്മുടെ ജീവിതം നമുക്കു മുമ്പേ ഉള്ളതും നമ്മെ ഉള്ളിൽ നിന്നു രൂപാന്തരപ്പെടുത്തുന്നമായ ഒരു സ്നേഹത്തിലേക്ക് മൗലികമായി തുറക്കുന്നത്. നമ്മിലും നമ്മിലൂടെയും പ്രവർത്തിക്കുന്ന സ്നേഹമാണത്. നിയമാവർത്തനഗ്രന്ഥത്തിലെ ഒരു പാഠത്തിന് വിശുദ്ധ പൗലോസു നല്കുന്ന വ്യാഖ്യാനത്തിൽ ഇതു വ്യക്തമായി കാണാം. പഴയ നിയമസന്ദേശത്തിന്റെ കേന്ദ്രത്തോടു യോജിക്കുന്ന ഒരു വ്യാഖ്യാനമാണത്. ദൈവത്തിന്റെ കല്പന ഏറെ ഉയരത്തിലോ ഏറെ അകലത്തിലോ അല്ലെന്ന് മോശ ജനത്തോടു പറയുന്നു. 'നമുക്കുവേണ്ടി ആര് സ്വർഗത്തിലേക്കു കയറിച്ചെന്ന് അതു നമുക്കു കൊണ്ടുവന്നു തരും?' എന്നോ 'ആരു കടലിനക്കരെപ്പോയി അതു നമുക്കു കൊണ്ടുവന്നുതരും?' എന്നോ (നിയമാ 30:11-14) പറയേണ്ടതില്ല. പൗലോസ് ശ്ലീഹ ദൈവവചനത്തിന്റെ ഈ സാമീപ്യത്തെ ക്രിസ്ത്യാനിയിലുള്ള ക്രിസ്തുവിന്റെ സാന്നിധ്യത്തിന്റെ ഭാഷയിലാണ് വ്യാഖ്യാനിക്കുന്നത്: 'ആരു

സ്വർഗത്തിലേക്കു കയറും?' (അതായത് ക്രിസ്തുവിനെ മൃതരിൽനിന്ന് ഉയർത്തിക്കൊണ്ടുവരാൻ) അഥവാ ആര് പാതാളത്തിലേക്കു ഇറങ്ങും (ക്രിസ്തുവിനെ മരിച്ചവരിൽ നിന്ന് ഉയർത്താൻ) എന്നിങ്ങനെ നിങ്ങളുടെ ഹൃദയത്തിൽ പറയരുത് (റോമാ 10:6–7).

ക്രിസ്തു ഭൂമിയിലേക്ക് ഇറങ്ങിവന്നു. മൃതരിൽ നിന്ന് ഉയിർക്കുകയും ചെയ്തു. ദൈവപുത്രൻ തന്റെ മനുഷ്യാവതാരവും ഉത്ഥാനവും വഴി മുഴുവൻ മനുഷ്യജീവിതത്തെയും ചരിത്രത്തെയും ആശ്ലേഷിച്ചു. ഇപ്പോൾ പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ വസിക്കുകയും ചെയ്യുന്നു. ദൈവം നമ്മുടെ സമീപത്തേക്കു വന്നുവെന്നും ക്രിസ്തു വലിയൊരു ദാനമായി നമുക്കു നല്കപ്പെട്ടിരിക്കുന്നുവെന്നും വിശ്വാസം അറിയുന്നു. മഹത്തായ ആ ദാനം നമ്മെ ആന്തരികമായി രൂപാന്തരപ്പെടുത്തുകയും നമ്മിൽ നിവസിക്കുകയും അങ്ങനെ ജീവിതത്തിന്റെ ഉദ്ഭവവും അവസാനവും – മനുഷ്യപ്രയാണത്തിന്റെ മുഴുവൻ കാലസീമയും – പ്രകാശിപ്പിക്കുന്ന വെളിച്ചം നമുക്കു നല്കുകയും ചെയ്യുന്നു.

**21.** അപ്പോൾ, വിശ്വാസം നമ്മെ കൊണ്ടെത്തിക്കുന്ന പുതുമ ഗ്രഹിക്കാൻ നമുക്കു സാധിക്കും. വിശ്വസിക്കുന്നവർ സ്നേഹത്താൽ രൂപാന്തരീകൃതരാകുന്നു. ആ സ്നേഹത്തിലേക്ക് വിശ്വാസത്തിൽ ഹൃദയം തുറന്നവരാണ് അവർ. ആദിമസ്നേഹത്തിന്റെ ഈ വാഗ്ദാനത്തിലേക്കുള്ള അവരുടെ തുറവുമൂലം അവരുടെ ജീവിതം വർദ്ധിതവും വിപുലവുമായിത്തീർന്നു: 'ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, പിന്നെയോ ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്' (ഗലാ 2:20); 'ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വിശ്വാസത്തിലൂടെ നിവസിക്കട്ടെ' (എഫേ 3:17). വിശ്വാസത്തിൽ, യേശുവെന്ന അപരന് വസിക്കാനായി വിശ്വാസിയുടെ 'ഞാൻ' ബോധം വികസിക്കുന്നു. അതോടെ 'ഞാൻ' ഈ 'അപരനി'ൽ വസിക്കുകയും ചെയ്യുന്നു.

അത് ഇപ്പോൾ ഈ അപരനിൽ ജീവിക്കുന്നു. അങ്ങനെ, വിശ്വാസിയുടെ ജീവിതം സ്നേഹത്തിൽ വിസ്തൃതമാകുന്നു. ഇവിടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തന്നെയാണ് നാം കാണുന്നത്. ക്രൈസ്തവന് യേശുവിന്റെ കണ്ണുകൊണ്ടു കാണാനും അവിടത്തെ ഹൃദയവികാരങ്ങളെ സ്വന്തമാക്കാനും അവിടത്തെ പുത്രസഹജമായ മനോഭാവത്തിൽ പങ്കുചേരാനും കഴിയുന്നു. എന്തെന്നാൽ ക്രിസ്ത്യാനി അവിടത്തെ സ്നേഹം തന്നെയായ പരിശുദ്ധാത്മാവിൽ പങ്കുചേരുന്നു. ഈ സ്നേഹത്തിലാണ് യേശുവിന്റെ തന്നെ വീക്ഷണം ഒരു പ്രത്യേകതരത്തിൽ നാം സ്വീകരിക്കുന്നത്. സ്നേഹത്തിൽ അവിടത്തോട് അനുരൂപപ്പെടാതെ, ഈ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ നിവേശിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യമില്ലാതെ (റോമാ 5/5), കർത്താവായി അവിടത്തെ ഏറ്റുപറയാൻ സാധ്യമല്ല (cf 1 കോറി 12:3).

### *വിശ്വാസത്തിന്റെ സഭാത്മകരൂപം*

**22.** ഇങ്ങനെ വിശ്വാസിയുടെ ജീവിതം ഒരു സഭാത്മക അസ്തിത്വമായി ഭവിക്കുന്നു. സഭയിൽ നയി

ക്കപ്പെടുന്ന ഒരു ജീവിതമായിത്തീരുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാം ഒറ്റ ശരീരമാണന്ന് വിശുദ്ധ പൗലോസ് റോമായിലെ ക്രിസ്ത്യാനികളോടു പറയുമ്പോൾ, ഇക്കാര്യത്തിൽ അഹങ്കരിക്കരുതെന്നു താക്കീതു ചെയ്യുന്നു. പകരം, 'ദൈവം ഓരോരുത്തർക്കും നല്കിയിരിക്കുന്ന വിശ്വാസത്തിന്റെ അളവനുസരിച്ച് വിവേകപൂർവം ചിന്തിക്കണം' (cf റോമാ 12:3). വിശ്വസിക്കുന്നവർ തങ്ങൾ ഏറ്റുപറയുന്ന വിശ്വാസത്തിന്റെ വെളിച്ചത്തിലാണ് തങ്ങളെത്തന്നെ കാണുന്നത്: തങ്ങളുടെ പ്രതിഛായ പൂർണമായി സാക്ഷാത്കരിക്കപ്പെട്ടതായി അവർ കാണുന്നത് ക്രിസ്തു ആകുന്ന കണ്ണാടിയിലാണ്. തന്നിൽ വിശ്വസിക്കുന്ന എല്ലാവരെയും ക്രിസ്തു തന്നിലേക്കു ചേർക്കുകയും അവരെ തന്റെ ശരീരമാക്കുകയും ചെയ്യുന്നതുപോലെ ഒരു ക്രിസ്ത്യാനി തന്നെത്തന്നെ മറ്റു സകല വിശ്വാസികളോടുമുള്ള സത്താപരമായ ബന്ധത്തിൽ ശരീരത്തിന്റെ അവയവമായി സ്വയം കാണുന്നു.

ശരീരത്തിന്റെ ഉപമകൊണ്ട്, അജ്ഞാതമായ ഏതോ ഒരു പൂർണശരീരത്തിന്റെ ഭാഗം മാത്രമാണ് ഒരു വിശ്വാസി എന്ന് അർത്ഥമാക്കുന്നില്ല; വലിയൊരു യന്ത്രത്തിലെ വെറും പൽച്ചക്രമാണെന്നും അർത്ഥമാക്കുന്നില്ല. മറിച്ച്, അതു ക്രിസ്തുവിന് വിശ്വാസികളോടുള്ളതും വിശ്വാസികൾക്ക് പരസ്പരമുള്ളതുമായ ജൈവബന്ധമാണ് അത് വെളിപ്പെടുത്തുന്നത് (cf റോമ 12:4-5). 'ക്രിസ്ത്യാനികൾ' ഒന്നാണ് (cf ഗലാ 3:28); എന്നാലും തങ്ങളുടെ വ്യക്തിത്വം നഷ്ടപ്പെടുത്താത്ത രീതിയിലാണ് ക്രൈസ്തവർ 'ഒന്നാ'യിരിക്കുന്നത്. അപരർക്കു ചെയ്യുന്ന ശുശ്രൂഷയിലാണ് ഓരോരുത്തരും തങ്ങളുടെ സത്തയുടെ സാക്ഷാത്കാരം തേടുന്നത്.

ഈ ശരീരത്തിൽ നിന്നകന്ന്, ക്രിസ്തുവിലുള്ള സഭയുടെ ഈ ഐക്യത്തിനു പുറത്ത് – റൊമാനോ ഗാർദിനി പറയുന്നതുപോലെ – 'ലോകത്തിനു മേലുള്ള ക്രിസ്തുവിന്റെ പൂർണതയുള്ള ദർശനത്തിന്റെ ചരിത്രത്തിലെ സംവാഹക'[16]യായ

ഈ സഭയ്ക്കു പുറത്ത്, വിശ്വാസത്തിന്റെ അളവുകോൽ നഷ്ടപ്പെടുന്നതെന്തുകൊണ്ടാണെന്ന് വിശദീകരിക്കാൻ ഇതിനു കഴിയും. വിശ്വാസത്തിന് അതിന്റെ സന്തുലിതാവസ്ഥ – നിലനില്ക്കാനാവശ്യമായ ഇടം – കണ്ടെത്താൻ കഴിയാതെ വരുന്നു.

വിശ്വാസം നിർബന്ധമായും സഭാത്മകമാണ്; വിശ്വാസികളുടെ മൂർത്തമായ കൂട്ടായ്മയെന്ന നിലയിൽ ക്രിസ്തുവിന്റെ ശരീരത്തിനകത്തുനിന്നുകൊണ്ടാണ് അത് പ്രഘോഷിക്കപ്പെടുന്നത്. ഈ സഭാത്മക പശ്ചാത്തലത്തിലാണ് വിശ്വാസം ഒരു ക്രിസ്ത്യാനിയെ മറ്റുള്ളവരിലേക്ക് തുറവുള്ളവനാക്കുന്നത്. ക്രിസ്ത്യാനിയുടെ ഹൃദയത്തിൽ ക്രിസ്തുവിന്റെ വചനത്തിന്റെ ആന്തരികശക്തിയുടെ പ്രവർത്തനത്താൽ ഒരിക്കൽ കേൾക്കപ്പെടുന്ന വചനം പിന്നീട് ഒരു പ്രത്യുത്തരമായി, ഒരു സംസാരിക്കപ്പെടുന്ന വചനമായി, ഒരു വിശ്വാസപ്രഖ്യാപനമായിത്തീരുന്നു. വിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നതുപോലെ 'മനുഷ്യൻ ഹൃദയം കൊണ്ടു വിശ്വസിക്കുകയും...അധരം കൊണ്ടു ഏറ്റുപറയുകയും... ചെയ്യുന്നു' (റോമാ 10:10).

വിശ്വാസം ഒരു സ്വകാര്യവിഷയമോ തീർത്തും വ്യക്തിഗതമായ ഒരാശയമോ വ്യക്തിപരമായ ഒരു അഭിപ്രായമോ അല്ല. അത് കേൾവിയിൽ നിന്നു വരുന്നു. വാക്കുകളിലൂടെ പ്രകാശനം കണ്ടെത്താനും പ്രഘോഷിക്കപ്പെടാനുമുള്ളതാണത്. എന്തെന്നാൽ, 'അവർ ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രഘോഷകനില്ലാതെ അവർ എങ്ങനെ കേൾക്കും?' (റോമാ 10:14). സ്വീകരിക്കപ്പെട്ട ദാനത്തിന്റെ അടിസ്ഥാനത്തിൽ, അതായത്, ക്രിസ്തുവിലേക്കു നമ്മെ ആകർഷിക്കുന്ന സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ, വിശ്വാസം ക്രൈസ്തവനിൽ പ്രവർത്തനക്ഷമമാകുകയും (cf ഗലാ 5:6) ലോകാവസാനം വരെ സഭ ചരിത്രത്തിലൂടെ നടത്തുന്ന മഹാതീർത്ഥാടനത്തിന്റെ ഭാഗമായിത്തീരാൻ നമ്മെ ശക്തരാക്കുകയും ചെയ്യും. ഈ രീതിയിൽ പരിവർത്തിതരായിത്തീർന്നവർക്കു പുതിയൊരു വീക്ഷണഗതി തുറന്നുകിട്ടുന്നു; വിശ്വാസം അവരുടെ കണ്ണുകൾക്കുള്ള വെളിച്ചമായിത്തീരുന്നു.

# നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കു മനസ്സിലാകുകയില്ല.

*(cf ഏശയ്യ 7:9)*

## *വിശ്വാസവും സത്യവും*

**23.** നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കു മനസ്സിലാകുകയില്ല (cf ഏശയ്യ 7:9). ഹീബ്രു ബൈബിളിന് അലക്സാൺഡ്രിയായിൽ ഗ്രീക്കുഭാഷയിൽ നിർമ്മിച്ച സെപ്ത്വാജിന്ത് എന്ന വിവർത്തനത്തിൽ ആഹാസ് രാജാവിനോട് ഏശയ്യാ പ്രവാചകൻ പറഞ്ഞ വാക്കുകൾക്ക് മുകളിൽ പറഞ്ഞ തർജ്ജമയാണ് നൽകിയിട്ടുള്ളത്. ഇങ്ങനെ സത്യത്തെക്കുറിച്ചുള്ള അറിവ് എന്ന വിഷയം വിശ്വാസത്തെ സംബന്ധിച്ചിടത്തോളം കേന്ദ്രീകൃതമായിരിക്കുന്നു. ഹീബ്രുപാഠത്തിൽ വ്യത്യസ്തമായിട്ടാണു കാണുന്നതെങ്കിലും പ്രവാചകൻ രാജാവിനോടു പറയുന്നു: “നീ

വിശ്വസിക്കുന്നില്ലെങ്കിൽ നീ സുസ്ഥാപിതനായിരിക്കുകയില്ല". ഇവിടെ വാക്കുകൾ കൊണ്ടുള്ള കളിയുണ്ട്. അമാൻ എന്ന ഹീബ്രു ക്രിയയ്ക്കുള്ള രണ്ട് അർത്ഥങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് അങ്ങനെ ചെയ്തിരിക്കുന്നത്. ആ ക്രിയയ്ക്ക് "നീ വിശ്വസിക്കും" (താ അമിനു) എന്നും "നീ സ്ഥാപിക്കപ്പെടും' (തേ ആമേനു) എന്നും അർത്ഥമുണ്ട്.

ആഹാസ് രാജാവ് ശത്രുക്കളുടെ ശക്തി കണ്ട് അത്യന്തം ഭയപ്പെട്ടു. അസീറിയൻ മഹാസാമ്രാജ്യവുമായി സഖ്യം ചെയ്താൽ ഉണ്ടാകാവുന്ന സുരക്ഷിതത്വമാണ് രാജാവ് അന്വേഷിക്കുന്നത്. നേരേമറിച്ച്, പ്രവാചകൻ പറയുന്നത് ഇസ്രായേലിന്റെ ദൈവമായ ഉറപ്പുള്ള, സ്ഥിരതയുള്ള പാറയിൽ പൂർണമായി ആശ്രയിക്കുകയാണ് വേണ്ടതെന്നാണ്. ദൈവം വിശ്വാസയോഗ്യനാണ്. അതുകൊണ്ട് ദൈവത്തിൽ വിശ്വാസമുണ്ടായിരിക്കുക യെന്നതും അവിടത്തെ വചനം മുറുകെപ്പിടിക്കുകയെന്നതും യുക്തിസഹമാണ്. ഏശയ്യ പിന്നീട് ഒരു വാചകത്തിൽ രണ്ടു പ്രാവശ്യം "ആമ്മേൻ ആയ ദൈവം", "സത്യത്തിന്റെ ദൈവം" (cf ഏശയ്യാ 65:16) എന്നിങ്ങനെ വിളിക്കുന്നത് ഇതേ ദൈവത്തെയാണ്. അവിടന്ന് ഉടമ്പടിപരമായ വിശ്വസ്തതയുടെ സ്ഥായിയായ അടിത്തറയാണ്.

ബൈബിളിന്റെ ഗ്രീക്കു വിവർത്തനത്തിൽ "സ്ഥാപിക്കപ്പെട്ടതായിരിക്കുക"യെന്നത് "മനസ്സിലാക്കുക"യെന്ന് വിവർത്തനം ചെയ്തതു വഴി പാഠത്തിന്റെ അർത്ഥത്തെ ആഴത്തിൽ മാറ്റിയിരിക്കുകയാണ്. ദൈവത്തിൽ വിശ്വസിച്ച് ആശ്രയിക്കുകയെന്ന ബൈബിൾപരമായ ആശയത്തിൽ നിന്ന് അകന്നുമാറി ബുദ്ധിപരമായ ഗ്രഹിക്കൽ എന്ന ഗ്രീക്ക് ആശയത്തിലേക്കു നീങ്ങിയിരിക്കുകയാണ്. ഈ വിവർത്തനം തീർച്ചയായും ഗ്രീക്കുസംസ്കാരവുമായുള്ള സംവാദത്തെ പ്രതിഫലിപ്പിക്കുന്നതാണ്. എന്നാലും, ഹീബ്രുപാഠത്തിൽ അന്തർലീനമായിരിക്കുന്ന ചൈതന്യത്തിന് അത് അന്യമല്ല. ഏശയ്യാ പ്രവാചകൻ രാജാവിനു

വാഗ്ദാനം ചെയ്യുന്ന ഉറപ്പുള്ള അടിസ്ഥാനം ദൈവത്തിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള ധാരണയിലും മനുഷ്യജീവിതത്തിനും തന്റെ ജനതയുടെ ചരിത്രത്തിനും അവിടന്നു നല്കുന്ന ഐക്യത്തിലും തീർച്ചയായും അടിയുറപ്പിച്ചിരിക്കുന്നതാണ്.

ദൈവത്തിന്റെ വിശ്വസ്തതയിൽ യുഗങ്ങളെ ഭരിക്കുന്ന ദൈവത്തിന്റെ ജ്ഞാനപൂർണ്ണമായ പദ്ധതി കണ്ടുകൊണ്ട് ദൈവത്തിന്റെ വഴികൾ മനസ്സിലാക്കാൻ പ്രവാചകൻ രാജാവിനെയും, നമ്മെയും, വെല്ലുവിളിക്കുന്നു. “മനസ്സിലാക്കൽ,” “സ്ഥാപിതമായിരിക്കൽ” എന്നീ ആശയങ്ങളുടെ ഈ ഉദ്ഗ്രഥനത്തെ, “ഏറ്റുപറച്ചിലുകൾ” (Confessions) എന്ന തന്റെ ആത്മകഥയിൽ വിശുദ്ധ ആഗസ്തീനോസ് സ്വീകരിച്ചിട്ടുണ്ട്. സുസ്ഥിരം നിലകൊള്ളേണ്ടതിന് ഒരുവൻ ആശ്രയിക്കേണ്ട സത്യത്തെപ്പറ്റി പറയുമ്പോഴാണ് അങ്ങനെ ചെയ്യുന്നത്: “അപ്പോൾ ഞാൻ അങ്ങയുടെ സത്യത്തിന്റെ മൂശയിലിട്ട്, വാർത്തെടുത്ത് ഉറപ്പുള്ളവനായി നിലകൊള്ളും.”17 ബൈബിൾ വ്യക്തമാക്കുന്നതുപോലെ, ചരിത്രത്തിൽ ഉടനീളമുള്ള ദൈവത്തിന്റെ വിശ്വസ്ത സാന്നിധ്യവും കാലങ്ങളെയും യുഗങ്ങളെയും ഒന്നിപ്പിച്ചുനിറുത്താനും നമ്മുടെ ജീവിതങ്ങളുടെ ചിതറിക്കപ്പെട്ട ഇഴകളെ ഒന്നിച്ചു ചേർക്കാനുമുള്ള അവിടത്തെ കഴിവുമാണ് ദൈവത്തിന്റെ വിശ്വാസയോഗ്യമായ ഈ സത്യമെന്ന് കാണിക്കാനാണ് ആഗസ്തീനോസ് ഉദ്ദേശിക്കുന്നത്.18 സാഹചര്യത്തിൽ നിന്നു നമുക്കതു ഗ്രഹിക്കാം.

**24.** ഈ പ്രകാശത്തിൽ വായിക്കുമ്പോൾ, പ്രവാചകപരമായ ഈ പാഠം നമ്മെ ഒരു നിഗമനത്തിലേക്കു നയിക്കുന്നു: നമുക്ക് അറിവ് ആവശ്യമാണ്, നമുക്ക് സത്യം ആവശ്യമാണ്. എന്തെന്നാൽ ഇവ കൂടാതെ നമുക്ക് ഉറച്ചുനില്ക്കാനാവുകയില്ല. നമുക്ക് മുന്നോട്ടു നീങ്ങാൻ സാധിക്കുകയില്ല. സത്യം കൂടാത്ത വിശ്വാസം രക്ഷിക്കുകയില്ല. അതു നമ്മുടെ ചുവടുകളെ സുരക്ഷിതമാക്കുന്നില്ല. അത് മനോഹരമായ ഒരു കഥയായി നില

നില്ക്കും. സന്തോഷത്തിനുവേണ്ടിയുള്ള നമ്മുടെ അഗാധമായ ദാഹത്തിന്റെ പ്രകടിപ്പിക്കലായി നിലകൊള്ളും. നാം സ്വയം വഞ്ചിക്കാൻ ഇഷ്ടപ്പെടുന്നിടത്തോളം നമ്മെ തൃപ്തിപ്പെടുത്താൻ കഴിയുന്ന ഒന്നായി നിലകൊള്ളും. അല്ലെങ്കിൽ ആത്മസന്തോഷവും ആഹ്ലാദവും നല്കുന്ന ഉയർന്ന ഒരു വികാരം മാത്രമായി ചുരുങ്ങും. അത് നമ്മുടെ മനസ്സിന്റെ ചാപല്യങ്ങൾക്കും ഋതുഭേദങ്ങൾക്കും ഇരയായി നിലകൊള്ളും. നിശ്ചയദാർഢ്യത്തോടെ ജീവിതയാത്ര നടത്താൻ കഴിവില്ലാത്തതായിരിക്കും അത്. വിശ്വാസം മുകളിൽപ്പറഞ്ഞതുപോലെ ആയിരുന്നെങ്കിൽ ആഹാസ് രാജാവ് തന്റെ ജീവനെയും രാജ്യത്തിന്റെ സുരക്ഷിതത്വത്തെയും ഒരു വികാരത്തിന്റെ മേൽ പണയം വെയ്ക്കാതിരിക്കുന്നത് ശരിയാകുമായിരുന്നു. പക്ഷേ, വിശ്വാസത്തിനു സത്യത്തോട് ആന്തരികബന്ധമുണ്ട്. അതുകൊണ്ട് പുതിയൊരു പ്രകാശം നല്കാൻ വിശ്വാസത്തിനു കഴിയും. ആ പ്രകാശം രാജാവിന്റെ കണക്കുകൂട്ടലുകളെക്കാൾ ശ്രേഷ്ഠമാണ്. കാരണം, അത് കൂടുതൽ അകലെ കാണുന്നു. തന്റെ ഉടമ്പടിയോടും വാഗ്ദാനങ്ങളോടും വിശ്വസ്തത പുലർത്തുന്ന ദൈവത്തിന്റെ കരത്തെ പരിഗണിക്കുകയും ചെയ്യുന്നു.

25. വിശ്വാസവും സത്യവും തമ്മിലുള്ള ഈ ബന്ധത്തെപ്പറ്റി ഇന്ന് മുൻകാലത്തെക്കാൾ ഏറെ നാം അനുസ്മരിക്കേണ്ടതുണ്ട്. കാരണം, നമ്മുടെ കാലഘട്ടത്തിൽ സത്യത്തിന് വിഷമസ്ഥിതിയുണ്ടായിരിക്കുന്നു. സമകാലികസംസ്കാരത്തിൽ സാങ്കേതികവിദ്യയുടെ സത്യമാണ് ഏക യഥാർത്ഥ സത്യമെന്നു ചിന്തിക്കാനുള്ള പ്രവണത നമുക്ക് പലപ്പോഴുമുണ്ട്: നമ്മുടെ ശാസ്ത്രീയ വൈദഗ്ധ്യം കൊണ്ട് പടുത്തുയർത്താനും അളക്കാനും സാധിക്കുന്നതെന്തോ അതാണ് സത്യമെന്നു കരുതപ്പെടുന്നു. പ്രവർത്തനക്ഷമമായിരിക്കുന്നതും ജീവിതത്തെ കൂടുതൽ എളുപ്പമുള്ളതും സുഖവുമാക്കുന്നതെന്തോ അതു സത്യമായിരിക്കുന്നു. ഇക്കാലത്ത് ഇതാണ് തീർച്ചയുള്ള ഏകസത്യമായി കാണപ്പെടുന്നത് – പങ്കുവയ്ക്കാവുന്ന ഏകസത്യം, ചർച്ച

യ്ക്കു അടിസ്ഥാനമായിത്തീരാൻ അല്ലെങ്കിൽ പൊതു സംരംഭത്തിന് അടിസ്ഥാനമായിത്തീരാൻ കഴിയുന്ന എകസത്യം.

എന്നാൽ, അളവുകോലിന്റെ മറ്റെ അറ്റത്ത് വ്യക്തിയുടെ വ്യക്തിനിഷ്ഠമായ സത്യങ്ങളെ അംഗീകരിക്കാൻ നാം തയ്യാറാകുന്നു. അവന്റെയോ അവളുടെയോ അത്യഗാധമായ ബോധ്യങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്നവയാണ് ആ സത്യങ്ങൾ. എന്നാലും ആ സത്യങ്ങൾ ആ വ്യക്തിയെ സംബന്ധിച്ചു മാത്രമേ സാധുവായിരിക്കുകയുള്ളൂ. പൊതു നന്മയ്ക്കു സേവനം ചെയ്യാനുള്ള ശ്രമത്തിൽ മറ്റുള്ളവർക്ക് അവ നിർദ്ദേശിച്ചുകൊടുക്കാൻ കഴിവുള്ളവയല്ല. എന്നാൽ, വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തെ സമഗ്രമായി വിവരിച്ചു കൊടുക്കാൻ കഴിയുന്ന പരമസത്യംതന്നെ സംശയത്തോടെ വീക്ഷിക്കപ്പെടുന്നു. തീർച്ചയായും കഴിഞ്ഞ നൂറ്റാണ്ടിൽ – നാം പറഞ്ഞു കേട്ടിട്ടുള്ളതുപോലെ – ഏകാധിപത്യപരമായ വലിയ പ്രസ്ഥാനങ്ങൾ തങ്ങൾക്ക് ഇത്തരം സത്യമുണ്ടെന്ന് അവകാശപ്പെട്ടിരുന്നു. വ്യക്തികളുടെ യഥാർത്ഥ ജീവിതങ്ങളെ ഞെരിച്ചുതകർക്കാൻ വേണ്ടി ആ സത്യം സ്വന്തം ലോകവീക്ഷണത്തെ അടിച്ചേല്പിച്ചു. അവസാനം ആപേക്ഷികതാവാദം (Relativism) മാത്രമാണ് ഇപ്പോൾ അവശേഷിച്ചിരിക്കുന്നത്. അതിൽ സാർവത്രികസത്യമെന്ന പ്രശ്നം–ആത്യന്തികമായി ഇത് ദൈവമെന്ന വിഷയത്തിൽ എത്തി നില്ക്കും – അപ്രസക്തമായിരിക്കുന്നു. ഈ വീക്ഷണപ്രകാരം മതവും സത്യവും തമ്മിലുള്ള ബന്ധം വിച്ഛേദിക്കാൻ ശ്രമിക്കുകയെന്നത് യുക്തിസഹമായിരിക്കും. എന്തെന്നാൽ അത് മതഭ്രാന്തിന്റെ (Fanaticism) കാരണമെന്ന് അവർ കരുതുന്നു. ഒരേ വിശ്വാസം പങ്കിടാത്തവരെ പീഡിപ്പിക്കുന്നതാണ് മതഭ്രാന്തിന് കാരണം. ഇതിനെ സംബന്ധിച്ചിടത്തോളം നമ്മുടെ സമകാലികലോകത്ത് സമൂഹപരമായിട്ടുള്ള ഓർമ്മക്കുറവുണ്ടെന്നു നമുക്കു പറയാം. സത്യത്തെ സംബന്ധിച്ച പ്രശ്നം യഥാർത്ഥത്തിൽ ഓർമ്മയുടെ പ്രശ്നമാണ്, സാന്ദ്രമായ ഓർമ്മയുടെ പ്രശ്നം. എന്തെന്നാൽ അത് നമുക്ക് മുമ്പു ന

ടന്ന ഒന്നിനെ സംബന്ധിക്കുന്നതാണ്. നിസ്സാരവും പരിമിതവുമായ നമ്മുടെ വൈയക്തികബോധത്തെ അതിശയിക്കുന്ന വിധത്തിൽ നമ്മെ ഐക്യപ്പെടുത്താൻ അതിനു കഴിയും. അസ്തിത്വമുള്ള എല്ലാറ്റിന്റെയും ഉത്പത്തിയെക്കുറിച്ചുള്ള പ്രശ്നമാണത്. ആ ഉത്പത്തിയുടെ വെളിച്ചത്തിൽ ലക്ഷ്യത്തെയും അങ്ങനെ നമ്മുടെ പൊതുമാർഗ്ഗത്തിന്റെ അർത്ഥത്തെയും വീക്ഷിക്കാൻ നമുക്കു സാധിക്കും.

## *സത്യത്തെയും സ്നേഹത്തെയും കുറിച്ചുള്ള അറിവ്*

**26**. കാര്യങ്ങളുടെ സ്ഥിതി ഇതായിരിക്കേ, സത്യത്തെ ഗ്രഹിക്കുന്നതിന്റെ ശരിയായ മാർഗ്ഗത്തെ സംബന്ധിച്ച് പൊതുനന്മയ്ക്കു സേവനം ചെയ്യാൻ ക്രൈസ്തവവിശ്വാസത്തിനു കഴിയുമോ? ഈ ചോദ്യത്തിന് ഉത്തരം പറയുവാൻ വിശ്വാസത്തിലുള്ള അറിവിന്റെ ഇനത്തെ സംബന്ധിച്ച് നാം ചിന്തിക്കണം. ഇവിടെ വിശുദ്ധ പൗലോസിന്റെ ഒരു ചൊല്ല് നമ്മെ സഹായിക്കാൻ ശക്തമാണ്. "ഒരുവൻ ഹൃദയം കൊണ്ട് വിശ്വസിക്കുന്നു" (റോമാ 10:10). ബൈബിളിൽ ഹൃദയം മനുഷ്യവ്യക്തിയുടെ കേന്ദ്രമാണ്. അവിടെ വ്യക്തിയുടെ വ്യത്യസ്ത മാനങ്ങൾ ഇഴ ചേരുന്നു: ശരീരവും ചൈതന്യവും, ആന്തരികതയും ലോകത്തോടും അപരരോടുമുള്ള തുറവും, ബുദ്ധിശക്തി, ഇച്ഛാശക്തി, വൈകാരികത എന്ന ഈ മാനങ്ങളെയെല്ലാം ഒന്നിപ്പിച്ച് സംവഹിക്കാൻ കഴിവുള്ളതാണ് ഹൃദയമെങ്കിൽ അതിന്റെ കാരണം സത്യത്തോടും സ്നേഹത്തോടും നാം തുറവുള്ളവരാകുന്നത് അവിടെയാണ് എന്നതാണ്. അവ നമ്മെ സ്പർശിക്കാനും നമ്മെ ആഴത്തിൽ പരിവർത്തിതരാക്കാനും നാം അനുവദിക്കുന്നതും അവിടെയാണ്. സ്നേഹത്തോട് ഒരു വ്യക്തി എത്രമാത്രം തുറവുള്ളവനായിരിക്കുന്നുവോ അത്രമാത്രം മുഴുവൻ വ്യക്തിയെയും വിശ്വാസം രൂപാന്തരപ്പെടുത്തുന്നു.

വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഈ സംയോജിപ്പിക്കലിലൂടെയാണ് വിശ്വാസത്തിന്റെ തനതായ അറിവിന്റെ

രീതിയെയും ബോധ്യം വരുത്താനുള്ള അതിന്റെ ശക്തിയെയും നമ്മുടെ പാതകളെ പ്രകാശിപ്പിക്കാനുള്ള അതിന്റെ കഴിവിനെയും നാം ഗ്രഹിക്കുന്നത്. വിശ്വാസം അറിയുന്നു. സ്നേഹത്തോടു ബന്ധിക്കപ്പെട്ടിരിക്കുന്നിടത്തോളമാണ് വിശ്വാസത്തിന് അറിയാൻ കഴിയുന്നത്, എന്തെന്നാൽ സ്നേഹം അതിൽത്തന്നെ പ്രകാശവാഹിയാണ്. നമ്മെ ആന്തരികമായി രൂപാന്തരപ്പെടുത്തുകയും പുതിയ കണ്ണുകൾകൊണ്ട് യാഥാർത്ഥ്യത്തെ കാണാൻ നമ്മെ ശക്തരാക്കുകയും ചെയ്യുന്ന ദൈവത്തിന്റെ അളവറ്റ സ്നേഹം നാം സ്വീകരിക്കുമ്പോഴാണ് വിശ്വാസധാരണ ഉണ്ടാകുന്നത്.

27. വിശ്വാസവും തീർച്ചയും തമ്മിലുള്ള ബന്ധത്തിന് തത്ത്വജ്ഞാനിയായ ലുഡ്‌വിഗ് വിറ്റ്ഗെൻസ്റ്റെയിൻ നല്കിയിട്ടുള്ള വിശദീകരണം സുപ്രസിദ്ധമാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വിശ്വസിക്കലിനെ പ്രേമിക്കലിന്റെ അനുഭവത്തോടു താരതമ്യം ചെയ്യാം. അത് വ്യക്തിനിഷ്ഠമായ ഒന്നാണ്. എല്ലാവരെയും സംബന്ധിച്ച് സാധുവായിരിക്കുന്ന ഒരു സത്യമായി അതിനെ നിർദ്ദേശിക്കാൻ സാധി

ക്കുകയില്ല.[19] യഥാർത്ഥത്തിൽ, സ്നേഹത്തെ ഏതെങ്കിലും തരത്തിൽ സത്യത്തോടു ബന്ധപ്പെട്ടിരിക്കുന്നതായി ഇക്കാലത്ത് മിക്കവരും കരുതുന്നില്ല. സ്നേഹത്തെ ക്ഷണികവികാരങ്ങളുടെ ലോകവുമായി ബന്ധപ്പെട്ട - സത്യത്തോട് ഒട്ടും ബന്ധപ്പെടാത്ത - അനുഭവമായിട്ടാണ് കാണുന്നത്.

എന്നാൽ ഇത് സ്നേഹത്തെ സംബന്ധിച്ച് പര്യാപ്തമായ വിവരണമാണോ? യഥാർത്ഥത്തിൽ, സ്നേഹത്തെ ക്ഷണഭംഗുരമായ ഒരു വികാരമായി ചുരുക്കാൻ പാടില്ല. നമ്മുടെ വൈകാരികത കൂടി ഉൾച്ചേർന്നതാണ് സ്നേഹം. സ്നേഹഭാജനത്തിലേക്ക് തുറവുണ്ടാകാൻ വേണ്ടിയാണത്. അങ്ങനെ സ്വയം കേന്ദ്രീയതയിൽ നിന്ന് അകന്ന് അപരനിലേക്കുള്ള പാത അത് പ്രശോഭിതമാക്കുന്നു. ശാശ്വതമായ ഒരു ബന്ധം സ്ഥാപിക്കാനാണത്. സ്നേഹഭാജനവുമായുള്ള ഐക്യം സ്നേഹം ലക്ഷ്യമിടുന്നു. സ്നേഹത്തിനു സത്യം എന്തുമാത്രം ആവശ്യമുണ്ടെന്ന് ഇവിടെ നാം കാണാൻ തുടങ്ങുന്നു. സ്നേഹം സത്യത്തിൽ അടിയുറപ്പിച്ചിരിക്കുന്നതിന്റെ അളവനുസരിച്ചേ അത് ദീർഘകാലം നിലനില്ക്കുകയുള്ളൂ; ക്ഷണിക നിമിഷങ്ങൾക്ക് അതീതമാകുകയുള്ളൂ; ഒന്നിച്ചുള്ള യാത്രയെ താങ്ങിനിറുത്താൻ വേണ്ടത്ര ഉറപ്പുള്ളതാകുകയുള്ളൂ.

സ്നേഹത്തിനു സത്യത്തോടു ബന്ധമില്ലെങ്കിൽ അത് ചഞ്ചലവികാരങ്ങളുടെ ഇരയായിത്തീരും. സമയത്തിന്റെ പരീക്ഷയെ അതിജീവിക്കാൻ അതിനു കഴിയാതാകും. നേരേമറിച്ച്, യഥാർത്ഥ സ്നേഹം, നമ്മുടെ വ്യക്തിത്വത്തിന്റെ എല്ലാ ഘടകങ്ങളെയും ഐക്യപ്പെടുത്തുന്നു. അത് മഹത്തരവും സാക്ഷാത്കൃതവുമായ ഒരു ജീവിതത്തിലേക്കുള്ള വഴി കാണിക്കുന്ന പുതിയ പ്രകാശമായിത്തീരുന്നു. സത്യം കൂടാതിരുന്നാൽ ഉറപ്പുള്ള ഒരുബന്ധം സ്ഥാപിക്കാൻ സ്നേഹത്തിനു കഴിയുകയില്ല. നമ്മുടെ ഒറ്റപ്പെട്ട അഹത്തെ സ്വതന്ത്രമാക്കാനും കഴിയുകയില്ല. ജീവിതത്തെ കെട്ടിപ്പടുക്കാനും ഫലപൂർണമാക്കാനും

വേണ്ടി അതിനെ ക്ഷണികനിമിഷങ്ങളിൽ നിന്ന് രക്ഷിക്കാനും കഴിയുകയില്ല.

സ്നേഹത്തിനു സത്യം ആവശ്യമുണ്ടെങ്കിൽ സത്യത്തിനു സ്നേഹത്തെയും ആവശ്യമുണ്ട്. സത്യവും സ്നേഹവും വേർതിരിക്കാനാവാത്തവയാണ്. സ്നേഹമില്ലാതിരുന്നാൽ സത്യം തണുത്തതും വ്യക്തിപരമല്ലാത്തതുമാകും; ആളുകളുടെ അനുദിനജീവിതത്തെ പീഡിപ്പിക്കുന്നതുമായിരിക്കും.

നാം അന്വേഷിക്കുന്ന സത്യം, നമ്മുടെ ജീവിതയാത്രയ്ക്ക് അർത്ഥം നല്കുന്ന സത്യം, നാം സ്നേഹത്താൽ സ്പർശിക്കപ്പെടുമ്പോഴെല്ലാം നമ്മെ പ്രകാശപൂർണരാക്കുന്നു. സ്നേഹം സത്യാനുഭവമാണെന്ന് സ്നേഹിക്കുന്നവൻ മനസ്സിലാക്കുന്നു. പ്രേമഭാജനവുമായുള്ള ഐക്യത്തിൽ യാഥാർത്ഥ്യത്തെ പുതിയൊരു രീതിയിൽ കാണുവാൻ നമ്മുടെ കണ്ണുകൾ അതു തുറക്കുന്നു. ഈ അർത്ഥത്തിൽ, സ്നേഹം തന്നെ അറിവാണ് ("amor ipse notitia est')[20] എന്ന് എഴുതാൻ മഹാനായ വിശുദ്ധ ഗ്രിഗറിക്കു സാധിച്ചു. അതായത്, സ്നേഹം തന്നെ സ്വന്തം യുക്തിയുള്ള ഒരു തരം അറിവാണെന്ന് അദ്ദേഹം എഴുതി. അത് ലോകത്തെ കാണുന്നതിന്റെ ബന്ധപരമായ ഒരു രീതിയാണ്. ലോകം അപ്പോൾ പങ്കുവയ്ക്കപ്പെടുന്ന അറിവിന്റെ ഒരു രൂപമാകും; അപരന്റെ കണ്ണുകളിലൂടെയുള്ള ദർശനമാകും; എല്ലാറ്റിനെയും സംബന്ധിച്ച പൊതു കാഴ്ചപ്പാടാകും.

മധ്യയുഗത്തിൽ സെയിന്റ് തീയേറിയിലെ വില്യം ഈ പാരമ്പര്യം പിന്തുടർന്നു. കാമുകൻ കാമുകിയോട് 'നിന്റെ കണ്ണുകൾ മാടപ്രാവുകളാണ്' (ഉത്തമ 1:15) എന്നു പറയുന്ന ഉത്തമഗീത വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ട് പറയുന്നു:[21] ഈ രണ്ടു കണ്ണുകൾ വിശ്വാസം നിറഞ്ഞ യുക്തിയും സ്നേഹവുമാണ്. ദൈവധ്യാനത്തിലേക്ക് എത്തിച്ചേരുന്നതിന് അവ രണ്ടും ഒന്നായിത്തീരുന്നു. ഇവിടെ ബുദ്ധി പ്രകാശിതസ്നേഹത്തിന്റെ ബുദ്ധിയായിത്തീരുന്നു.[22]

**28.** അറിവിന്റെ ഉറവിടമെന്ന നിലയിലുള്ള സ്നേഹത്തിന്റെ ഈ കണ്ടെത്തൽ - ഓരോ സ്ത്രീയുടെയും പുരുഷന്റെയും ആദിമാനുഭവത്തിന്റെ ഭാഗമാണത് - വിശ്വാസത്തെ സംബന്ധിച്ച വേദഗ്രന്ഥധാരണയിൽ ആധികാരിക പ്രകാശനം കാണുന്നു. തങ്ങളെ തിരഞ്ഞെടുക്കുകയും ഒരു ജനമാക്കുകയും ചെയ്ത ദൈവത്തിന്റെ സ്നേഹം ആസ്വദിച്ചതിലൂടെ ദൈവികപദ്ധതിയുടെ സമ്പൂർണ ഐക്യം തിരിച്ചറിയാൻ ഇസ്രായേലിനു കഴിഞ്ഞു. വിശ്വാസ-അറിവ് ദൈവത്തിന്റെ ഉടമ്പടിപരമായ സ്നേഹത്തിൽ നിന്നു ജനിക്കുന്നതിനാൽ അത് ചരിത്രത്തിൽ ഒരു സഞ്ചാരമാർഗത്തെ പ്രകാശിപ്പിക്കുന്ന അറിവാണ്. അതുകൊണ്ടാണ് ബൈബിളിൽ സത്യവും വിശ്വസ്തതയും ഒന്നിച്ചുപോകുന്നത്. സത്യദൈവം വിശ്വസ്തതയുടെ ദൈവമാണ്. അവിടന്ന് തന്റെ വാഗ്ദാനങ്ങൾ പാലിക്കുന്നു. തക്കകാലത്ത് തന്റെ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ അഗാധമായ അറിവ് സാധ്യമാക്കുകയും ചെയ്യുന്നു. വിപ്രവാസത്തിന്റെ വേദനയിലും, വിശുദ്ധ നഗരത്തിലേക്കുള്ള സുനിശ്ചിതമായ തിരിച്ചുപോക്കിനെക്കുറിച്ചുള്ള പ്രത്യാശയിലും, സൃഷ്ടി തുടങ്ങി ലോകത്തിന്റെ മുഴുവൻ ചരിത്രത്തെയും ആശ്ലേഷിക്കാനായി തങ്ങളുടെ ചരിത്രത്തിനുമപ്പുറത്തേക്ക് ഈ ദൈവികസത്യം കരങ്ങൾ വിരിക്കുകയായിരുന്നുവെന്ന് പ്രവാചകന്മാരുടെ അനുഭവത്തിലൂടെ ഇസ്രായേൽ ഗ്രഹിച്ചു. വിശ്വാസ-അറിവ് ഒരു പ്രത്യേക ജനതയുടെ ഭാഗധേയത്തിൻമേൽ മാത്രമല്ല വെളിച്ചം വീശുന്നത്. സൃഷ്ടിക്കപ്പെട്ട ലോകത്തിന്റെ, അതിന്റെ ആരംഭം മുതൽ അവസാനം വരെയുള്ള, മുഴുവൻ ചരിത്രത്തിൻമേലും വെളിച്ചം വീശുന്നുണ്ട്.

### *വിശ്വാസം കേൾവിയും കാഴ്ചയുമെന്ന നിലയിൽ*

**29.** മനുഷ്യനോടു സ്നേഹബന്ധം സ്ഥാപിക്കുകയും അവനോടു വചനമറിയിക്കുകയും ചെയ്യുന്ന വിശ്വസ്തനായ ഒരു

ദൈവവുമായുള്ള ഉടമ്പടിയോടു ബന്ധപ്പെട്ടതാണ് വിശ്വാസ ത്തിന്റെ അറിവ്. അതുകൊണ്ടു തന്നെ ബൈബിൾ അതിനെ അവതരിപ്പിച്ചിരിക്കുന്നത് ശ്രവണമായിട്ടാണ്. അത് ശ്രവണേ ന്ദ്രിയത്തോടു ബന്ധപ്പെട്ടതാണ്. ക്ലാസിക്കലായിത്തീർന്ന ഒരു ഫോർമുല വിശുദ്ധ പൗലോസ് ഉപയോഗിക്കുന്നു: 'വിശ്വാസം കേൾവിയിൽനിന്നു വരുന്നു' ( fides ex auditu, tdmam 10:17). ഒരു വാക്കിനോടു ബന്ധപ്പെട്ട അറിവ് എപ്പോഴും വ്യക്തിപരമായ അറിവാണ്. സംസാരിക്കുന്ന വ്യക്തിയുടെ ശബ്ദം അതു തിരി ച്ചറിയുന്നു. സ്വാതന്ത്ര്യത്തോടെ ആ വ്യക്തിയിലേക്ക് സ്വയം തുറക്കുന്നു. ആ വ്യക്തിയെ അനുസരണയിൽ അനുഗമിക്കുന്നു. അങ്ങനെ 'വിശ്വാസത്തിന്റെ അനുസരണത്തെക്കുറിച്ച് (cf td- mam 1:5; 16:26) പറയാൻ വിശുദ്ധ പൗലോസിന് സാധിച്ചു.23

വിശ്വാസം സമയഗതിയോടു ബന്ധപ്പെട്ട അറിവുമാണ്. എന്തെന്നാൽ വാക്കുകൾ ഉച്ചരിക്കാൻ സമയം വേണം. ശിഷ്യ ത്വത്തിന്റെ ഒരു യാത്രയിൽ മാത്രം സ്വാംശീകരിക്കപ്പെടുന്ന ഒരു അറിവുമാണത്. അങ്ങനെ, അറിവും സ്നേഹവും തമ്മി ലുള്ള ബന്ധം കൂടുതൽ വ്യക്തമായി പ്രകാശിപ്പിക്കുന്നതിന് ശ്രവണം സഹായിക്കുന്നു.

സത്യത്തിന്റെ അറിവിനെ സംബന്ധിച്ചിടത്തോളം ചിലപ്പോ ഴെങ്കിലും കേൾവിയെ കാഴ്ചയ്ക്ക് വിരുദ്ധമായി അവതരിപ്പി ച്ചിട്ടുണ്ട്. കാഴ്ചയ്ക്ക് ഊന്നൽ നല്കുകയെന്നത് ഗ്രീക്കു സംസ് കാരത്തിന്റെ സവിശേഷതയാണ്.

മനുഷ്യൻ എപ്പോഴും ആശിച്ചിട്ടുള്ള സാകല്യതയുടെ ധ്യാനത്തെ വെളിച്ചം സാധ്യമാക്കുമെങ്കിലും മറ്റൊരു വശത്തു നിന്നു നോക്കിയാൽ അത് സ്വാതന്ത്ര്യത്തിന് ഇടം നല്കു ന്നില്ല എന്നു പറയാം. കാരണം, അത് സ്വർഗത്തിൽ നിന്നിറങ്ങി, നേരിട്ട് കണ്ണുകളിലേക്കു എത്തുന്നു; കണ്ണിന്റെ പ്രത്യുത്തരം പ്രതീക്ഷിക്കാതെ തന്നെ. മനുഷ്യൻ സന്തോഷിക്കുകയും സഹിക്കുകയും ചെയ്യുന്ന ലോകഗതിയിൽ നിന്നും വേർപെട്ട്

ഒരു നിശ്ചലധ്യാനത്തിലേക്ക് അത് നമ്മെ ക്ഷണിക്കുന്നുവെന്നും തോന്നാം. ഈ വീക്ഷണകോണിൽനിന്നു നോക്കുമ്പോൾ അറിവിനെക്കുറിച്ചുള്ള വേദഗ്രന്ഥപരമായ ധാരണ ഗ്രീക്കുകാരുടെ ധാരണയ്ക്ക് വിരുദ്ധമായിരിക്കും. കാരണം, യാഥാർത്ഥ്യത്തിന്റെ സമഗ്രമായ അറിവു നേടാനുള്ള ശ്രമത്തിൽ ഗ്രീക്കുകാർ അറിവിനെ കാഴ്ചയോടു ബന്ധിപ്പിച്ചു.

എന്നാലും ആരോപിക്കപ്പെടുന്ന ഈ വൈരുദ്ധ്യം വേദഗ്രന്ഥപരമായ വിവരങ്ങളോട് യോജിക്കുന്നില്ല. പഴയ നിയമം രണ്ടുതരത്തിലുമുള്ള അറിവിനെ കൂട്ടിച്ചേർത്തു. കാരണം, ദൈവത്തിന്റെ വചനം കേൾക്കൽ അവിടത്തെ മുഖം കാണാനുള്ള ആഗ്രഹത്തോടു ചേർന്നിരുന്നു. അങ്ങനെ ഗ്രീക്കു സംസ്കാരവുമായുള്ള ഒരു സംവാദത്തിനുവേണ്ട പശ്ചാത്തലമുണ്ടായി. വിശുദ്ധലിഖിതത്തിന്റെ ഹൃദയത്തിൽത്തന്നെയുള്ള ഒരു സംവാദമാണത്. ശ്രവണം വ്യക്തിപരമായ വിളിക്കും അനുസരണത്തിനും സത്യം കാലത്തിനുള്ളിൽ വെളിവാക്കപ്പെടുന്നുവെന്ന യാഥാർത്ഥ്യത്തിനും ഊന്നൽ നല്കുന്നു. കാഴ്ച മുഴുവൻ യാത്രാപഥത്തിന്റെയും ഒരു ദർശനം നല്കുന്നു. അത് ദൈവത്തിന്റെ സമഗ്രമായ പദ്ധതിയുടെ ഉള്ളിൽ സ്ഥാപിക്കപ്പെടാൻ അനുവദിക്കുകയും ചെയ്യുന്നു. ഈ ദർശനമില്ലാതിരുന്നാൽ, അജ്ഞാതമായ സമ്പൂർണതയുടെ പരസ്പരബന്ധമില്ലാത്ത ഭാഗങ്ങൾ മാത്രം കാണുന്നവരായി നാം അവശേഷിക്കും.

**30.** വിശ്വാസജ്ഞാനത്തിന്റെ മാധ്യമങ്ങൾ എന്ന നിലയിൽ കാഴ്ചയും കേൾവിയും തമ്മിലുള്ള ബന്ധം വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ ഏറ്റവും വ്യക്തമായി കാണാം. നാലാമത്തെ സുവിശേഷമനുസരിച്ച് വിശ്വസിക്കുകയെന്നാൽ ഒരേ സമയം 'കേൾക്കുക' എന്നതും 'കാണുക' എന്നതുമാണ്. വിശ്വാസത്തിന്റെ കേൾവി സംഭവിക്കുന്നത് സ്നേഹത്തിന്റെ തന്നെ അറിവിന്റെ രൂപത്തിലാണ്: അത് വ്യക്തിപരമായ ശ്രവ

ണമാണ്. സ്വരം വിവേചിച്ച് നല്ല ഇടയന്റേത് തിരിച്ചറിയുന്ന ഒന്നാണ് (cf യോഹ 10:3–5). ആദ്യത്തെ ശിഷ്യന്മാരുടെ കാര്യത്തിലെന്നപോലെതന്നെ ശിഷ്യത്വം ആവശ്യമായിവരുന്ന കേൾവിയാണത്: 'യേശു ഇക്കാര്യങ്ങൾ പറയുന്നതുകേട്ട് അവർ അവനെ അനുഗമിച്ചു' (യോഹ 1 :37).

എന്നാൽ, വിശ്വാസം കാഴ്ചയോടും ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണ്. യേശു പ്രവർത്തിച്ച അടയാളങ്ങളുടെ കാഴ്ച ചില സന്ദർഭങ്ങളിൽ ആളുകളെ വിശ്വാസത്തിലേക്കു നയിച്ചിട്ടുണ്ട്, ലാസറിനെ ഉയിർപ്പിച്ച സംഭവത്തിനുശേഷം, 'അവൻ ചെയ്തതെന്തെന്നു കണ്ട് അവനിൽ വിശ്വസിച്ച' (യോഹ 11:45) യഹൂദരെപ്പോലെ. മറ്റ് അവസരങ്ങളിൽ വിശ്വാസം തന്നെയാണ് കൂടുതൽ അഗാധമായ ദർശനത്തിലേക്കു നയിക്കുന്നത്; 'വിശ്വസിച്ചാൽ നീ  ദൈവമഹത്ത്വം ദർശിക്കും' (യോഹ 11:40).

അവസാനം, വിശ്വാസവും കാഴ്ചയും പരസ്പരം സംഗമിക്കുന്നു. 'എന്നിൽ വിശ്വസിക്കുന്നവൻ...എന്നെ അയച്ചവനിലാണു വിശ്വസിക്കുന്നത്. എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു' (യോഹ 12:44–45). അപ്പോൾ കേൾവിയുമായുള്ള ഈ ഐക്യത്തിന്റെ ഫലമായി കാഴ്ച ക്രിസ്ത്വാനുഗമനം ആയിത്തീരുന്നു. വിശ്വാസം ഉറ്റുനോക്കലിന്റെ ഒരു പ്രയാണമായി  കാണപ്പെടുന്നു. അതിൽ കണ്ണുകൾ അഗാധ ദർശനത്തിനായി പരിശീലനം നേടുകയും ചെയ്യുന്നു.  ഈസ്റ്റർ പ്രഭാതം അങ്ങനെ യോഹന്നാനിൽ നിന്ന് മറിയം മഗ്ദലേനയിലേക്കു നീങ്ങുന്നു: യോഹന്നാൻ ശൂന്യമായ കല്ലറയുടെ മുമ്പിൽ അതിരാവിലത്തെ ഇരുട്ടിൽ നിന്നുകൊണ്ട് 'കാണുകയും വിശ്വസിക്കുകയും ചെയ്തു' (യോഹ 20:8). മഗ്ദലേന മറിയം യേശുവിനെ കണ്ടതിനുശേഷം (cf യോഹ 20:14), അവനെ പിടിച്ചുനിറുത്താൻ ആഗ്രഹിച്ചു.  പിതാവിന്റെ പക്കലേക്ക് പ്രയാണം ചെയ്യുന്നതന്നെ ധ്യാനിക്കാൻ യേശു അവളോടു കല്പിച്ചു. അവസാനം ശിഷ്യന്മാരുടെ മുമ്പിൽ അവൾ

സമ്പൂർണമായ ഏറ്റുപറച്ചിൽ നടത്തി: 'ഞാൻ കർത്താവിനെ കണ്ടു' (യോഹ 20:18).

കേൾവിയും കാഴ്ചയും തമ്മിലുള്ള ഈ ഉദ്ഗ്രഥനത്തിൽ ഒരു വ്യക്തി എങ്ങനെ എത്തിച്ചേരും? ദൃശ്യനും ശ്രവ്യനുമായ ക്രിസ്തുവാകുന്ന വ്യക്തിയിലൂടെ തന്നെയാണ് അതു സാധ്യമാകുന്നത്. അവിടന്ന് മാംസംധരിച്ച വചനമാണ്. അവിടത്തെ മഹത്ത്വം നമ്മൾ കണ്ടതാണ് (യോഹ 1:14). വിശ്വാസത്തിന്റെ വെളിച്ചം പിതാവ് ദൃശ്യനാകുന്ന ഒരു മുഖത്തിന്റെ വെളിച്ചമാണ്. നാലാം സുവിശേഷത്തിൽ വിശ്വാസം ആർജ്ജിക്കുന്ന സത്യം പുത്രനിലുള്ള പിതാവിന്റെ വെളിപ്പെടുത്തലാണ്. അവിടത്തെ ശരീരത്തിലും അവിടത്തെ ഭൗമികപ്രവൃത്തികളിലുമുള്ള വെളിപ്പെടുത്തലാണ്. 'യേശുവിന്റെ ഭാസുര ജീവിതം' എന്ന് നിർവചിക്കപ്പെടാവുന്ന സത്യമാണത്.24

വിശ്വാസത്തിന്റെ അറിവ് നമ്മുടെ വീക്ഷണത്തെ കേവലം ആന്തരികസത്യത്തിലേക്കു മാത്രം നയിക്കുകയല്ല ചെയ്യുന്നത് എന്നാണ് ഇതിന്റെ അർത്ഥം. വിശ്വാസം നമുക്കു വെളിപ്പെടുത്തിത്തരുന്ന സത്യം ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിൽ കേന്ദ്രീകൃതമായ സത്യമാണ്; അവിടത്തെ ജീവിതത്തെക്കുറിച്ചുള്ള ധ്യാനത്തിലും അവിടത്തെ സാന്നിധ്യത്തെക്കുറിച്ചുള്ള അവബോധത്തിലും കേന്ദ്രീകൃതമായ സത്യം.

ഉത്ഥിതനായ കർത്താവിന്റെ ശരീരികദർശനത്തിനു മുന്നിലുള്ള അപ്പസ്തോലന്മാരുടെ 'കാണുന്ന വിശ്വാസത്തെ' (oculata fides) സംബന്ധിച്ചു വിശുദ്ധ തോമസ് അക്വീനാസ് ഈ അർത്ഥത്തിലാണ് പറയുന്നത്!25 അവർ ഉത്ഥിതനായ ക്രിസ്തുവിനെ തങ്ങളുടെ കണ്ണുകൾകൊണ്ടു കണ്ടു, അവർ വിശ്വസിക്കുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ, പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന ദൈവപുത്രനിലുള്ള തങ്ങളുടെ വിശ്വാസം ഏറ്റുപറയാൻ വേണ്ടി തങ്ങൾ കണ്ടതിന്റെ അഗാധതയിലേക്കു ഉറ്റുനോക്കാൻ അവർക്കു സാധിച്ചു.

**31.** ഈ വിധത്തിൽ മാത്രമേ, മനുഷ്യാവതാരത്തിലൂടെ നമ്മുടെ മനുഷ്യത്വത്തിലുള്ള പങ്കുചേരലിലൂടെ മാത്രമേ, സ്നേഹത്തിന്റെ തനതായ അറിവിന് പൂർണസഫലതയിലേക്കു വരാൻ സാധിക്കുമായിരുന്നുള്ളൂ. എന്തെന്നാൽ, നമ്മുടെ ഹൃദയങ്ങൾ സ്പർശിക്കപ്പെടുകയും തന്റെ രഹസ്യം തിരിച്ചറിയാൻ നമ്മെ ശക്തരാക്കുന്ന സ്നേഹഭാജനത്തിന്റെ ആന്തരിക സാന്നിധ്യത്തിലേക്കു നാം സ്വയം തുറക്കുകയും ചെയ്യുമ്പോൾ സ്നേഹത്തിന്റെ പ്രകാശം ജനിക്കുന്നു. കേൾവിയോടും കാഴ്ചയോടും ഒപ്പം വിശുദ്ധ യോഹന്നാന് സ്പർശനവും വിശ്വാസമാണ് എന്നതിന്റെ പൊരുൾ നമുക്ക് അങ്ങനെ മനസ്സിലാക്കാം. തന്റെ ആദ്യത്തെ ലേഖനത്തിൽ അദ്ദേഹം സ്ഥാപിക്കുന്നു: 'ജീവന്റെ വചനത്തെക്കുറിച്ച് ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതും...' (1 യോഹ 1:1).

മാംസം ധരിച്ച് നമ്മുടെയിടയിലേക്കു വന്നതുവഴി യേശു നമ്മെ സ്പർശിച്ചു. കൂദാശകളിലൂടെ അവിടന്ന് ഇന്നും നമ്മെ സ്പർശിച്ചുകൊണ്ടിരിക്കുന്നു. ഈ രീതിയിൽ നമ്മുടെ ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തിക്കൊണ്ട് അവിടത്തെ ദൈവപുത്രനായി അംഗീകരിക്കാനും പ്രഘോഷിക്കാനും അന്ന് അവിടന്ന് അനുവദിച്ചു. ഇന്നും അനുവദിക്കുന്നു. വിശ്വാസത്തിൽ നമുക്ക് അവിടത്തെ സ്പർശിക്കുകയും അവിടത്തെ കൃപാവരത്തിന്റെ ശക്തി സ്വീകരിക്കുകയും ചെയ്യാം. രക്തസ്രാവക്കാരി സ്ത്രീ യേശുവിനെ സ്പർശിക്കുകയും സുഖപ്പെടുകയും ചെയ്ത സംഭവത്തിന്റെ വിവരണം (cf ലൂക്കാ 8:45-46) വ്യാഖ്യാനിച്ചുകൊണ്ട് വിശുദ്ധ ആഗസ്തീനോസ് ഇങ്ങനെ പറയുന്നു: 'നമ്മുടെ ഹൃദയംകൊണ്ട് അവിടത്തെ സ്പർശിക്കുക, അതാണ് വിശ്വസിക്കുകയെന്നതിന്റെ അർത്ഥം'.26 ജനക്കൂട്ടം യേശുവിനെ തിക്കിഞ്ഞെരുക്കുന്നു. പക്ഷേ, വിശ്വാസത്തിന്റെ വ്യക്തിപരമായ സ്പർശനത്തോടെ അവർ അവിടത്തെ പക്കലേക്ക് എത്തുന്നില്ല. അവിടന്ന് പിതാവിനെ വെളിപ്പെടുത്തുന്ന പുത്ര

നാണെന്ന രഹസ്യം ആ സ്പർശനത്തോടെയാണ് തിരിച്ചറിയുന്നത്. നാം യേശുവിനോട് അനുരൂപപ്പെട്ടെങ്കിൽ മാത്രമേ, അവിടത്തെ കാണാൻ ആവശ്യമായിരിക്കുന്ന കണ്ണുകൾ നമുക്ക് ലഭിക്കുകയുള്ളൂ.

### *വിശ്വാസവും യുക്തിയും തമ്മിലുള്ള സംവാദം*

**32.** ക്രൈസ്തവവിശ്വാസം ദൈവത്തിന്റെ സമ്പൂർണസ്നേഹത്തിന്റെ സത്യത്തെ പ്രഘോഷിക്കുകയും ആ സ്നേഹത്തിന്റെ ശക്തിയിലേക്കു നമ്മെ തുറക്കുകയും ചെയ്യുന്നതനുസരിച്ച് അത് നമ്മുടെ മാനുഷികാനുഭവത്തിന്റെ കേന്ദ്രത്തിലേക്കു ആഴ്ന്നിറങ്ങുന്നു. സ്നേഹം മൂലം നമ്മിൽ ഓരോരുത്തരും പ്രകാശത്തിലേക്കു വരുന്നു. നമ്മിൽ ഓരോരുത്തരും പ്രകാശത്തിൽ നിലനില്ക്കാൻ വേണ്ടി സ്നേഹിക്കാൻ വിളിക്കപ്പെടുകയും ചെയ്യുന്നു. യേശുവിൽ വെളിവാക്കപ്പെട്ട ദൈവസ്നേഹത്താൽ മുഴുവൻ യാഥാർത്ഥ്യത്തെയും പ്രകാശിപ്പിക്കാൻ തീവ്രമായി ആഗ്രഹിച്ചുകൊണ്ടും അതേ സ്നേഹത്താൽ മറ്റുള്ളവരെ സ്നേഹിക്കാൻ പരിശ്രമിച്ചുകൊണ്ടും ആദിമ ക്രൈസ്തവർ സത്യത്തിനു

വേണ്ടി ദാഹിക്കുന്ന ഗ്രീക്കുകാരുടെ ലോകത്തിൽ സംവാദത്തിനുള്ള ആദർശപരമായ പങ്കാളിയെ കണ്ടു.

പ്രാചീനകാലത്തെ ദാർശനികചിന്തയുമായുള്ള സുവിശേഷസന്ദേശത്തിന്റെ കണ്ടുമുട്ടൽ സകല ജനതകളുടെയും സുവിശേഷവത്കരണത്തിന് അടിത്തറ പാകിയ നിർണായകമായ ഒരു സംഭവമായിരുന്നു. ആ കണ്ടുമുട്ടൽ വിശ്വാസവും യുക്തിയും തമ്മിലുള്ള ഫലപൂർണമായ പരസ്പരപ്രവർത്തനത്തെ പ്രചോദിപ്പിച്ചു. ആ പ്രവർത്തനം നൂറ്റാണ്ടുകളിലൂടെ നമ്മുടെ ഈ കാലഘട്ടംവരെ തുടരുന്നു.

വിശ്വാസവും യുക്തിയും എങ്ങനെ പരസ്പരം ശക്തിപ്പെടുത്തുന്നുവെന്ന് വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പ വിശ്വാസവും യുക്തിയും (Fides et Ratio) എന്ന ചാക്രിക ലേഖനത്തിൽ കാണിച്ചുതന്നിട്ടുണ്ട്.[27] ക്രിസ്തുവിനുള്ള സ്നേഹത്തിന്റെ പൂർണമായ പ്രകാശം ഒരിക്കൽ നാം കണ്ടെത്തിയാൽ നാം ഒരു വസ്തുത മനസ്സിലാക്കും: അതായത്, നമ്മുടെ ജീവിതത്തിലുള്ള ഓരോ സ്നേഹവും ആ പ്രകാശത്തിന്റെ ഒരു രശ്മി ഉൾക്കൊള്ളുന്നുണ്ടായിരുന്നു. അതിന്റെ ആത്യന്തികമായ ലക്ഷ്യവും നാം ഗ്രഹിക്കുന്നു. നമ്മുടെ മാനുഷിക സ്നേഹം പ്രകാശത്തിന്റെ ആ രശ്മി ഉൾക്കൊള്ളുന്നുണ്ടെന്ന വസ്തുത നമുക്കുവേണ്ടി ദൈവപുത്രൻ നടത്തിയ സമ്പൂർണ സ്വയംദാനത്തിലേക്കുള്ള സ്നേഹത്തിന്റെ പ്രയാണം കാണാൻ നമ്മെ സഹായിക്കുന്നു. വൃത്താകരത്തിലുള്ള ഈ ചലനത്തിൽ വിശ്വസത്തിന്റെ വെളിച്ചം നമ്മുടെ സകല മാനുഷികബന്ധങ്ങളെയും പ്രകാശിപ്പിക്കുന്നു. എന്നിട്ട് ആ ബന്ധങ്ങൾ ക്രിസ്തുവിന്റെ പ്രശാന്തസ്നേഹവുമായുള്ള ഐക്യത്തിൽ നമുക്ക് ജീവിക്കാനാവും.

**33.** വിശുദ്ധ ആഗസ്തീനോസിന്റെ ജീവിതത്തിൽ ഈ പ്രയാണത്തിന്റെ ശ്രദ്ധേയമായ ഒരു മാതൃക നാം കാണുന്നു. അവിടെ യുക്തി, അതിന്റെ സത്യത്തിനും വ്യക്തതയ്ക്കും വേണ്ടിയുള്ള

ആഗ്രഹത്തോടുകൂടെ വിശ്വാസത്തിന്റെ ചക്രവാളത്തോട് ഉദ്ഗ്രഥിക്കപ്പെട്ടു. അങ്ങനെ പുതിയ അറിവു സമ്പാദിച്ചു. ഒരു ഭാഗത്ത് ഗ്രീക്കുകാരുടെ കാഴ്ചയുടെ പ്രാധാന്യം ഊന്നിപ്പറയുന്ന പ്രകാശത്തിന്റെ തത്ത്വശാസ്ത്രം ആഗസ്തീനോസ് സ്വീകരിച്ചു. നെയോപ്ലേറ്റോണിസവുമായുള്ള (Neoplatonism) സമ്പർക്കം അദ്ദേഹത്തെ പ്രകാശത്തിന്റെ ഒരു സവിശേഷനിദർശനവുമായി പരിചയപ്പെടുത്തി. സകല യാഥാർത്ഥ്യത്തെയും പ്രകാശിപ്പിക്കാൻ ഉന്നതത്തിൽ നിന്നു ഇറങ്ങി വരുന്ന ആ പ്രകാശം ദൈവത്തിന്റെ ഒരു പ്രതീകം ആണ്. അങ്ങനെ ആഗസ്തീനോസ് ദൈവത്തിന്റെ സർവാതിശായിത്വം വിലമതിക്കാൻ തുടങ്ങി. എല്ലാ വസ്തുക്കൾക്കും ദൈവത്തിന്റെ നന്മയെ പ്രതിഫലിപ്പിക്കാനുള്ള ഒരു സുതാര്യതയുണ്ടെന്ന് അദ്ദേഹം കണ്ടെത്തി. ഈ തിരിച്ചറിവ് മനിക്കേയനിസത്തിൽ നിന്ന് അദ്ദേഹത്തെ സ്വതന്ത്രനാക്കി. നന്മയും തിന്മയും തമ്മിൽ നിരന്തരസംഘട്ടനത്തിലാണെന്നും അവ സങ്കീർണമായി പരസ്പരം ഇഴച്ചേർന്നിരിക്കുന്നുവെന്നും ചിന്തിക്കാൻ മനിക്കേയനിസം അദ്ദേഹത്തെ പ്രേരിപ്പിച്ചിരുന്നു. ദൈവം പ്രകാശമാകുന്നുവെന്ന തിരിച്ചറിവ് ആഗസ്തീനോസിന് ജീവിതത്തിൽ പുതിയൊരു ദിശാബോധം നല്കി. തന്റെ പാപാവസ്ഥ അംഗീകരിക്കാനും നന്മയിലേക്കു തിരിയാനും അത് അദ്ദേഹത്തെ കഴിവുറ്റവനാക്കി.

മറുവശത്ത്, ആഗസ്തീനോസിന്റെ വിശ്വാസയാത്രയുടെ നിർണായക നിമിഷം, ഏറ്റുപറച്ചിലുകൾ എന്ന ആത്മകഥയിൽ പറയുന്നതുപോലെ, ഉന്നതത്തിലുള്ള, ഈ ലോകത്തിനപ്പുറത്തുള്ള ദൈവത്തിന്റെ ദർശനമായിരുന്നില്ല. പിന്നെയോ, ശ്രവണത്തിന്റെ ഒരനുഭവമായിരുന്നു. പൂന്തോട്ടത്തിൽവച്ച് അദ്ദേഹം തന്നോട് ഇങ്ങനെ പറയുന്നതായി ഒരു ശബ്ദം കേട്ടു: 'എടുത്തു വായിക്കുക'. അദ്ദേഹം അപ്പോൾ വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളടങ്ങിയ ഗ്രന്ഥമെടുത്ത് റോമാക്കാർക്കുള്ള ലേഖനത്തിന്റെ പതിമൂന്നാം അധ്യായം വായിച്ചു തുടങ്ങി.28

മനുഷ്യനോടു സംസാരിക്കാനും അവനോടൊത്തു വസിക്കാൻ താഴേക്കിറങ്ങിവരാനും ചരിത്രത്തിലൂടെയുള്ള അവന്റെ യാത്രയിൽ സഹചരിക്കാനും കേൾവിയുടെയും പ്രത്യുത്തരത്തിന്റെയും സമയത്ത് സ്വയം വെളിപ്പെടുത്താനും കഴിവുള്ള ബൈബിളിലെ വ്യക്തിപരനായ ദൈവം അങ്ങനെ അദ്ദേഹത്തിനു പ്രത്യക്ഷപ്പെടുകയായിരുന്നു.

എന്നാലും വചനത്തിന്റെ ദൈവവുമായുള്ള ഈ കണ്ടുമുട്ടൽ പ്രകാശത്തെയും കാഴ്ചയെയും തള്ളിക്കളയാൻ ആഗസ്തീനോസിനെ പ്രേരിപ്പിക്കുന്നില്ല. യേശുവിലുള്ള ദൈവസ്നേഹത്തിന്റെ വെളിപാടിനാൽ സ്ഥിരം നയിക്കപ്പെട്ട് അദ്ദേഹം ശ്രവണത്തിന്റേതും കാഴ്ചയുടെയുമായ രണ്ടു വീക്ഷണങ്ങളെയും സമന്വയിപ്പിച്ചു. അപ്രകാരം ആഗസ്തീനോസ് വെളിച്ചത്തിന്റെ ഒരു തത്ത്വശാസ്ത്രം വികസിപ്പിച്ചെടുത്തു. വാക്കിനു സ്വകീയമായ പാരസ്പര്യത്തെയും വെളിച്ചത്തിലേക്കു നോക്കുന്നതിൽ നിന്നുണ്ടാകുന്ന സ്വാതന്ത്ര്യത്തെയും ആശ്ലേഷിക്കാൻ കഴിയുന്ന ഒരു തത്ത്വശാസ്ത്രമാണത്.

വാക്കിനോടു സ്വതന്ത്രമായ പ്രത്യുത്തരം ചേർന്നുപോകുന്നതുപോലെ പ്രകാശം അതു പ്രതിഫലിപ്പിക്കുന്ന പ്രതിബിംബത്തിൽ ഒരു പ്രത്യുത്തരം കണ്ടെത്തുന്നു. അതുകൊണ്ട് ആഗസ്തീനോസിന് കേൾവിയെയും കാഴ്ചയെയും കൂട്ടിച്ചേർക്കാനും 'ഉള്ളിൽ പ്രകാശിക്കുന്ന വാക്കിനെ'[29] സംബന്ധിച്ച് പറയാനും സാധിക്കുന്നു. പ്രകാശം ഒരു വാക്കിന്റെ പ്രകാശമായിത്തീരുന്നുവെന്നു പറയാം. എന്തെന്നാൽ അത് വ്യക്തിപരമായ ഒരു മുഖത്തിന്റെ പ്രകാശമാണ്. നമ്മെ പ്രകാശിപ്പിച്ചുകൊണ്ട് നമ്മെ വിളിക്കുകയും നമ്മുടെ മുഖത്ത് പ്രതിബിംബിക്കാനും നമ്മുടെ ഉള്ളിൽ നിന്ന് പ്രകാശിക്കാനും അതു പരിശ്രമിക്കുകയും ചെയ്യുന്നു. എന്നാലും ചരിത്രത്തിന്റെ വെറും ഭാഗങ്ങൾ മാത്രം കാണാതെ മുഴുവൻ യാഥാർത്ഥ്യത്തെയും കാണാനുള്ള ആഗ്രഹം നമ്മിൽ അവശേഷിക്കുന്നു.

ആ ആഗ്രഹം അവസാനം പൂർത്തീകരിക്കപ്പെടും; ആഗസ്തീനോസു പറയുന്നതുപോലെ നാം കാണുകയും സ്നേഹിക്കുകയും ചെയ്യുമ്പോൾ നിറവേറും.[30] മുഴുവൻ വെളിച്ചവും കൈയടക്കാൻ നമുക്കു കഴിയുന്നതുകൊണ്ടല്ല അതു നിറവേറുന്നത്. പ്രകാശം എപ്പോഴും അക്ഷയമായിരിക്കും. നമ്മൾ മുഴുവനായി ആ പ്രകാശത്തിലേക്ക് പ്രവേശിക്കുന്നതുകൊണ്ടാണ് അതു പൂർത്തീകരിക്കപ്പെടുന്നത്.

**34.** സത്യത്തെ സംബന്ധിച്ച നമ്മുടെ കാലഘട്ടത്തിലെ ചോദ്യങ്ങളെ പ്രകാശിപ്പിക്കാൻ വിശ്വാസത്തിനു സ്വന്തമായിട്ടുള്ള സ്നേഹത്തിന്റെ വെളിച്ചത്തിന് കഴിയും. ഇന്നു മിക്കപ്പോഴും സത്യം ഓരോരുത്തരുടെയും

വ്യക്തിനിഷ്ഠമായ ആധികാരികതയായി ചുരുക്കപ്പെടുകയാണ്. അത് വ്യക്തിയുടെ ജീവിതത്തെ സംബന്ധിച്ചു മാത്രമേ സാധുവായിരിക്കുകയുള്ളൂ. സ്വേഛാധിപത്യപരമായ സമ്പ്രദായങ്ങളുടെ അടിച്ചേല്പിക്കലിനോട് പൊതുസത്യത്തെ നാം തദാത്മ്യപ്പെടുത്തുന്നതിനാൽ അതു നമ്മിൽ ഭയമുളവാക്കുന്നു. എന്നാൽ സത്യം സ്നേഹത്തിന്റെ സത്യമാണെങ്കിൽ, നിത്യനായ അപരനോടും മറ്റുള്ളവരോടുമുള്ള വ്യക്തിപരമായ ഒരു കണ്ടുമുട്ടലിൽ വെളിവാക്കപ്പെടുന്ന സത്യമാണ് അതെങ്കിൽ, വ്യക്തികളിൽ അത് അനുഭവിക്കുന്ന തടങ്കലിൽ നിന്ന് അതിനെ സ്വതന്ത്രമാക്കുകയും പൊതുനന്മയുടെ ഭാഗമാക്കുകയും ചെയ്യും.

സ്നേഹത്തിന്റെ സത്യമെന്ന നിലയിൽ ബലം പ്രയോഗിച്ച് അടിച്ചേല്പിക്കാവുന്ന ഒന്നായിരിക്കുകയുമില്ല അത്; വ്യക്തിയെ ശ്വാസം മുട്ടിക്കുന്ന ഒന്നായിരിക്കുകയുമില്ല. അത് സ്നേഹത്തിൽ നിന്നു ജനിച്ചതാകയാൽ ഹൃദയത്തിലേക്ക്, ഓരോ സ്ത്രീയുടെയും പുരുഷന്റെയും വ്യക്തിപരമായ കേന്ദ്രത്തിലേക്ക് ആഴ്ന്നിറങ്ങാൻ അതിനു സാധിക്കും. അപ്പോൾ വ്യക്തമായും, ഒരു തരത്തിലും വഴങ്ങാത്ത ഒന്നല്ല വിശ്വാസം,

പിന്നെയോ മറ്റുള്ളവരുമായുള്ള ആദരപൂർണമായ സഹാസ്തിത്വത്തിൽ വളരുന്ന ഒന്നാണ്.

വിശ്വാസി അഹങ്കാരിയല്ല. നേരെ മറിച്ച്, സത്യം അവനെ വിനീതനാക്കുന്നു. കാരണം, സത്യത്തെ നാം കൈവശപ്പെടുത്തുന്നതിനേക്കാൾ സത്യമാണ് നമ്മെ ആശ്ലേഷിക്കുകയും കൈവശപ്പെടുത്തുകയും ചെയ്യുന്നതെന്ന് എല്ലാ വിശ്വാസികളും അറിയുന്നു. വിശ്വാസം നല്കുന്ന സുരക്ഷിതത്വം നമ്മെ മയമില്ലാത്തവരാക്കുന്നതിനേക്കാൾ അതു നമ്മെ ഒരു യാത്രയ്ക്കു പുറപ്പെടാൻ തയ്യാറാക്കുകയാണ് ചെയ്യുന്നത്. എല്ലാവർക്കും സാക്ഷ്യം നല്കാനും എല്ലാവരുമായി സംവാദത്തിൽ ഏർപ്പെടാനും അത് നമ്മെ ശക്തരാക്കുന്നു.

സ്നേഹത്തിന്റെ സത്യത്തോടു ചേർന്ന വിശ്വാസ വെളിച്ചം ഭൗതികലോകത്തിനപ്പുറത്തുള്ളതുമല്ല. എന്തെന്നാൽ, സ്നേഹം എപ്പോഴും ശരീരത്തിലും ആത്മാവിലും ജീവിക്കപ്പെടുന്നു. വിശ്വാസ വെളിച്ചം യേശുവിന്റെ ഭാസുര ജീവിതത്തിൽ നിന്ന് പ്രസരിക്കുന്ന അവതരിച്ച പ്രകാശമാണ്. അത് ഭൗതികലോകത്തെയും പ്രകാശിപ്പിക്കുന്നു, അതിന്റെ ക്രമത്തിൽ വിശ്വസിക്കുന്നു, എപ്പോഴും വിസ്തൃതമാകുന്ന ധാരണയുടെയും സമന്വയത്തിന്റെയും ഒരു പാത തുറക്കപ്പെടുന്നുവെന്ന് അത് അറിയുകയും ചെയ്യുന്നു. അങ്ങനെ ശാസ്ത്രത്തിന്റെ വീക്ഷണം വിശ്വാസത്തിൽ നിന്ന് നേട്ടം കൈവരിക്കുന്നു: യാഥാർത്ഥ്യത്തോടും അതിന്റെ സകല അക്ഷയസമ്പന്നതയോടും നിരന്തരം തുറവുള്ളവരായിരിക്കാൻ വിശ്വാസം ശാസ്ത്രജ്ഞനെ ക്ഷണിക്കുന്നു.

സ്വന്തം ഫോർമുലകൾ മാത്രം ഉപയോഗിക്കുന്നതിൽ നിന്ന് തടഞ്ഞുകൊണ്ട് വിമർശനാത്മകബുദ്ധിയെ വിശ്വാസം തട്ടിയുണർത്തുന്നു. പ്രകൃതി എപ്പോഴും കൂടുതൽ വലുതാണെന്ന് മനസ്സിലാക്കാനും അതിനെ സഹായിക്കുന്നു. അഗാധമായ സൃഷ്ടിരഹസ്യത്തിന്റെ മുമ്പിൽ അത്ഭുതമുണർത്തിക്കൊണ്ട്

വിശ്വാസം യുക്തിയുടെ ചക്രവാളങ്ങളെ വിപുലീകരിക്കുന്നു. ശാസ്ത്രീയ ഗവേഷണത്തിനു സ്വയം തുറക്കുന്ന ലോകത്തിൻമേൽ കൂടുതൽ വെളിച്ചം വീശുന്നതിനുവേണ്ടിയാണത്.

### *വിശ്വാസവും ദൈവാന്വേഷണവും*

**35.** ദൈവത്തെ അന്വേഷിക്കുന്ന എല്ലാവരുടെയും മാർഗത്തെയും യേശുവിലുള്ള വിശ്വാസവെളിച്ചം പ്രകാശിപ്പിക്കുന്നു. വ്യത്യസ്തമതങ്ങളുടെ അനുയായികളുമായി സംവാദം നടത്തുന്നതിന് സവിശേഷമായ ക്രൈസ്തവസംഭാവന നല്കുകയും ചെയ്യുന്നു. അബ്രാഹവുമായുള്ള ഉടമ്പടിക്കു മുമ്പുതന്നെ വിശ്വാസത്തിൽ ദൈവത്തെ അന്വേഷിച്ച നീതിമാന്മാരുടെ സാക്ഷ്യത്തെക്കുറിച്ച് ഹെബ്രായർക്കുള്ള ലേഖനത്തിൽ പറയുന്നുണ്ട്. ഏനോക്കിനെപ്പറ്റി ഇങ്ങനെ പറയുന്നു: 'അവൻ ദൈവത്തെ പ്രസാദിപ്പിച്ചുവെന്നു സാക്ഷ്യം ലഭിച്ചു' (ഹെബ്രാ 11:5). വിശ്വാസം കൂടാതിരുന്നാൽ അത് അസാധ്യമാണ്. എന്തെന്നാൽ 'ദൈവസന്നിധിയിൽ ശരണം പ്രാപിക്കുന്നവർ ദൈവം ഉണ്ടെന്നും

തന്നെ അന്വേഷിക്കുന്നവർക്ക് അവിടന്ന് പ്രതിഫലം നല്കുമെന്നും വിശ്വസിക്കണം' (ഹെബ്രാ 11:6).

ഇതിൽ നിന്ന് ഒരു കാര്യം നമുക്കു വ്യക്തമാകും: മതാനുസാരിയായ മനുഷ്യന്റെ പാത നമ്മെ കാത്തു സംരക്ഷിക്കുന്ന ദൈവത്തെ അംഗീകരിക്കുന്നതിലൂടെ കടന്നുപോകുന്നു; ആ ദൈവത്തെ കണ്ടുമുട്ടുക അസാധ്യമല്ല. കണ്ടുമുട്ടാൻ സ്വയം അനുവദിക്കുകയെന്നതല്ലാതെ തന്നെ അന്വേഷിക്കുന്നവർക്ക് മറ്റെന്തു പ്രതിഫലമാണു ദൈവത്തിനു നല്കാനാവുക?

അതിനുമുമ്പു നാം ആബേലിനെ കണ്ടുമുട്ടുന്നു. അവന്റെ വിശ്വാസം പ്രശംസിക്കപ്പെട്ടു. അവൻ സമർപ്പിച്ച കാഴ്ചയിൽ – ആട്ടിൻപറ്റത്തിലെ പ്രഥമജാതരിൽ – ദൈവം പ്രസാദിച്ചു (ഹെബ്രാ 11:4). അനുദിനജീവിതാനുഭവങ്ങളിലും ഋതുക്കളുടെ വൃത്തങ്ങളിലും ഭൂമിയുടെ ഫലപുഷ്ടിയിലും പ്രപഞ്ചത്തിന്റെ ചലനത്തിലും ദൈവത്തിന്റെ അടയാളങ്ങൾ കാണാൻ മതാത്മക മനുഷ്യൻ പരിശ്രമിക്കുന്നു. ദൈവം പ്രകാശിക്കുന്നവനാണ്. ആത്മാർത്ഥ ഹൃദയത്തോടെ അവിടത്തെ അന്വേഷിക്കുന്നവർക്ക് അവിടത്തെ കണ്ടെത്താൻ കഴിയും.

ഈ അന്വേഷണത്തിന്റെ ഒരു പ്രതിബിംബം പൂജരാജാക്കന്മാരിലും കാണാം. അവർ ബേത്‌ലഹെമിലേക്ക് നക്ഷത്രത്താൽ നയിക്കപ്പെട്ടു (cf മത്താ 2:1–12). അവരെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ വെളിച്ചം അവർ നടത്തേണ്ട ഒരു യാത്രയായി, കണ്ടെത്തലിന്റെ പാതയിൽ അവരെ നയിച്ച ഒരു നക്ഷത്രമായി, കാണപ്പെട്ടു. നക്ഷത്രം നമ്മുടെ കണ്ണുകളോടു ദൈവം കാണിക്കുന്ന ക്ഷമയുടെ ഒരടയാളമാണ്. അവിടത്തെ പ്രഭയോടു സുപരിചിതമാകാൻ നമ്മുടെ കണ്ണുകൾ വളരേണ്ടിയിരിക്കുന്നു.

മതാനുസാരിയായ മനുഷ്യൻ ഒരു യാത്രക്കാരനാണ്. അവൻ നയിക്കപ്പെടാനും തന്നിൽ നിന്നു പുറത്തുവരാനും നിരന്തര വിസ്മയത്തിന്റെ ദൈവത്തെ കണ്ടുമുട്ടാനും എപ്പോഴും

സന്നദ്ധനായിരിക്കണം. നമ്മുടെ മാനുഷിക കണ്ണുകളോട് ദൈവം കാണിക്കുന്ന ഈ ആദരം ഒരു കാര്യം നമുക്കു കാണിച്ചുതരുന്നു. അതായത്, പുലരിയിൽ നക്ഷത്രം വിഴുങ്ങപ്പെടുന്നതുപോലെ, നാം ദൈവത്തിന്റെ അടുക്കലേക്കു ചെല്ലുമ്പോൾ അവിടത്തെ പ്രകാശത്തിന്റെ അപരിമേയത്വത്തിൽ നമ്മുടെ പ്രകാശങ്ങൾ ലയിച്ചുപോകുന്നില്ല, പിന്നെയോ, പ്രഭ പ്രതിഫലിപ്പിക്കുന്ന ആദിമാഗ്നിയിലേക്ക് അടുക്കുംതോറും കണ്ണാടിപോലെ കൂടുതൽ കൂടുതൽ പ്രകാശിക്കുന്നു;

ലോകത്തിന്റെ ഏകരക്ഷകനായ യേശുവിലുള്ള ക്രൈസ്തവവിശ്വാസം ദൈവത്തിന്റെ പ്രകാശമെല്ലാം അവിടന്നിൽ കേന്ദ്രീകരിച്ചിരിക്കുന്നുവെന്ന്, അവിടത്തെ 'പ്രഭാപൂരിതമായ ജീവനിൽ' കേന്ദ്രീകരിച്ചിരിക്കുന്നുവെന്ന്, പ്രഘോഷിക്കുന്നു. അതാകട്ടെ ചരിത്രത്തിന്റെ ഉത്പത്തിയും അവസാനവും വെളിപ്പെടുത്തുന്നു.[31] ഈ പ്രകാശത്തിൽ സ്വീകൃതവും ദീപ്തവും ശുദ്ധീകൃതവും അല്ലാത്ത ഒരു മാനുഷികാനുഭവമില്ല; ദൈവത്തിലേക്കുള്ള ഒരു മനുഷ്യയാത്രയും ഇല്ല. ക്രൈസ്തവർ ക്രിസ്തുവിന്റെ പ്രകാശവൃത്തത്തിൽ എത്ര കൂടുതൽ മുഴകുന്നുവോ അത്രയധികം ദൈവത്തിലേക്കുള്ള വഴിയിൽ ഓരോ പുരുഷനെയും സ്ത്രീയെയും മനസ്സിലാക്കുകയും അവരോടൊപ്പം സഞ്ചരിക്കുകയും ചെയ്യും

വിശ്വാസം മാർഗമാകയാൽ, വിശ്വാസികളല്ലെങ്കിലും വിശ്വസിക്കാനാഗ്രഹിക്കുകയും അന്വേഷണം തുടരുകയും ചെയ്യുന്ന സ്ത്രീപുരുഷന്മാരുടെ ജീവിതവുമായും അതു ബന്ധപ്പെട്ടിരിക്കുന്നു. അവർ സ്നേഹത്തോട് ആത്മാർത്ഥമായി തുറവുള്ളവരായിരിക്കുകയും അവർക്ക് കണ്ടെത്താനാവുന്ന ഏതെങ്കിലും വെളിച്ചംകൊണ്ടു യാത്ര നടത്തുകയും ചെയ്യുന്നതനുസരിച്ച്, അക്കാര്യം അവർ അറിയാതിരിക്കുന്നുവെങ്കിലും, അവർ വിശ്വാസത്തിലേക്കു നയിക്കുന്ന പാതയിലായിക്കഴിഞ്ഞു; ദൈവം ഉണ്ടായിരുന്നാലെന്നപോലെ അവർ പ്രവർത്തിക്കാൻ പരിശ്ര

മിക്കുന്നു. അത് ചിലപ്പോൾ പൊതുവായ ജീവിതത്തിന് ഉറപ്പുള്ള ഒരു ദിശാബോധം നല്കുന്നതിന് ദൈവത്തിനുള്ള പ്രാധാന്യം അവർ തിരിച്ചറിയുന്നതുകൊണ്ടാകാം അല്ലെങ്കിൽ ഇരുട്ടിൽ പ്രകാശത്തിനായുള്ള ഒരു ദാഹം അവർ അനുഭവിക്കുന്നതുകൊണ്ടാകാം. എന്നാൽ ഇതുകൂടാതെ, ജീവന്റെ മഹനീയതയും സൗന്ദര്യവും കാണുമ്പോൾ ദൈവസാന്നിധ്യം ജീവിതത്തെ കൂടുതൽ സുന്ദരമാക്കാമെന്ന് അവർ ഉദ്ദർശിക്കുന്നതുകൊണ്ടുമാകാം.

അബ്രഹാം ദൈവത്തിന്റെ ശബ്ദം കേൾക്കുന്നതിനുമുമ്പ് 'തീവ്രമായ ഹൃദയാഭിലാഷത്തോടെ' അവിടത്തെ തേടിയെന്നും, 'ദൈവത്തെ എവിടെ കണ്ടുമുട്ടാനാവുമെന്ന് തന്നോടുതന്നെ ചോദിച്ച് ലോകം മുഴുവനും സഞ്ചരിച്ചെന്നും' 'ഒറ്റയ്ക്ക് നിശ്ശബ്ദതയിൽ തന്നെ തേടിയ അവനോട് ദൈവത്തിനു കരുണ തോന്നുന്നതുവരെ അങ്ങനെ ചെയ്തുവെന്നും' ലിയോൺസിലെ വിശുദ്ധ ഇറെനേവൂസ് പറയുന്നു.[32]

മറ്റുള്ളവർക്ക് നന്മ ചെയ്യാനുള്ള വഴിയേ പുറപ്പെടുന്ന ഏതു വ്യക്തിയും ദൈവത്തിലേക്ക് അടുത്തുകഴിഞ്ഞു. അവിടത്തെ സഹായത്താൽ പിന്താങ്ങപ്പെട്ടുകഴിഞ്ഞു. എന്തെന്നാൽ നാം എപ്പോഴെല്ലാം സ്നേഹത്തിന്റെ പൂർണതയിലേക്കു സഞ്ചരിക്കുന്നുവോ അപ്പോഴെല്ലാം നമ്മുടെ കണ്ണുകളെ കൂടുതൽ പ്രകാശിപ്പിക്കുകയെന്നത് ദൈവിക പ്രകാശത്തിന്റെ സവിശേഷമായ പ്രവർത്തനശൈലിയാണ്.

### *വിശ്വാസവും ദൈവശാസ്ത്രവും*

**36.** വിശ്വാസം വെളിച്ചമായതുകൊണ്ട് അത് നമ്മെ അതിലേക്കു കടന്നു ചെല്ലാൻ ക്ഷണിക്കുന്നു. നമ്മുടെ സ്നേഹത്തിന്റെ വിഷയം ഏറെ നന്നായി അറിയുന്നതിനുവേണ്ടി അതു പ്രകാശിപ്പിക്കുന്ന ചക്രവാളത്തെ കൂടുതൽ പൂർണമായി അന്വേഷിച്ചറിയാൻ ക്ഷണിക്കുന്നു. ക്രൈസ്തവ ദൈവശാസ്ത്രം ഈ

ആഗ്രഹത്തിൽ നിന്നു ജനിച്ചതാണ്. തീർച്ചയായും വിശ്വാസമില്ലാതിരുന്നാൽ ദൈവശാസ്ത്രമുണ്ടാവുക അസാധ്യമാണ്. ക്രിസ്തുരഹസ്യത്തിൽ പൂർത്തിയായ ദൈവത്തിന്റെ സ്വയാവിഷ്കാരത്തിന്റെ അത്യഗാധമായ യുക്തിയെ അന്വേഷിക്കുന്ന വിശ്വാസത്തിന്റെ തന്നെ ചലനാത്മകതയോട് ദൈവശാസ്ത്രം ബന്ധപ്പെട്ടിരിക്കുന്നു. ഇതിൽനിന്ന് ഒരു വസ്തുത വ്യക്തമാണ്: പരീക്ഷണാത്മകശാസ്ത്രങ്ങളുടെ രീതിയനുസരിച്ച് മനുഷ്യബുദ്ധി അപഗ്രഥിക്കാനും ഗ്രഹിക്കാനും നടത്തുന്ന പരിശ്രമത്തെക്കാൾ കൂടുതലായിട്ടുള്ളതാണ് ദൈവശാസ്ത്രം.

ദൈവത്തെ ഒരു വസ്തു (വിഷയം) ആയി ചുരുക്കാൻ സാധ്യമല്ല. അവിടന്ന് തന്നെപ്പറ്റിത്തന്നെ അറിയിക്കുന്നവനും വ്യക്ത്യന്തരബന്ധത്തിലൂടെ ദർശിക്കപ്പെടുന്നവനുമായ ഒരു കർത്താവാണ് (Subjectv). ശരിയായ വിശ്വാസം ദൈവത്തിൽ നിന്നു വരുന്ന പ്രകാശത്തിലേക്ക് സ്വയം തുറക്കാൻ യുക്തിയെ നയിക്കുന്നു. അങ്ങനെ സത്യത്തോടുള്ള സ്നേഹത്താൽ നയിക്കപ്പെട്ട് ദൈവത്തെക്കുറിച്ചുള്ള കൂടുതൽ അഗാധമായ ജ്ഞാനത്തിലേക്കു വരാൻ ആ യുക്തിക്കു കഴിയും.

വിശ്വാസത്തിന്റെ ശാസ്ത്രമെന്ന നിലയിൽ ദൈവശാസ്ത്രം ദൈവത്തിനു തന്നെക്കുറിച്ചു തന്നെയുള്ള അറിവിലുള്ള പങ്കുചേരലാണെന്ന് മധ്യയുഗത്തിലെ മഹാന്മാരായ ദൈവശാസ്ത്രജ്ഞരും അധ്യാപകരും ശരിയായിത്തന്നെ പറഞ്ഞു. അത് ദൈവത്തെക്കുറിച്ചുള്ള നമ്മുടെ പ്രതിപാദനം മാത്രമല്ല, പിന്നെയോ അത് പ്രഥമവും പ്രധാനവുമായി ദൈവം നമ്മോടു സംസാരിക്കുന്ന വചനം സ്വീകരിക്കലും അതിനെ കൂടുതലായി മനസ്സിലാക്കാനുള്ള പരിശ്രമിക്കലുമാണ്. ദൈവം തന്നെപ്പറ്റിത്തന്നെ പറയുന്ന വചനമാണത്. എന്തെന്നാൽ അവിടന്ന് കൂട്ടായ്മയുടെ ശാശ്വതസംവാദമാണ്. ഈ സംവാദത്തിലേക്കു അവിടന്ന് നമ്മെ പ്രവേശിക്കുന്നു.[33]

അങ്ങനെ ദൈവത്താൽ 'സ്പർശിക്കപ്പെടാൻ' വേണ്ട വിനയമുണ്ടായിരിക്കണമെന്ന് ദൈവശാസ്ത്രം ആവശ്യപ്പെടുന്നു. മഹാരഹസ്യത്തിനുമുമ്പിൽ സ്വന്തം പരിമിതികൾ അംഗീകരിച്ചുകൊണ്ട്, യുക്തിയുടേതായ ശിക്ഷണരീതിയോടെ, ഈ മഹാരഹസ്യത്തിന്റെ അക്ഷയസമ്പത്ത് അന്വേഷിക്കാൻ പരിശ്രമിക്കുമ്പോൾ വിനയമുണ്ടായിരിക്കണമെന്ന് അത് ആവശ്യപ്പെടുന്നു.

വിശ്വാസത്തിന്റെ സഭാത്മകരൂപത്തിലും ദൈവശാസ്ത്രം പങ്കുപറ്റുന്നുണ്ട്. അതിന്റെ പ്രകാശം സഭയാകുന്ന വിശ്വസിക്കുന്ന വ്യക്തിയുടെ പ്രകാശമാണ്. ഒരു വശത്ത്, ദൈവശാസ്ത്രം ക്രിസ്ത്യാനികളുടെ വിശ്വാസത്തിനു സേവനം ചെയ്യണമെന്നും എല്ലാവരുടെയും, പ്രത്യേകിച്ച് സാധാരണ വിശ്വാസികളുടെ, വിശ്വാസത്തെ സംരക്ഷിക്കുകയും ആഴപ്പെടുത്തുകയും ചെയ്യണമെന്നും ഇത് അർത്ഥമാക്കുന്നു.

മറുവശത്ത്, ദൈവശാസ്ത്രം വിശ്വാസത്തിൽ നിന്നു ജീവൻ സ്വീകരിക്കുന്നതുകൊണ്ട് മാർപാപ്പയുടെയും അദ്ദേഹവുമായി ഐക്യത്തിൽക്കഴിയുന്ന മെത്രാന്മാരുടെയും പ്രബോധനാധികാരത്തെ ബാഹ്യമായ ഒന്നായി, അതിന്റെ സ്വാതന്ത്ര്യത്തിന്റെ പരിമിതിയായി കരുതാൻ പാടില്ലെന്നും അർത്ഥമാക്കുന്നു. മറിച്ച് അതിന്റെ ആന്തരികവും ഘടനാപരവുമായ മാനങ്ങളിലൊന്നായി പ്രബോധനാധികാരത്തെ കരുതണം. എന്തെന്നാൽ, പ്രബോധനാധികാരം ആദിമസ്രോതസുമായുള്ള നമ്മുടെ ബന്ധത്തിന് ഉറപ്പു നല്കുന്നു. അങ്ങനെ ക്രിസ്തുവിന്റെ വചനത്തെ അതിന്റെ സമഗ്രതയിൽ പ്രാപിക്കാമെന്നതിന്റെ തീർച്ച നല്കുകയും ചെയ്യുന്നു.

# എനിക്കു ലഭിച്ചത്... ഞാൻ നിങ്ങൾക്ക് ഏല്പിച്ചുതന്നു

*(cf. 1 കോറി. 15:3)*

## *സഭ നമ്മുടെ വിശ്വാസത്തിന്റെ മാതാവ്*

**37.** തങ്ങളുടെ ഹൃദയം ദൈവസ്നേഹത്തിലേക്കു തുറക്കുകയും അവിടത്തെ ശബ്ദം കേൾക്കുകയും അവിടത്തെ പ്രകാശം സ്വീകരിക്കുകയും ചെയ്തവർക്ക് ഈ ദാനം സ്വന്തമാക്കി വയ്ക്കാൻ കഴിയുകയില്ല. വിശ്വാസം കേൾവിയും കാഴ്ചയുമാകയാൽ അത് വചനമായും പ്രകാശമായും കൈമാറപ്പെടുന്നു. വിശുദ്ധ പൗലോസ് കോറിന്തോസുകാർക്ക് എഴുതുമ്പോൾ ഈ രണ്ടു പ്രതിബിംബങ്ങൾ തന്നെ ഉപയോഗിക്കുന്നുണ്ട്. ഒരുവശത്ത് അദ്ദേഹം ഇങ്ങനെ പറയുന്നു: 'ഞാൻ വിശ്വസിച്ചു; അതിനാൽ ഞാൻ സംസാരിച്ചു എന്ന് എഴുതിയ

വന്റെ വിശ്വാസചൈതന്യംതന്നെ ഞങ്ങൾക്കുള്ളതുകൊണ്ട് ഞങ്ങളും വിശ്വസിക്കുകയും സംസാരിക്കുകയും ചെയ്യുന്നു' (2 കോറി. 4:13).

ഒരിക്കൽ സ്വീകരിക്കപ്പെടുന്ന വചനം ഒരു പ്രത്യുത്തരമായി ത്തീരുന്നു, വിശ്വാസത്തിന്റെ ഒരു ഏറ്റുപറച്ചിലായിത്തീരുന്നു, അതു മറ്റുള്ളവരിലേക്കു വ്യാപിക്കുകയും വിശ്വസിക്കാൻ അവരെ ക്ഷണിക്കുകയും ചെയ്യുന്നു.

പൗലോസ് ശ്ലീഹ പ്രകാശത്തിന്റെ പ്രതിബിംബവും ഉപ യോഗിക്കുന്നുണ്ട്: 'കർത്താവിന്റെ മഹത്ത്വം കണ്ണാടിയിലെന്ന പോലെ മൂടുപടമണിയാത്ത മുഖത്ത് പ്രതിഫലിക്കുന്ന നാമെ ല്ലാവരും അവിടത്തെ സാദൃശ്യത്തിലേക്ക് മഹത്ത്വത്തിൽ നിന്നു മഹത്ത്വത്തിലേക്ക് രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുക യാണ്' (2 കോറി 3:18). ഒരു

മുഖത്തുനിന്ന് മറ്റൊരു മുഖത്തേക്ക് പ്രതിഫലിക്കുന്ന പ്രകാ ശമാണത്. ദൈവത്തോടു സംസാരിച്ചുകഴിഞ്ഞപ്പോൾ മോശ യുടെ മുഖത്ത് ഉണ്ടായ ദൈവമഹത്ത്വത്തിന്റെ പ്രതിഫലന മെന്നപോലെ തന്നെ: 'ദൈവം തന്നെയാണ് ക്രിസ്തുവിന്റെ മുഖത്തു വെളിവാക്കപ്പെട്ട ദൈവതേജസിനെപ്പറ്റിയുള്ള അറി വിന്റെ പ്രകാശം ഞങ്ങൾക്കു തരേണ്ടതിന് ഞങ്ങളുടെ ഹൃദയ ങ്ങളെ പ്രകാശിപ്പിച്ചിരിക്കുന്നത്' (2 കോറി 4:6).

ക്രിസ്തുവിന്റെ തേജസ്സ്, കണ്ണാടിയിലെന്നപോലെ ക്രൈസ് തവരുടെ മുഖത്ത് പ്രകാശിക്കുന്നു. അതു വ്യാപിക്കുമ്പോൾ നമ്മിലേക്ക് ഇറങ്ങി വരുന്നു. ആ ദർശനത്തിൽ പങ്കുചേരാനും മറ്റുള്ളവരിലേക്ക് ആ പ്രകാശം പ്രതിബിംബിക്കാനും നമുക്കും കഴിയേണ്ടതിനുതന്നെ. ഈസ്റ്റർ ദിവസത്തെ ലിറ്റർജിയിൽ പെ സഹാത്തിരിയിൽനിന്ന് മറ്റ് അസംഖ്യം തിരികൾ തെളിക്കു ന്നതുപോലെ തന്നെയാണത്.

ഒരു വ്യക്തിക്കു മറ്റൊരു വ്യക്തിയുമായുള്ള സമ്പർക്കത്തിലൂടെ വിശ്വാസം കൈമാറപ്പെടുന്നുവെന്നു പറയാം. ഒരു മെഴുകുതിരി മറ്റൊരു മെഴുകുതിരിയിൽ നിന്നു കത്തിക്കപ്പെടുന്നതുപോലെതന്നെയാണത്. ഒരുവൻ മരമായിത്തീരാനും ലോകത്തെ ഫലങ്ങൾ കൊണ്ടുനിറയ്ക്കാൻ കഴിയുന്നത്ര ഫലഭൂയിഷ്ഠമായ ഒരു വിത്ത് തങ്ങളുടെ ദാരിദ്ര്യത്തിൽ ക്രൈസ്തവർ നടുന്നു.

**38.** എല്ലാ സ്ഥലത്തുമുള്ള എല്ലാ സ്ത്രീപുരുഷന്മാർക്കും വേണ്ടി പ്രശോഭിക്കുന്ന വിശ്വാസത്തിന്റെ കൈമാറ്റം കാലത്തിലൂടെയും കടന്നുപോകുന്നു; ഒരു തലമുറയിൽനിന്നു മറ്റൊരു തലമുറയിലേക്ക്. വിശ്വാസം ചരിത്രത്തിൽ സംഭവിക്കുന്ന ഒരു കണ്ടുമുട്ടലിൽ നിന്നു ജനിക്കുകയും കാലത്തിലൂടെയുള്ള നമ്മുടെ യാത്രയെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. തന്മൂലം അത് യുഗയുഗാന്തരങ്ങളിലൂടെ കൈമാറപ്പെടണം. സാക്ഷികളുടെ ഇടമുറിയാത്ത ഒരു ശൃംഖലയിലൂടെയാണ് യേശുവിന്റെ മുഖം കാണാൻ നമുക്കു കഴിയുന്നത്.

എന്നാൽ ഇത് എങ്ങനെ സാധ്യമാകും? ഇത്രയും നൂറ്റാണ്ടുകളി

ലൂടെ നമ്മൾ 'യഥാർത്ഥ യേശുവിനെ' ത്തന്നെയാണ് കണ്ടുമുട്ടിയതെന്ന് എങ്ങനെ തീർച്ചപ്പെടുത്താനാവും? മനുഷ്യൻ കേവലം ഒറ്റപ്പെട്ട വ്യക്തിയായിരുന്നെങ്കിൽ, സ്വന്തം അറിവിന്റെ ഉറപ്പ് തന്നിൽത്തന്നെ തേടുന്ന വൈയക്തിക അഹത്തിൽ നിന്നു മാത്രമാണ് അവൻ തുടങ്ങിയിരുന്നതെങ്കിൽ അത്തരമൊരു സുനിശ്ചിതത്വം തീർത്തും അസാധ്യമാകുമായിരുന്നു. എന്നിൽ നിന്ന് ഏറെ അകന്ന ഒരു കാലഘട്ടത്തിൽ സംഭവിച്ചത് എന്തെന്നറിയാൻ എനിക്കുതന്നെ സാധ്യമല്ല.

എന്നാൽ, അറിവു സമ്പാദിക്കുന്ന മാർഗം ഇതു മാത്രമല്ല. വ്യക്തി എപ്പോഴും ബന്ധങ്ങളിലാണ് ജീവിക്കുന്നത്. മറ്റുള്ളവരിൽ നിന്നു അവൻ വരുന്നു. അവൻ മറ്റുള്ളവരുടേതായിരിക്കുന്നു. അവന്റെ ജീവിതം മറ്റുള്ളവരുമായുള്ള കണ്ടുമുട്ടലിൽ വികസിക്കുന്നു. നമ്മുടെ അറിവും ആത്മാവബോധം തന്നെയും ബന്ധാധിഷ്ഠിതമാണ്. അവ നമുക്കു മുമ്പേ പോയ മറ്റുള്ളവരോടു ബന്ധപ്പെട്ടാണിരിക്കുന്നത്. ഒന്നാമതായി, നമുക്കു ജീവനും പേരും തന്ന നമ്മുടെ മാതാപിതാക്കന്മാരോട്. ഭാഷ തന്നെ, നമ്മുടെ ജീവിതത്തിനും നമുക്കു ചുറ്റുമുള്ള ലോകത്തിനും അർത്ഥം കല്പിച്ചു കൊടുക്കുന്ന ഭാഷ തന്നെ, മറ്റുള്ളവരിൽ നിന്ന്, അവരുടെ സജീവസ്മരണാശക്തിയിൽ സംരക്ഷിക്കപ്പെട്ട്, നമ്മിലേക്കു വരുന്നു. കൂടുതൽ മഹത്തായ ഒരു സ്മരണയിൽ പങ്കുചേരുമ്പോൾ മാത്രമാണ് ആത്മാവബോധം തന്നെ സാധ്യമാകുന്നത്.

മാനുഷികധാരണയെ അതിന്റെ പൂർണതയിലേക്കു കൊണ്ടുവരുന്ന വിശ്വാസത്തെ സംബന്ധിച്ചും ഇതു ശരിയാണ്. വിശ്വാസത്തിന്റെ ഭൂതകാലം, ലോകത്തിനു പുതുജീവൻ നല്കിയ യേശുവിന്റെ സ്നേഹപ്രവൃത്തി, മറ്റുള്ളവരുടെ ഓർമ്മയിലൂടെയാണ് – സാക്ഷ്യങ്ങളിലൂടെയാണ് – നമ്മിലേക്കു വരുന്നത്. അത് സഭയാകുന്ന ഏകസ്മരണാപാത്രത്തിൽ സജീവമായി കാത്തുസൂക്ഷിക്കപ്പെടുന്ന ഒന്നാണ്. വിശ്വാസത്തിന്റെ ഭാഷ സംസാരിക്കാൻ നമ്മെ പഠിപ്പിക്കുന്ന അമ്മയാണ് സഭ.

വിശ്വാസത്തെയും സ്മരണയെയും അവഗാഢം ഒന്നിപ്പിച്ചും അവ രണ്ടിനെയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോടു ബന്ധിപ്പിച്ചും വിശുദ്ധ യോഹന്നാൻ തന്റെ സുവിശേഷത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. യേശു പറയുന്നു: 'പരിശുദ്ധാത്മാവ്...ഞാൻ നിങ്ങളോടു പറഞ്ഞതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കും' (യോഹ 14:26). സഭയിൽ നിവസിക്കുന്ന സ്നേഹം തന്നെയായ ആത്മാവ് എല്ലാ യുഗങ്ങളെയും പരസ്പരബന്ധത്തിൽ നിലനിറുത്തുകയും നമ്മെ യേശുവിന്റെ സമകാലീനരാക്കുകയും ചെയ്യുന്നു. നമ്മുടെ വിശ്വാസതീർത്ഥാടനത്തിൽ അങ്ങനെ നമ്മെ നയിക്കുകയും ചെയ്യുന്നു.

**39.** ഒറ്റയ്ക്ക് വിശ്വസിക്കുക അസാധ്യമാണ്. വിശ്വാസിയുടെ ആന്തരികതയിൽ സംഭവിക്കുന്ന കേവലം വ്യക്തിപരമായ തിരഞ്ഞെടുപ്പല്ല വിശ്വാസം. അത് വിശ്വാസിയുടെ 'ഞാനും' ദൈവിക' 'നീ'യും തമ്മിലുള്ള, സർവസ്വതന്ത്രനായ ഒരു മനുഷ്യവ്യക്തിയും ദൈവവും തമ്മിലുള്ള, തീർത്തും ദ്വീപുസമാനമായ ഒരു ബന്ധമല്ല. വിശ്വാസം പ്രകൃത്യാ സഭയെന്ന 'നമ്മിലേക്കു' തുറന്നിരിക്കുന്ന ഒന്നാണ്. അത് എപ്പോഴും സഭയുമായുള്ള കൂട്ടായ്മയിലാണ് ഉണ്ടാകുന്നത്. മാമ്മോദീസയുടെ ലിറ്റർജിയിൽ ഉപയോഗിക്കുന്ന വിശ്വാസപ്രമാണത്തിന്റെ ചോദ്യോത്തര രൂപം നമ്മെ ഇക്കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്. നമ്മുടെ വിശ്വാസം ഒരു ക്ഷണത്തോടുള്ള, എന്റെ സ്വന്തമല്ലാത്തതും, എന്നാൽ കേൾക്കപ്പെടേണ്ടതുമായ ഒരു വാക്കിനോടുള്ള, ഒരു പ്രത്യുത്തരമായി പ്രകാശിപ്പിക്കപ്പെടുന്നു. അത് ഒരു സംവാദത്തിന്റെ ഭാഗമായിട്ടാണ് നിലകൊള്ളുന്നത്. അതിന് കേവലം ഒരു വ്യക്തിയിൽ ജനിക്കുന്ന ഏറ്റുപറച്ചിലാകാനാവില്ല. 'ഞാൻ വിശ്വസിക്കുന്നു' എന്ന് നമുക്കു ഏകവചനത്തിൽ പ്രത്യുത്തരിക്കാനാവുന്നത് നാം കൂടുതൽ വലിയ ഒരു കൂട്ടായ്മയുടെ ഭാഗമായതുകൊണ്ടുമാത്രമാണ്, 'ഞങ്ങൾ വിശ്വസിക്കുന്നു' എന്നുകൂടി നമ്മൾ ഏറ്റുപറയുന്നതുകൊണ്ടുമാത്രമാണ്. സഭാത്മകമായ 'ഞങ്ങളി'ലേക്കുള്ള ഈ

തുറവ് ദൈവത്തിന്റെ തന്നെ സ്നേഹത്തിന്റെ തുറവിനെ പ്രതിഫലിപ്പിക്കുന്നുണ്ട്. അത് പിതാവും പുത്രനും തമ്മിലുള്ള, ഒരു 'ഞാനും' ഒരു 'നീയും' തമ്മിലുള്ള, ബന്ധം മാത്രമല്ല, മറിച്ച് അത് പരിശുദ്ധാത്മാവിൽ ഒരു 'ഞങ്ങൾ' ആണ്, വ്യക്തികളുടെ ഒരു കൂട്ടായ്മയാണ്.

ഇതിനാലാണ് വിശ്വസിക്കുന്നവൻ ഒരിക്കലും എകനല്ലാത്തത്. വിശ്വാസം വ്യാപിക്കാനുള്ള അതിന്റെ ആനന്ദത്തിലേക്ക് അപരരെ, ക്ഷണിക്കാനുള്ള പ്രവണത കാണിക്കുന്നത്. വിശ്വാസം സ്വീകരിക്കുന്നവൻ തന്റെ സ്വത്വത്തിന്റെ ചക്രവാളങ്ങൾ വികസിക്കുന്നെന്നും തന്നിൽ ജീവിതത്തെ സമ്പന്നമാക്കുന്ന പുതിയ ബന്ധങ്ങൾ രൂപം കൊള്ളുന്നുവെന്നും തിരിച്ചറിയുന്നു. തെർത്തുല്യൻ ഈ വസ്തുത നന്നായി വിവരിക്കുന്നുണ്ട്: 'പുതിയ ജനനം നല്കുന്ന ക്ഷാളനത്തിനുശേഷം' ജ്ഞാനസ്നാനാർത്ഥി (സഭയാകുന്ന) മാതൃഭവനത്തിലേക്ക് സ്വീകരിക്കപ്പെടുന്നു; ഒരു പുതിയ കുടുംബത്തിന്റെ അംഗമെന്ന നിലയിൽ തങ്ങളുടെ സഹോദരങ്ങളോടൊപ്പം കൈകൾ വിരിച്ച് 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന ചൊല്ലുന്നു..34

## *കൂദാശകളും വിശ്വാസകൈമാറ്റവും*

**40.** ഏതു കുടുംബത്തെയുമെന്നപോലെ സഭ തന്റെ സ്മരണകളുടെ ഭണ്ഡാഗാരം തന്റെ മക്കൾക്കു കൈമാറുന്നു. എന്നാൽ വിശ്വാസപൈതൃകത്തിൽ എല്ലാ കാര്യവും, ഒന്നും നഷ്ടപ്പെടാതെ, കൂടുതൽ ആഴത്തിൽ മനസ്സിലാകത്തക്കവിധം എങ്ങനെ കൈമാറാനാവും? പരിശുദ്ധാത്മാവിന്റെ സഹായത്തോടെ സഭയിൽ കാത്തുസൂക്ഷിക്കപ്പെടുന്ന അപ്പസ്തോലിക പാരമ്പര്യത്തിലൂടെയാണ് നാം അടിസ്ഥാനപരമായ ഓർമ്മയുമായി സജീവബന്ധം പുലർത്തുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നതുപോലെ, അപ്പസ്തോലന്മാരിൽ നിന്ന് കൈമാറിക്കിട്ടിയതിൽ ദൈവജനത്തിന് വിശുദ്ധിയിൽ ജീവി

ക്കാനും വിശ്വാസത്തിൽ വളരാനും സഹായകമായതെല്ലാം അടങ്ങിയിരിക്കുന്നു. ഇപ്രകാരം 'സഭ തന്റെ പ്രബോധനത്തിലും ജീവിതത്തിലും ആരാധനയിലും താൻ എന്തായിരിക്കുന്നുവോ അതു മുഴുവനും, വിശ്വസിക്കുന്ന എല്ലാ കാര്യങ്ങളും ശാശ്വതമാക്കുകയും സകല തലമുറകൾക്കും പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.[35]

വിശ്വാസത്തിന് സാക്ഷ്യം വഹിക്കാനും സംവേദിക്കാനും അതിനു ചേർന്നതും ആനുപാതികവുമായ ഒരു പശ്ചാത്തലം ആവശ്യമുണ്ട്. കേവലം സിദ്ധാന്തപരമായ ഉള്ളടക്കം കൈമാറാൻ ഒരാശയം മതിയാകും; അല്ലെങ്കിൽ ഒരു ഗ്രന്ഥമോ പറയപ്പെട്ട വാക്കിന്റെ ആവർത്തനമോ മതിയാകും. എന്നാൽ, സഭയിൽ അറിയിക്കപ്പെടുന്നത്, അവളുടെ സജീവപാരമ്പര്യത്തിൽ കൈമാറപ്പെടുന്നത്, ദൈവവുമായുള്ള കണ്ടുമുട്ടലിൽ നിന്നുണ്ടായ പുതിയ വെളിച്ചമാണ്. നമ്മുടെ വ്യക്തിത്വത്തിന്റെ അഗാധതയെ സ്പർശിക്കുകയും ദൈവത്തോടും അപരനോടും ഉള്ള സജീവ കൂട്ടായ്മയിൽ ബന്ധങ്ങളിലേക്കു വ്യക്തിയെ തുറന്നുകൊണ്ട് അപരന്റെ മനസ്സിനെയും ഇച്ഛാശക്തിയെയും വികാരങ്ങളെയും വ്യാപരിപ്പിക്കുകയും ചെയ്യുന്ന ഒരു വെളിച്ചമാണത്.

ഈ പൂർണത കൈമാറാൻ സവിശേഷമായ ഒരു മാർഗമുണ്ട്. മുഴുവൻ വ്യക്തിയെയും ശരീരത്തെയും ചൈതന്യത്തെയും ആന്തരികജീവിതത്തെയും മറ്റുള്ളവരുമായിട്ടുള്ള ബന്ധങ്ങളെയും പ്രവർത്തിപ്പിക്കാൻ ശക്തിയുള്ള ഒരു മാർഗമാണത്. സഭയുടെ ലിറ്റർജിയിൽ ആഘോഷിക്കപ്പെടുന്ന കൂദാശകളാണത്. നമ്മുടെ ജീവിതത്തിന്റെ കാലങ്ങളോടും സ്ഥലങ്ങളോടും ബന്ധപ്പെട്ടും നമ്മുടെ എല്ലാ ഇന്ദ്രിയങ്ങളോടും ബന്ധപ്പെട്ടും മനുഷ്യാവതാരം ചെയ്ത ഒരു സ്മരണയെ കൂദാശകൾ സംവേദനം ചെയ്യുന്നു.

ഒരു സജീവശരീരത്തിലെ അവയവമെന്ന നിലയിലും സമൂ

ഹാത്മകബന്ധങ്ങളുടെ നെറ്റുവർക്കിന്റെ ഭാഗമെന്ന നിലയിലും അവയിൽ മുഴുവൻ വ്യക്തിയും വ്യാപരിക്കുന്നു. കൂദാശകൾ വിശ്വാസത്തിന്റെ കൂദാശകളാണെന്നു[36] പറയുന്നത് സത്യമാണെങ്കിൽ, വിശ്വാസത്തിനുതന്നെ ഒരു കൗദാശികമായ ഘടനയുണ്ടെന്നു പറയുന്നതും സത്യമാണ്. മനുഷ്യജീവിതത്തെക്കുറിച്ചും ക്രൈസ്തവാസ്തിത്വത്തെക്കുറിച്ചുമുള്ള ഒരു പുതിയ കൗദാശികബോധത്തിന്റെ ഉണരിലിലൂടെയാണ് വിശ്വാസത്തിന്റെ ഉണരൽ കടന്നുപോകുന്നത്. ദൃശ്യവും ഭൗതികവുമയ യാഥാർത്ഥ്യങ്ങൾ എങ്ങനെയാണ് നിത്യതയുടെ രഹസ്യത്തിലേക്ക് സ്വയം തുറക്കുന്നതെന്ന് അതു നമുക്കു കാണിച്ചുതരുന്നു.

41. വിശ്വാസകൈമാറ്റം പ്രഥമവും പ്രധാനവുമായി മാമ്മോദീസയിൽ നടക്കുന്നു. മാമ്മോദീസ വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ പ്രതീകവത്കരിക്കാനുള്ള ഒരു രീതി മാത്രമാണെന്നും അതു പ്രതീകങ്ങളും അടയാളങ്ങളും ആവശ്യമായിരിക്കുന്നവർക്കുള്ള ഒരു പ്രബോധനരീതി മാത്രമാണെന്നും ആത്യന്തികമായി അനാവശ്യമാണെന്നും ചിലർ ചിന്തിച്ചേക്കാം. മാമ്മോദീസയെക്കുറിച്ചുള്ള വിശുദ്ധ പൗലോസ് ശ്ലീഹയുടെ ഒരു നിരീക്ഷണം ഈ അഭിപ്രായം ശരിയല്ലെന്ന് നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: 'അങ്ങനെ അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്' (റോമാ 6:4).

മാമ്മോദീസയിൽ നാം പുതിയ സൃഷ്ടികളും ദൈവത്തിന്റെ ദത്തുസന്തതികളുമായിത്തീരുന്നു. ക്രൈസ്തവരെ പ്രബോധനത്തിന്റെ ഒരു മാനദണ്ഡം (typos didaches) ഭരമേല്പിച്ചിരിക്കുന്നുവെന്നും അതിപ്പോൾ അവർ ഹൃദയപൂർവം

അനുസരിക്കുന്നുവെന്നും അപ്പസ്തോലൻ തുടർന്നുപറയുന്നുണ്ട് (cf. റോമാ 6:17). മാമ്മോദീസയിൽ ഏറ്റുപറയേണ്ട ഒരു പ്രബോധനവും മൂർത്തമായ ഒരു ജീവിതരിതീയും ഒരുവൻ സ്വീകരിക്കുന്നു. ഇത് അവന്റെ മുഴുവ്യക്തിത്വത്തിന്റെയും കൂട്ടുചേരൽ ആവശ്യപ്പെടുന്നതും അവനെ നന്മയിലേക്ക് വഴിനടത്തുന്നതുമാണ്. മാമ്മോദീസ സ്വീകരിച്ചവർ സഭയിൽ പുതിയൊരു സാഹചര്യത്തിലേക്കു മാറ്റി സ്ഥാപിക്കപ്പെടുന്നു. പുതിയൊരു സാഹചര്യത്തിന്, പ്രവർത്തനത്തിന്റെ നവീനവും ഭാഗഭാഗിത്വവുമുള്ള രീതിക്ക്, ഏല്പിക്കപ്പെടുന്നു.

അപ്പോൾ വിശ്വാസമെന്നത് ഒറ്റപ്പെട്ട വ്യക്തിയുടെ നേട്ടമല്ലെന്ന് മാമ്മോദീസ നമുക്കു കാണിച്ചുതരുന്നു. ഒരുവനു തനിച്ചു ചെയ്യാവുന്ന ഒരു കർമ്മവുമല്ല അത്. ദൈവത്തിന്റെ ദാനം കൈമാറുന്ന സഭാത്മകകൂട്ടായ്മയിലേക്കു പ്രവേശിക്കുന്നതു വഴി സ്വീകരിക്കേണ്ട ഒന്നാണത്. ഒരുവനും സ്വശക്തികൊണ്ട് ഈ ലോകത്തിലേക്കു വരുന്നില്ല എന്നതുപോലെ ഒരുവനും തന്നെത്തന്നെ മാമ്മോദീസ മുക്കുന്നില്ല. മാമ്മോദീസ നാം സ്വീകരിക്കുന്ന ഒന്നാണ്.

42. പുതിയ ഈ 'പ്രബോധന രീതിയിലേക്കു' നമ്മെ പ്രവേശിപ്പിക്കുന്ന മാമ്മോദീസയുടെ ഘടകങ്ങൾ ഏവയാണ്? ഒന്നാമതായി, പരിശുദ്ധത്രിത്വത്തിന്റെ പേര് - പിതാവും പുത്രനും പരിശുദ്ധാത്മാവും- സ്നാനാർത്ഥിയുടെമേൽ വിളിച്ച് അപേക്ഷിക്കപ്പെടുന്നു. അങ്ങനെ ആരംഭത്തിൽത്തന്നെ വിശ്വാസയാത്രയുടെ ഒരു ഉദ്ഗ്രഥനം നല്കപ്പെടുന്നു. അബ്രാഹത്തെ വിളിച്ചവനും അബ്രാഹത്തിന്റെ ദൈവമെന്നു വിളിക്കപ്പെടാൻ ഇഷ്ടപ്പെട്ടവനുമായ ദൈവം, മോശയ്ക്ക് തന്റെ നാമം വെളിപ്പെടുത്തിയ ദൈവം, തന്റെ പുത്രനെ നമുക്കു നല്കിക്കൊണ്ട് തന്റെ നാമത്തിന്റെ രഹസ്യം പൂർണമായി വെളിപ്പെടുത്തിയ ദൈവം, ഇപ്പോൾ മാമ്മോദീസ സ്വീകരിച്ച വ്യക്തിക്ക് പുത്രസഹജമായ ഒരു തനിമ നല്കുന്നു.

ഇതു ജലത്തിൽ മുക്കൽ എന്ന മാമ്മോദീസാകർമ്മത്തിൽ ത്തന്നെ വ്യക്തമായി കാണാം: മഹത്തരമായ ഒരു 'ദൈവിക ഞാനി'ലേക്കു തുറവുണ്ടാകാൻ വേണ്ടി 'ഞാൻ' എന്ന വ്യക്തി മാനസാന്തരത്തിലൂടെ കടന്നുപോകാൻ മരണത്തിന്റെ പ്രതീക മായ ജലം എന്നെ ക്ഷണിക്കുന്നു. ജലം ജീവന്റെ പ്രതീകവു മാകുന്നു. ക്രിസ്തുവിനെ അവിടത്തെ നവജീവിതത്തിൽ പിൻ ചെല്ലുന്നതുവഴി നാം വീണ്ടും ജനിക്കുന്ന ഗർഭപാത്രത്തിന്റെ പ്രതീകവുമാകുന്നു ജലം.

ഇങ്ങനെ ജലത്തിൽ മുങ്ങൽ വഴി വിശ്വാസത്തിന്റെ മനു ഷ്യാവതാരഘടനയെപ്പറ്റി മാമ്മോദീസ നമ്മോടു പറയുന്നു. ക്രിസ്തുവിന്റെ പ്രവൃത്തി നമ്മുടെ അസ്തിത്വത്തിന്റെ അഗാധ തലങ്ങളെ സ്പർശിക്കുന്നു. നമ്മെ മൗലികമായി രൂപാന്തരപ്പെ ടുത്തുന്നു. നമ്മെ ദൈവത്തിന്റെ ദത്തുസന്തതികളും ദൈവിക സ്വഭാവത്തിൽ പങ്കുകാരുമാക്കുന്നു. അത് അങ്ങനെ നമ്മുടെ സകല ബന്ധങ്ങളെയും ഈ ലോകത്തിലും പ്രപഞ്ചത്തി ലുമുള്ള നമ്മുടെ സ്ഥാനത്തെയും രൂപാന്തരപ്പെടുത്തുന്നു. അവയെ ദൈവത്തിന്റെ തന്നെ കൂട്ടായ്മയുടെ ജീവിതത്തി ലേക്ക് തുറക്കുകയും ചെയ്യുന്നു.

മാമ്മോദീസയിൽ സംഭവിക്കുന്ന ഈ മാറ്റം, നവസുവി ശേഷവത്കരണത്തെ സംബന്ധിച്ചിടത്തോളം, സ്നാനാർ ത്ഥിത്വത്തിന്റെ (Catachumanate) അനന്യമായ പ്രാധാന്യം അംഗീ കരിച്ചാദരിക്കാൻ നമ്മെ സഹായിക്കുന്നു. സ്നാനാർത്ഥിത്വ ത്തിൽ പൗരാണിക ക്രൈസ്തവവേരുകളുള്ള സമൂഹങ്ങളി ൽപോലും ഇപ്പോൾ മാമ്മോദീസയാകുന്ന കൂദാശയ്ക്കണ യുന്ന മുതിർന്നവരുടെ സംഖ്യ വർദ്ധമാനമായിക്കൊണ്ടിരി ക്കുന്നു. സ്നാനാർത്ഥിത്വം മാമ്മോദീയ്ക്കുവേണ്ടിയുള്ള തയ്യാ റെടുപ്പിന്റെയും ക്രിസ്തുവിൽ നമ്മുടെ മുഴുവൻ ജീവിതവും പരിവർത്തിതമാകുന്നതിന്റെയും പാതയാണ്.

മാമ്മോദീസയും വിശ്വാസവും തമ്മിലുള്ള ഈ ബന്ധം വിലമതിക്കുന്നതിന് ഏശയ്യ പ്രവാചകന്റെ ഒരു വാക്യം നമുക്ക് അനുസ്മരിക്കാവുന്നതാണ്. ആദിമക്രൈസ്തവസാഹിത്യത്തിൽ മാമ്മോദീസയോട് ബന്ധപ്പെട്ടതാണത്: 'ശിലാദുർഗങ്ങളാൽ അവർ പ്രതിരോധമുറപ്പിക്കും... അവർക്ക് ദാഹജലം കിട്ടുമെന്നത് തീർച്ചയാണ്' (ഏസ 33:16).37 മാമ്മോദീസ സ്വീകരിച്ചവർ മരണത്തിന്റെ ജലത്തിൽ നിന്നു രക്ഷിക്കപ്പെട്ട് ഇപ്പോൾ പാറകൊണ്ടുള്ള ദുർഗത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ ഉറപ്പുള്ളതും വിശ്വാസയോഗ്യവുമായ ഒരു അടിത്തറ കണ്ടെത്തിയിരിക്കുന്നു. അങ്ങനെ മരണത്തിന്റെ ജലം ജീവന്റെ ജലമായി രൂപാന്തരപ്പെട്ടിരിക്കുന്നു. ഗ്രീക്കുടെക്സ്റ്റ്, അതിനെ വിവരിക്കുന്നത് പിസ്തോസ് എന്നാണ്: അർത്ഥം 'വിശ്വസ്തജലം'. മാമ്മോദീസ ജലം യഥാർത്ഥത്തിൽ വിശ്വസ്തവും വിശ്വാസയോഗ്യവുമാണ്. എന്തെന്നാൽ അത് ഒഴുകിവരുന്നത് ക്രിസ്തുവിനുള്ള സ്നേഹത്തിന്റെ ശക്തിയോടെയാണ്. ജീവിതയാത്രയിൽ നമുക്കുള്ള ഉറപ്പിന്റെ ഉറവിടമാണ് ആ സ്നേഹം.

**43.** മാമ്മോദീസയുടെ ഘടന, നാം പുതിയ പേരും പുതിയ ജീവിതവും സ്വീകരിക്കുന്ന പുനർജനനമെന്ന നിലയിലുള്ള അതിന്റെ രൂപം, ശിശുക്കളുടെ മാമ്മോദീസയ്ക്കുള്ള അർത്ഥവും പ്രാധാന്യവും വിലമതിക്കാൻ നമ്മെ സഹായിക്കുന്നുണ്ട്. ഒരു സ്വതന്ത്രകർമ്മത്തിലൂടെ വിശ്വാസം സ്വീകരിക്കാൻ കുട്ടികൾ ശക്തരല്ല. സ്വന്തമായി ആ വിശ്വാസം ഏറ്റുപറയാനും അവർ കഴിവുള്ളവരല്ല. അതുകൊണ്ട് മാതാപിതാക്കന്മാരും തലതൊട്ടപ്പനും തലതൊട്ടമ്മയും അവർക്കുവേണ്ടി വിശ്വാസം ഏറ്റുപറയുന്നു.

സഭാസമൂഹത്തിനുള്ളിലാണ് വിശ്വാസം ജീവിക്കപ്പെടുന്നത്. പൊതുവായ ഒരു 'നമ്മളി'ലാണ് അത് നിവേശിപ്പിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെ മറ്റുള്ളവർക്കും, പ്രത്യേകവിധ

മായി മാതാപിതാക്കന്മാർക്കും, ജ്ഞാനസ്നാനമാതാപിതാക്കൾക്കും, ശിശുവിനെ പിന്താങ്ങാനാവും. സഭയുടെ തന്നെ വിശ്വാസമാകുന്ന തങ്ങളുടെ

വിശ്വാസത്തിലേക്ക് അവനെ/അവളെ സ്വാഗതം ചെയ്യാനുമാകും. ശിശുവിന്റെ പിതാവ് പെസഹാത്തിരിയിൽ നിന്നു കത്തിക്കുന്ന മെഴുകുതിരി ഇതിന്റെ പ്രതീകമാണ്.

അങ്ങനെ വിശ്വാസം കൈമാറുന്നതിൽ സഭയും കുടുംബവും തമ്മിലുള്ള സഹകരണത്തിന്റെ നിർണായകമായ പ്രാധാന്യം മാമ്മോദീസാകർമ്മത്തിന്റെ ഘടന തെളിയിക്കുന്നുണ്ട്. വിശുദ്ധ ആഗസ്തീനോസ് ഒരിക്കൽ പറഞ്ഞിട്ടുള്ളതുപോലെ, മാതാപിതാക്കന്മാർ കുട്ടികളെ ലോകത്തിലേക്കു കൊണ്ടുവരാൻ മാത്രമല്ല പിന്നെയോ ദൈവത്തിലേക്കു നയിക്കാനും വിളിക്കപ്പെട്ടിരിക്കുന്നു. മാമ്മോദീസയിലൂടെ അവർക്കു ദൈവസന്താനങ്ങളായി വീണ്ടും ജനിക്കാനും വിശ്വാസമാകുന്ന ദാനം സ്വീകരിക്കാനും കഴിയുന്നു.[38] അങ്ങനെ കുട്ടികൾക്ക് ജീവനോടൊപ്പം മൗലികമായ ദിശാബോധം നല്കപ്പെടുകയും ഒരു നല്ല ഭാവി അവർക്ക് ഉറപ്പാക്കുകയും ചെയ്യുന്നു. ഈ ദിശാബോധം, സ്ഥൈര്യലേപനത്തിൽ പരിശുദ്ധാത്മാവിന്റെ മുദ്രകൊണ്ട് കൂടുതൽ ശക്തീകരിക്കപ്പെടും.

44. വിശ്വാസത്തിന്റെ കൗദാശികസ്വഭാവം ഏറ്റവും കൂടുതൽ പ്രകാശിതമാകുന്നത് ദിവ്യകാരുണ്യത്തിലാണ്. ദിവ്യകാരുണ്യം വിശ്വാസത്തിന് അമൂല്യമായ പോഷണമാണ്. തന്റെ സ്നേഹത്തിന്റെ പരമമായ പ്രവൃത്തിയിൽ യഥാർത്ഥത്തിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവുമായുള്ള കണ്ടുമുട്ടലാണത്. തന്റെതന്നെ ജീവദായകമായ ആത്മദാനമാണത്. ദിവ്യകാരുണ്യത്തിൽ വിശ്വാസത്തിന്റെ രണ്ടു മാനങ്ങൾ പരസ്പരം കണ്ടുമുട്ടി ഇഴചേരുന്നു. ഒരുവശത്ത് ചരിത്രമാകുന്ന മാനമുണ്ട്. ദിവ്യകാരുണ്യം അനുസ്മരണയുടെ ഒരു പ്രവൃത്തിയാണ്. മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സംഭവമെന്ന നിലയിൽ

ഭൂതകാലത്തെ ഒരു രഹസ്യം അതു സന്നിഹിതമാക്കുന്നു. ഭാവിയിലേക്ക് വാതായനം തുറക്കാനും അന്തിമപൂർണത മുന്നാസ്വാദിക്കാനും ഉള്ള

അതിന്റെ കഴിവ് അതു പ്രദർശിപ്പിക്കുന്നു. ‘ഇന്ന്’ (hodie) എന്ന വാക്കിന്റെ ആവർത്തനം വഴി രക്ഷാകരരഹസ്യങ്ങളുടെ ‘ഇന്ന് ലിറ്റർജി നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

മറുവശത്ത്, ദൃശ്യലോകത്തു നിന്ന് അദൃശ്യലോകത്തേക്കു നയിക്കുന്ന ഒരു മാനവും നമ്മൾ കാണുന്നു. കുർബാനയിൽ യാഥാർത്ഥ്യത്തിന്റെ അത്യഗാധത ദർശിക്കാൻ നാം പഠിക്കുന്നു. അപ്പവും വീഞ്ഞും തന്റെ പെസഹാ യാത്രയിൽ പിതാവിനു സ്വയം സന്നിഹിതനാക്കുന്ന ക്രിസ്തുവിന്റെ ശരീരവും രക്തവുമായി പരിവർത്തനം ചെയ്യപ്പെടുന്നു. ഈ മാറ്റം, ശരീരത്തോടും ആത്മാവോടും കൂടെ  ദൈവത്തിലുള്ള പൂർണതയിലേക്ക് നീങ്ങുന്ന സകല സൃഷ്ടികളുടെയും മാറ്റത്തിൽ നമ്മെ പങ്കുകാരാക്കുന്നു.

**45.** കൂദാശകളുടെ പരികർമ്മത്തിൽ, സഭ തന്റെ സ്മരണ സവിശേഷമായി വിശ്വാസപ്രഖ്യാപ

നത്തിലൂടെ നമുക്കു കൈമാറിത്തരുന്നു. വിശ്വാസപ്രമാണം ഒരുകൂട്ടം അമൂർത്തസത്യങ്ങളോട് സമ്മതം മൂളലല്ല. മറിച്ച്, അത് ഏറ്റുപറയുമ്പോൾ ജീവിതം മുഴുവനും സജീവനായ ദൈവവുമായുള്ള പൂർണസംസർഗത്തിലേക്കുള്ള ഒരു യാത്രയിലേക്കു പ്രവേശിക്കുന്നു. തങ്ങൾ ഏറ്റുപറയുന്ന രഹസ്യത്തിലേക്കു പ്രവേശിക്കാനും അതിൽ രൂപാന്തരപ്പെടാനും വിശ്വാസപ്രമാണത്തിൽ അവർ ക്ഷണിക്കപ്പെടുന്നു.

ഇതിന്റെ അർത്ഥം മനസ്സിലാക്കാൻ നമുക്ക് ആദ്യമായി വിശ്വാസപ്രമാണത്തിന്റെ ഉള്ളടക്കങ്ങളിലേക്കു നോക്കാം. അതിനു ത്രിത്വാത്മകമായ ഒരു ഘടനയുണ്ട്. പിതാവും പുത്രനും സ്നേഹത്തിന്റെ ആത്മാവിൽ ഐക്യപ്പെട്ടിരിക്കുന്നു. അങ്ങനെ എല്ലാ സത്തയുടെയും കേന്ദ്രം, എല്ലാ യാഥാർത്ഥ്യങ്ങളുടെയും ഏറ്റവും ആന്തരികമായ രഹസ്യം, ദൈവികകൂട്ടായ്മയാണെന്ന് വിശ്വാസി പ്രഖ്യാപിക്കുന്നു.

വിശ്വാസപ്രമാണത്തിൽ ക്രിസ്തുശാസ്ത്രപരമായ ഒരു ഏറ്റുപറച്ചിലുമുണ്ട്. അത് ക്രിസ്തുവിന്റെ ജീവിതത്തിലെ സകല ജീവിതരഹസ്യങ്ങളിലേക്കും – അവിടത്തെ മരണം, ഉത്ഥാനം, സ്വർഗാരോഹണം, മഹത്ത്വത്തോടെയുള്ള അവിടത്തെ അന്തിമാഗമനം വരെ – നമ്മെ കൊണ്ടുപോകുന്നു:

വിശ്വാസപ്രമാണം നമ്മോട് ഇങ്ങനെ പറയുന്നു: സംസർഗത്തിന്റെ ഈ ദൈവം, പരിശുദ്ധാത്മാവിൽ പിതാവും പുത്രനും തമ്മിലുള്ള പരസ്പരം സ്നേഹം, മനുഷ്യചരിത്രത്തെ മുഴുവനും ആശ്ലേഷിക്കാനും പിതാവിൽ ഉറവിടവും പൂർത്തീകരണവുമായ ദൈവത്തിന്റെ സ്വയം പ്രവർത്തനാത്മകമായ ഐക്യത്തിലേക്കു നയിക്കാനും കഴിവുള്ളതാണ്.

വിശ്വാസം ഏറ്റുപറയുന്നവൻ താൻ ഏറ്റുപറയുന്ന സത്യത്തിലേക്ക് ഉൾച്ചേരുന്നുവെന്നു കാണാം. പരിവർത്തനവിധേയമാകാതെയും, തന്നെ ആശ്ലേഷിക്കുകയും ആത്യന്തികമായി

വിശ്വാസപ്രമാണം ചൊല്ലുന്ന സഭയെന്ന മഹാകൂട്ടായ്മയുടെ ഭാഗമാക്കി തന്റെ അസ്തിത്വത്തെ വികസിപ്പിക്കുകയും ചെയ്യുന്ന സ്നേഹചരിത്രത്തിൽ ആമഗ്നനാകാതെ വിശ്വാസപ്രമാണം സത്യസന്ധതയോടെ ഏറ്റുപറയാൻ വിശ്വാസിക്കു സാധിക്കുകയില്ല.

## *വിശ്വാസവും പ്രാർത്ഥനയും പത്തുകല്പനകളും*

**46.** സഭയുടെ സ്മരണ വിശ്വസ്തതാപൂർവം കൈമാറുന്നതിന് രണ്ടു ഘടകങ്ങൾ കൂടി അത്യന്താപേക്ഷിതമാണ്. ഒന്നാമത്തേത്, 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന കർത്തൃപ്രാർത്ഥനയാണ്. ഇവിടെ ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ തന്നെ ആത്മീയാനുഭവത്തിൽ പങ്കുചേരാനും എല്ലാ വസ്തുക്കളെയും അവിടത്തെ കണ്ണുകൊണ്ടു കാണാനും പഠിക്കുന്നു. പ്രകാശത്തിൽ നിന്നുള്ള പ്രകാശവും പിതാവിന്റെ ഏകജാതനുമായ അവിടന്നിൽ നിന്നു നാമും ദൈവത്തെ അറിയുകയും അവിടത്തെ അടുക്കലേക്കു ചെല്ലാനുള്ള ആഗ്രഹം മറ്റുള്ളവരിൽ ജ്വലിപ്പിക്കാൻ കഴിവുള്ളവരായിത്തീരുകയും ചെയ്യുന്നു.

ഇതുപോലെതന്നെ പ്രധാനപ്പെട്ട ഒന്നാണ് വിശ്വാസവും പത്തുകല്പനകളും തമ്മിലുള്ള ബന്ധവും. നാം മുമ്പുപറഞ്ഞതുപോലെ, സജീവനായ ദൈവവുമായുള്ള ഒരു കണ്ടുമുട്ടലോടെ ആരംഭിക്കുന്ന ഒരു പ്രയാണം പോലെയാണ് വിശ്വാസം; സഞ്ചരിച്ചു തീർക്കേണ്ട ഒരു വഴി പോലെയാണത്. പത്തുകല്പനകൾ അവയുടെ ഏറ്റവും അഗാധമായ സത്യം സ്വന്തമാക്കുന്നത് വിശ്വാസത്തിന്റെ വെളിച്ചത്തിലാണ്, രക്ഷിക്കുന്ന ദൈവത്തിലുള്ള സമ്പൂർണമായ സമർപ്പണത്തിന്റെ വെളിച്ചത്തിലാണ്. ഈ സത്യം പത്തുകല്പനകളുടെ ആമുഖവചനങ്ങളിൽ തന്നെ അടങ്ങിയിരിക്കുന്നു: പത്തുകല്പനകൾ നിഷേധാത്മക കല്പനകളുടെ ഒരു സംഘാതമല്ല. പിന്നെയോ സ്വാർത്ഥതയുടെ, തന്നിൽത്തന്നെ അടച്ചുപൂട്ടിയിരിക്കുന്ന അഹത്തിന്റെ, മരുഭൂമിയിൽനിന്ന് പുറത്തുവരാനുള്ള സമൂർത്തമായ നിർദ്ദേശങ്ങളാണ്. അങ്ങനെ പുറത്തുവരുന്നത് ദൈവവുമായി സംഭാഷണം നടത്തുന്നതിനും അവിടത്തെ കാരുണ്യത്താൽ ആശ്ലേഷിക്കപ്പെടുന്നതിനും ആ കാരുണ്യം മറ്റുള്ളവരോടു കാണിക്കുന്നതിനുമാണ്. അങ്ങനെ വിശ്വാസം എല്ലാത്തിന്റെയും ഉറവിടവും എല്ലാറ്റിനെയും താങ്ങിനിറുത്തുന്നവനുമായ ദൈവത്തിന്റെ സ്നേഹം ഏറ്റുപറയുന്നു. ദൈവവുമായുള്ള സംസർഗത്തിന്റെ പൂർണതയിലേക്കുള്ള യാത്രയിൽ ആ സ്നേഹത്താൽ നയിക്കപ്പെടുന്നതിന് അത് സ്വയം സമ്മതിക്കുകയും ചെയ്യുന്നു.

കൃതജ്ഞതയുടെയും സ്നേഹത്തിന്റെ പ്രത്യുത്തരത്തിന്റെയും പാതയിലാണ് പത്തുകല്പനകൾ കാണപ്പെടുന്നത്. അതു സാധ്യമാകുന്നത് ദൈവത്തിനു നമ്മോടുള്ള പരിവർത്തനാത്മകസ്നേഹത്തിന്റെ അനുഭവത്തോട് നാം വിശ്വാസത്തിൽ തുറവുള്ളവരായതുകൊണ്ടാണ്. ഈ പാത, യേശുവിന്റെ മലയിലെ പ്രഭാഷണത്തിലെ പ്രബോധനത്തിൽനിന്ന് പുതിയ വെളിച്ചം സ്വീകരിക്കുന്നു (cf. മത്താ 5-7).അങ്ങനെ, സഭ കൈമാറിത്തരുന്ന സ്മരണയുടെ നിക്ഷേപാലയത്തിൽ അടങ്ങിയിരിക്കുന്ന നാലു ഘടകങ്ങളെപ്പറ്റി ഞാൻ പരാമർശിച്ചു

കഴിഞ്ഞു: വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ, കൂദാശകളുടെ ആഘോഷം, പത്തു കല്പനകളുടെ പാത, പ്രാർത്ഥന. സഭയുടെ മതബോധനം, കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ഉൾപ്പെടെ, പരമ്പരാഗതമായി ഈ നാലു ഘടകങ്ങൾ കൊണ്ടു ക്രോഡീകരിക്കപ്പെട്ടിരിക്കുന്നു. 'താൻ എന്തായിരിക്കുന്നുവോ, താൻ എന്തു വിശ്വസിക്കുന്നവോ'[39] ആ വിശ്വാസത്തിന്റെ സമ്പൂർണ്ണ ഉള്ളടക്കം സംവേദിക്കാൻ സഭ ഉപയോഗിക്കുന്ന ആ ഏകോപിത പ്രവർത്തനത്തിന്റെ മൗലിക സഹായിയായ 'കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം' ഇത്തരത്തിൽ ക്രമീകരിക്കപ്പെട്ടതാണ്.

## *വിശ്വാസത്തിന്റെ ഐക്യവും സമഗ്രതയും*

**47.** സ്ഥലകാലങ്ങളിലുള്ള സഭയുടെ ഐക്യം വിശ്വാസത്തിന്റെ ഐക്യത്തോടു ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. 'ഒരു ശരീരവും ഒരു ആത്മാവും ഒരു വിശ്വാസവും മാത്രമേ ഉള്ളൂ' (എഫേ 4:4–5). ഇക്കാലത്ത് ഒരു പൊതുകാര്യത്തിനുവേണ്ടിയോ പരസ്പര താത്പര്യമുള്ളതുകൊണ്ടോ, ഒരേ ഭാഗധേയം പങ്കിടുന്നതിനാലോ ഒരു പൊതുലക്ഷ്യം ഉള്ളതിനാലോ മനുഷ്യർ ഒത്തുചേരുന്നത് സർവസാധാരണമാണ്. എന്നാൽ ഒരേ സത്യത്തിലുള്ള ഒരു ഐക്യം സങ്കല്പിക്കാൻ ഏറെ ബുദ്ധിമുട്ടുണ്ട്. അത്തരമൊരു ഐക്യം ചിന്താസ്വാതന്ത്ര്യത്തിനും വ്യക്തിപരമായ സ്വയംശാസനാധികാരത്തിനും വിരുദ്ധമാണെന്ന് നാം ചിന്തിച്ചുപോകുന്നു. എന്നാലും പൊതുവായ ഒരു ദർശനം സാധ്യമാണെന്ന് സ്നേഹാനുഭവം നമുക്കു കാണിച്ചുതരുന്നു. എന്തെന്നാൽ മറ്റുള്ളവരുടെ കണ്ണുകളിലൂടെ യാഥാർത്ഥ്യത്തെ കാണേണ്ടതെങ്ങനെയെന്ന് സ്നേഹത്തിലൂടെ നാം പഠിക്കുന്നു. അതു നമ്മുടെ ദർശനത്തെ ദരിദ്രമാക്കുകയല്ല സമ്പന്നമാക്കുകയാണ് ചെയ്യുന്നത്. യഥാർത്ഥസ്നേഹം ദൈവത്തിന്റെ സ്നേഹം പോലെ, ആത്യന്തികമായി സത്യവും യേശുക്രിസ്തുവാകുന്ന സത്യത്തെ സംബന്ധിച്ച് പങ്കുവയ്ക്കപ്പെട്ട ധ്യാനവും ആവശ്യപ്പെടുന്നു. സ്നേ

ഹത്തെ അഗാധവും ശാശ്വതവുമാക്കാൻ സഹായിക്കുന്നു. ഇതും വിശ്വാസത്തിന്റെ വലിയ സന്തോഷമാണ്: ഒരു ശരീരത്തിലും ഒരാത്മാവിലും ദർശനത്തിന്റെ ഐക്യമുണ്ടായിരിക്കുക. മഹാനായ ലെയോ മാർപാപ്പാക്ക് ഇപ്രകാരം പറയാൻ കഴിഞ്ഞു. 'വിശ്വാസം എകമല്ലെങ്കിൽ അതു വിശ്വാസമല്ല'.[40]

ഈ ഐക്യത്തിന്റെ രഹസ്യമെന്താണ്? വിശ്വാസം 'ഏകമാണ്,' ഒന്നാമതായി, അതിന്റെ കാരണം അറിയപ്പെടുകയും ഏറ്റുപറയപ്പെടുകയും ചെയ്യുന്ന ദൈവം ഒന്നാണ് എന്നതുതന്നെ. എല്ലാ വിശ്വാസസത്യങ്ങളും ദൈവത്തെപ്പറ്റി പറയുന്നു. അവിടത്തെയും അവിടത്തെ പ്രവൃത്തികളെയും അറിയാനുള്ള മാർഗങ്ങളാണവ. തന്മൂലം അവയുടെ ഐക്യം മനുഷ്യബുദ്ധിയുടെ ഏത് ആശയസംഘാതത്തെക്കാളും ഉയർന്ന തോതിൽ ഉള്ളതാണ്. നമ്മെ സമ്പന്നമാക്കുന്ന ഒരു ഐക്യം അതിനുണ്ട്. കാരണം, അതു നമ്മോട് സംവേദിക്കുകയും നമ്മെ 'ഒന്ന്' ആക്കിത്തീർക്കുകയും ചെയ്യുന്നു.

ഏകദൈവത്തിലേക്കും യേശുവിന്റെ ജീവിതത്തിലേക്കും അവിടന്നു നമ്മോടൊപ്പം പങ്കുവയ്ക്കുന്ന മൂർത്തമായ ചരിത്രത്തിലേക്കും നയിക്കുന്നതുകൊണ്ടും വിശ്വാസം ഏകമാണ്. ജ്ഞാനവാദത്തിന് എതിരായ തന്റെ പടപൊരുതലിൽ ലിയോൺസിലെ വിശുദ്ധ ഇറനേവൂസ് ഇക്കാര്യം വ്യക്തമാക്കി. രണ്ടു തരം വിശ്വാസമുണ്ടെന്ന് ജ്ഞാനവാദികൾ പറഞ്ഞിരുന്നു: ഒന്ന്: ജനസമൂഹത്തിനു ചേർന്ന അസംസ്കൃതവും അപൂർണവുമായ വിശ്വാസം. യേശുവിന്റെ ശാരീരികതലത്തിലും അവിടത്തെ രഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനത്തിലും അതു നിലകൊള്ളുന്നു. രണ്ട്: കൂടുതൽ അഗാധമായ, പൂർണതയുള്ള വിശ്വാസം. അത് ഉപനയിക്കപ്പെട്ടവരുടെ ചെറിയൊരു വൃത്തത്തിനുവേണ്ടി കരുതിവച്ചിട്ടുള്ളതാണ്. യേശുവിന്റെ ശരീരത്തിനു അതീതമായി അജ്ഞാതദൈവികതയുടെ രഹസ്യങ്ങളെപ്പറ്റി ധ്യാനിക്കാൻ ഈ കൂട്ടർ ബൗദ്ധികമായി കഴിവുള്ളവരാണ്.

ഇന്നും കുറേ ആകർഷണീയതയുള്ളതും അനുയായിക ളുള്ളതുമായ ഈ അവകാശവാദത്തെയാണ് വിശുദ്ധ ഇറ നേവൂസ് എതിർക്കുന്നത്. ആ എതിർപ്പിൽ, ഒറ്റവിശ്വാസമേയു ള്ളൂവെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. കാരണം, അത് മനു ഷ്യാവതാരത്തിന്റെ സമൂർത്തമായ സംഭവത്തിൽ അടിയുറച്ച താണ്. അതിന് ക്രിസ്തുവിന്റെ ശരീരത്തിനും ചരിത്രത്തിനും അതീതമായി നില്ക്കാൻ സാധിക്കുകയില്ല. ആ ശരീരത്തിൽ പൂർണമായി സ്വയം വെളിപ്പെടുത്താൻ ദൈവം ഇഷ്ടപ്പെ ട്ടതുകൊണ്ടുതന്നെയാണത്. ഇക്കാരണത്താൽ വിശ്വാസത്തെ 'ദീർഘമായി പ്രതിപാദിക്കാൻ കഴിയുന്നവരും' അതിനെപ്പറ്റി 'അല്പം മാത്രം പറയാൻ കഴിയുന്നവരും തമ്മിൽ വ്യത്യാസമി ല്ല. വലിയവരും ചെറിയവരും തമ്മിൽ വിശ്വാസത്തിന്റെ കാര്യ ത്തിൽ വ്യത്യാസമില്ല. ആദ്യത്തെ കൂട്ടർക്ക് വിശ്വാസത്തെ പെരുപ്പിക്കാൻ കഴിയുകയില്ല. രണ്ടാമത്തെ കൂട്ടർക്ക് കുറ യ്ക്കാനും കഴിയുകയില്ല.[41]

വിശ്വാസം ഒന്നാണെന്ന് പറയാനുള്ള അവസാനത്തെ കാര ണം, ഒരേ ശരീരവും ഒരേ ആത്മാവുമായ സഭ മുഴുവനും അതിൽ പങ്കുചേരുന്നു എന്നതാണ്. സഭയെന്ന ഏകവിഷ യത്തിന്റെ സംസർഗത്തിൽ നമുക്കു ഒരു പൊതുവീക്ഷണ മുണ്ടാകുന്നു. ഒരേ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട് നാം ഒരേ പാറയിൽ ഉറച്ചുനില്ക്കുകയാണ്. സ്നേഹത്തിന്റെ ഒരേ പരി ശുദ്ധാത്മാവിനാൽ നാം രൂപാന്തരീകരിക്കപ്പെട്ടവരായി, നാം ഒരേ പ്രകാശം പ്രസരിപ്പിക്കുന്നു. യാഥാർത്ഥ്യത്തെ സംബ ന്ധിച്ച് നമുക്ക് ഒരേ ഉൾക്കാഴ്ചയാണുള്ളത്.

**48.** വിശ്വാസം ഏകമായാൽ അത് അതിന്റെ വിശുദ്ധിയിലും സമഗ്രതയിലും ഏറ്റുപറയപ്പെടണം. എല്ലാ വിശ്വാസസത്യ ങ്ങളും പരസ്പരം ബന്ധപ്പെട്ടവയാണ്. അതുകൊണ്ടുതന്നെ അവയിൽ ഒന്നിനെ – ഏറ്റവും നിസ്സാരമെന്നു തോന്നുന്നവ യിൽ ഒന്നാണെങ്കിൽ പോലും – നിഷേധിക്കുന്നത് മുഴുവനെ യും വിരൂപമാക്കുന്നതിനു തുല്യമാണ്.

വിശ്വാസത്തിന്റെ ഏതെങ്കിലുമൊരു വിഷയം സ്വീകരിക്കാൻ കൂടുതൽ എളുപ്പമുള്ളതായോ കൂടുതൽ പ്രയാസമുള്ളതായോ ചരിത്രത്തിന്റെ ഓരോ ഘട്ടത്തിലും കാണാം. അതുകൊണ്ട് വിശ്വാസനിക്ഷേപം അതിന്റെ സമഗ്രതയിൽ കൈമാറുന്നുണ്ടെന്നും (cf. 1 തിമോ 6:20) വിശ്വാസപ്രഘോഷണത്തിന്റെ എല്ലാ വശങ്ങളും വേണ്ടവിധം ഊന്നിപ്പറയുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിന് ജാഗ്രത പുലർത്തണം.

യഥാർത്ഥത്തിൽ, വിശ്വാസത്തിന്റെ ഐക്യം സഭയുടെ തന്നെ ഐക്യമാകയാൽ വിശ്വാസത്തിൽ നിന്ന് എന്തെങ്കിലും പിൻവലിക്കുന്നത് സംസർഗത്തിന്റെ സത്യാവസ്ഥയിൽനിന്ന് എന്തെങ്കിലും പിൻവലിക്കുന്നതിനു തുല്യമാകും. സഭാപിതാക്കന്മാർ വിശ്വാസത്തെ ഒരു ശരീരമായി – വിവിധ അവയവങ്ങളുള്ള സത്യത്തിന്റെ ശരീരമായി – വിവരിച്ചു. ക്രിസ്തുവിന്റെ ശരീരത്തോടും സഭയിലെ അതിന്റെ തുടർച്ചയോടുമുള്ളസാദൃശ്യത്തിലാണ് അങ്ങനെ ചെയ്തത്.[42] വിശ്വാസത്തിന്റെ സമഗ്രതയെ കന്യകയായ സഭയുടെ ചിത്രത്തോട്, ക്രിസ്തുവിനോടുള്ള അവളുടെ വൈവാഹിക സ്നേഹത്തിലുള്ള വിശ്വസ്തതയോടഷ് ബന്ധപ്പെടുത്തിയിട്ടുണ്ട്. വിശ്വാസത്തിനു ദ്രോഹം ചെയ്യുകയെന്നതിന്റെ അർത്ഥം കർത്താവുമായുള്ള സംസർഗത്തിനു ദ്രോഹം ചെയ്യുകയെന്നതാണ്.[43]

അപ്പോൾ വിശ്വാസത്തിന്റെ ഐക്യം ജീവിക്കുന്ന ഒരു ശരീരത്തിന്റെ ഐക്യമാണ്. കാലത്തിലൂടെയുള്ള സത്യപ്രബോധനത്തിന്റെ തുടർച്ചയെ വിവേചിച്ചറിയാൻ സഹായകമായി വാഴ്ത്തപ്പെട്ട ജോൺ ഹെന്റി ന്യൂമാൻ തയ്യാറാക്കിയ പ്രത്യേക കുറിപ്പുകളിൽ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ട്. സത്യപ്രബോധനം, അത് കണ്ടുമുട്ടുന്നതിനെയെല്ലാം അതിലേക്ക് സ്വാംശീകരിക്കാൻ കഴിവുള്ളതാണ്. അത് സന്നിഹിതമായിരിക്കുന്ന വ്യത്യസ്ത സാഹചര്യങ്ങളിൽ, അത് കണ്ടുമുട്ടുന്ന വ്യത്യസ്ത സംസ്കാരങ്ങളിൽ, എല്ലാത്തിനെയും ശുദ്ധീകരിക്കാനും അവയുടെ അതിശ്രേഷ്ഠമായ പ്രകാശനത്തിലേക്ക്

നയിക്കാനും അതിന് കഴിവുണ്ട്. വിശ്വാസം അങ്ങനെ സാർവത്രികം - കാതോലികം - ആണെന്നു തെളിയുന്നു, എന്തെന്നാൽ മുഴുവൻ പ്രപഞ്ചത്തെയും ചരിത്രത്തെയും ശോഭിതമാക്കാൻ വേണ്ടി അതിന്റെ പ്രകാശം വർത്തമാനമാകുന്നു.

**49.** വിശ്വാസത്തിന്റെ ഐക്യത്തിനും അതിന്റെ സമഗ്രമായ കൈമാറലിനുമുള്ള ശുശ്രൂഷയെന്ന നിലയിൽ കർത്താവ് സഭയ്ക്ക് അപ്പസ്തോലിക പിൻതുടർച്ചയെന്ന ദാനം നല്കി. ഇതിലൂടെ സഭയുടെ സ്മരണയുടെ തുടർച്ച ഉറപ്പാക്കപ്പെടുകയും വിശ്വാസം പുറപ്പെടുന്ന ശുദ്ധമായ സ്രോതസ്സിൽ നിന്ന് ഉറപ്പോടുകൂടി കോരിയെടുക്കാൻ സാധ്യമാകുകയും ചെയ്യുന്നു. പ്രഭവസ്ഥാനത്തോടുള്ള ബന്ധത്തിന്റെ ഉറപ്പ് നമുക്കു ലഭിക്കുന്നത്, സഭ കൈമാറിത്തന്ന സജീവ വിശ്വാസത്തോടു ചേർന്നുനില്ക്കുന്ന ഈ പിൻതുടർച്ചയിലെ സജീവ വ്യക്തികളിൽ നിന്നാണ്. കർത്താവ് തിരഞ്ഞെടുത്ത സാക്ഷികളുടെ വിശ്വസ്തതയിൽ സഭ ആശ്രയിക്കുന്നു. ഇക്കാരണത്താൽ, സഭയുടെ പ്രബോധനാധികാരം എപ്പോഴും തന്റെ വിശ്വാസം അടിസ്ഥാനമാക്കിയിരിക്കുന്ന ആദിമ വചനത്തോടുള്ള അനുസരണത്തോടെ സംസാരിക്കുന്നു. സഭയുടെ പ്രബോധനാധികാരം ആശ്രയയോഗ്യമാണ്. കാരണം, അതു കേൾക്കുകയും സംരക്ഷിക്കുകയും വിശദീകരിക്കുകയും ചെയ്യുന്ന വചനത്തിൽ ആശ്രയിക്കുന്നു.[45]

വിശുദ്ധ പൗലോസ് മിലേത്തോസിൽവച്ച് എഫേസോസിലെ ശ്രേഷ്ഠന്മാരോടു പറഞ്ഞ യാത്രാമൊഴികൾ അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ വിശുദ്ധ ലൂക്കാ വിവരിച്ചിട്ടുണ്ട്. 'ദൈവത്തിന്റെ ഹിതം മുഴുവനും പ്രഘോഷിക്കുന്നതിന്' (അപ്പ 20:27) കർത്താവ് തന്നെ ഏല്പിച്ച കടമ താൻ നിർവഹിച്ചിട്ടുണ്ടെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. സഭയുടെ പ്രബോധനാധികാരത്തിലൂടെയാണ് ഈ ദൈവഹിതം സമഗ്രമായി നമ്മിൽ എത്തുന്നത്, ഒപ്പം അതു പൂർണമായി നിർവഹിക്കാൻ കഴിയുന്നതിലുള്ള സന്തോഷവും.

# ദൈവം അവർക്കുവേണ്ടി ഒരു നഗരം സജ്ജീകരിക്കുന്നു

*(cf. ഹെബ്രാ 11:16)*

***വിശ്വാസവും പൊതുനന്മയും***

**50.** ഹെബ്രായർക്കുള്ള ലേഖനത്തിൽ പഴയനിയമത്തിലെ ഗോത്രപിതാക്കന്മാരുടെയും നീതിനിഷ്ഠരായ സ്ത്രീപുരുഷന്മാരുടെയും കഥ അവതരിപ്പിക്കുമ്പോൾ അവരുടെ വിശ്വാസത്തിന്റെ ഒരു അവശ്യഘടകത്തെ ഉയർത്തിക്കാണിക്കുന്നുണ്ട്. വിശ്വാസം ഒരു യാത്രയായി മാത്രമല്ല, ഏവർക്കും അവരോടൊത്ത് ജീവിക്കാൻ കഴിയുന്ന ഒരു സ്ഥലം ഒരുക്കുന്ന നിർമ്മാണ പ്രക്രിയയായും അവതരിപ്പിക്കുന്നുണ്ട് പേടകത്തിൽ തന്റെ കുടുംബത്തെ രക്ഷിച്ച നോഹയാണ് ഒന്നാമത്തെ നിർമ്മാതാവ് (ഹെബ്രാ 11:7). പിന്നീട് അബ്രാഹം വരുന്നു. ഉറ

പ്പുള്ള അടിത്തറയോടുകൂടിയ നഗരത്തെ പ്രതീക്ഷിച്ചുകൊണ്ട് വിശ്വാസത്താൽ കൂടാരങ്ങളിൽ വസിച്ചുവെന്നാണ് അദ്ദേഹത്തെപ്പറ്റി പറയപ്പെട്ടിരിക്കുന്നത് (cf. ഹെബ്രാ 11:9–10).

വിശ്വാസത്തോടു ബന്ധപ്പെട്ട് ദൈവത്തിനു മാത്രം നല്കാൻ കഴിയുന്ന ഒരു പുതിയ വിശ്വാസയോഗ്യതയും,ഒരു പുതിയ സ്ഥൈര്യവും ഉണരുന്നു. വിശ്വാസമുള്ള മനുഷ്യന് വിശ്വസ്തനായ ദൈവത്തിൽ, ആമ്മേൻ ആയിട്ടുള്ള ദൈവത്തിൽ, ആശ്രയം കണ്ടെത്താനും (cf. ഏശ 65:16), അങ്ങനെ സ്വയം ഉറപ്പുള്ളവനാകാനും കഴിയുമെങ്കിൽ ഈ വിശ്വാസ സ്ഥൈര്യം മനുഷ്യവർഗത്തിനായി ദൈവം തയ്യാറാക്കുന്ന നഗരത്തെയും സൂചിപ്പിക്കുന്നുവെന്നു നമുക്കു പറയാം. മനുഷ്യരുടെയിടയിൽ ദൈവം സന്നിഹിതനായിരിക്കുമ്പോൾ മനുഷ്യർ തമ്മിലുള്ള ബന്ധം എത്രമാത്രം ദൃഢമായിരിക്കുമെന്ന് വിശ്വാസം വെളിപ്പെടുത്തുന്നു. വിശ്വാസമെന്നത് വിശ്വാസിയുടെ അചഞ്ചലമായ ബോധ്യത്തെ, ഒരു ആന്തരിക സ്ഥൈര്യത്തെ മാത്രമല്ല ധ്വനിപ്പിക്കുന്നത്; മനുഷ്യർക്കിടയിലെ ബന്ധങ്ങളുടെ മേലും അതു വെളിച്ചം വീശുന്നു. എന്തെന്നാൽ, അത് സ്നേഹത്തിൽ നിന്നു ജനിക്കുന്നതും ദൈവസ്നേഹത്തിന്റെ ചലനാത്മകതയെ പ്രതിഫലിപ്പിക്കുന്നതുമാണ്. ആശ്രയയോഗ്യനായ മനുഷ്യർക്ക് ആശ്രയയോഗ്യമായ നഗരം സമ്മാനിക്കുന്നു.

**51.** വിശ്വാസ വെളിച്ചത്തിനു സ്നേഹത്തോടുള്ള ബന്ധത്താൽത്തന്നെ (cf. ഗലാ 5:6) അതു നീതിക്കും നിയമവ്യവസ്ഥയ്ക്കും സമാധാനത്തിനും മൂർത്തമായ സേവനം ചെയ്യാൻ വേണ്ടിയുള്ളതാണ്. ദൈവത്തിന്റെ ആദിമസ്നേഹവുമായുള്ള കണ്ടുമുട്ടലിൽ നിന്നാണ് വിശ്വാസം ജനിക്കുന്നത്. ആ സ്നേഹത്തിൽ നമ്മുടെ ജീവിതത്തിന്റെ അർത്ഥവും നന്മയും വ്യക്തമാകുന്നു. നമ്മുടെ ജീവിതം പ്രകാശിതമാകുന്നത് ഈ സ്നേഹത്തിന്റെ ചലനാത്മകതയിലേക്കു പ്രവേശിക്കുന്നതിന്റെ തോതനുസരിച്ചാണ്; സ്നേഹത്തിന്റെ പൂർണതയി

ലേക്കു നയിക്കുന്ന ഒരു പാതയും പ്രയോഗവുമായിത്തീരുന്നതനുസരിച്ചാണ്. മാനുഷിക ബന്ധങ്ങളുടെ സമ്പന്നതയെയും അതിൽ നിലനില്ക്കാനും ആശ്രയയോഗ്യരാക്കാനും സമൂഹ ജീവിതത്തെ സമ്പന്നമാക്കാനുമുള്ള അവരുടെ കഴിവിനെയും വിലമതിക്കാൻ വിശ്വാസവെളിച്ചത്തിനു സാധിക്കും. വിശ്വാസം നമ്മെ ലോകത്തിൽ നിന്നു അകറ്റുന്നില്ല. നമ്മുടെ സമകാലീനതയുടെ സമൂർത്തമായ ഉദ്യമങ്ങളോടു പുറംതിരിഞ്ഞു നില്കുന്നുമില്ല. ആശ്രയയോഗ്യമായ ഒരു സ്നേഹമില്ലെങ്കിൽ സ്ത്രീപുരുഷന്മാരെ യഥാർത്ഥമായി ഒന്നിച്ചുനിറുത്താൻ യാതൊന്നിനും സാധിക്കുകയില്ല; അവിടെ അവരുടെ ഐക്യം ഉപയോഗത്തിന്റെയും നിക്ഷിപ്ത താത്പര്യങ്ങളുടെയും ഭയത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ സങ്കല്പിക്കാനാവൂ. ഒന്നിച്ചു ജീവിക്കുന്നതിന്റെ നന്മയുടെ, മറ്റുള്ളവരുടെ കേവലസാന്നിധ്യത്തിനു നല്കാൻ കഴിയുന്ന സന്തോഷത്തിന്റെ അടിസ്ഥാനത്തിൽ സങ്കല്പിക്കപ്പെടുകയില്ല. മാനുഷികബന്ധങ്ങളുടെ വാസ്തുവിദ്യയെ ഗ്രഹിക്കാൻ വിശ്വാസം ഇടയാക്കുന്നു. എന്തെന്നാൽ അവയ്ക്കു ദൈവത്തിലുള്ള, അവിടത്തെ സ്നേഹത്തിലുള്ള, ആത്യന്തികമായ അടിസ്ഥാനവും സുനിശ്ചിതമായ ഭാഗധേയവും വിശ്വാസം മനസ്സിലാക്കുന്നു. അങ്ങനെ നിർമ്മാണകലയുടെമേൽ പ്രകാശം ചൊരിയുന്നു. അതു പൊതുനന്മയ്ക്ക് സേവനമായിത്തീരുന്നു.

വിശ്വാസം യഥാർത്ഥത്തിൽ ഓരോ വ്യക്തിക്കും ഒരു നന്മയാണ്, അത് ഒരു പൊതുനന്മയാണ്. അതിന്റെ വെളിച്ചം സഭയുടെ അകം മാത്രമല്ല പ്രകാശിപ്പിക്കുന്നത്. അങ്ങേ ലോകത്തിൽ ഒരു നിത്യനഗരം നിർമ്മിക്കുക മാത്രമല്ല അതു ചെയ്യുന്നത്. അതു നമ്മുടെ സമൂഹങ്ങളെ പ്രത്യാശയുടെ ഭാവിയിലേക്കു സഞ്ചരിക്കാൻ പാകത്തിൽ കെട്ടിപ്പടുക്കാൻ സഹായിക്കുന്നു. ഈ വിഷയത്തിൽ ഹെബ്രായർക്കുള്ള ലേഖനം ഒരു മാതൃക നല്കുന്നുണ്ട്. വിശ്വാസമുള്ള സ്ത്രീപുരുഷന്മാരുടെ ഇടയിൽ സാമുവേലിനെയും ദാവീദിനെയും പേരെടുത്തു പറയുമ്പോ

ഴാണ് അങ്ങനെ ചെയ്യുന്നത്. അവരുടെ വിശ്വാസം അവരെ 'നീതി നടപ്പാക്കുന്നവരാ'ക്കാൻ'ശക്തരാക്കി (ഹെബ്രാ 11:33). ഈ പ്രയോഗം ഭരണത്തിലുള്ള അവരുടെ നീതിയെയും ജന ത്തിനു

സമാധാനം പ്രദാനം ചെയ്യാനുള്ള അവരുടെ ജ്ഞാന ത്തെയും പരാമർശിക്കുന്നു (cf. 1 സാമു 12;3–5; 2 സാമു 8:15). ദൈവസ്നേഹം അടിത്തറയായുള്ളതും ബന്ധത്തിൽ പ ണിതുയർത്തപ്പെടുന്നതുമായ ഒരു പട്ടണം, ഉപവിയിൽ പണി തുയർത്തുമ്പോൾത്തന്നെ വിശ്വാസത്തിന്റെ കരങ്ങൾ സ്വർഗ ത്തിലേക്ക് ഉയർന്നിരിക്കുന്നു.

## *വിശ്വാസവും കുടുംബവും*

**52.** ഹെബ്രായർക്കുള്ള ലേഖനത്തിൽ ഭാവിനഗരത്തി ലേക്കുള്ള അബ്രാഹത്തിന്റെ യാത്രയെപ്പറ്റി പറയുമ്പോൾ നമ്മുടെ പിതാക്കന്മാരിൽനിന്നു മക്കളിലേക്കു കടക്കുന്ന അനു ഗ്രഹത്തെക്കുറിച്ചു സൂചിപ്പിക്കുന്നുണ്ട് (cf. ഹെബ്രാ 11:20–21). മാനുഷികനഗരത്തെ വിശ്വാസം പ്രകാശിപ്പിക്കുന്നതിൽ ആദ്യ തലം കുടുംബമാണ്. വിവാഹത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള സുസ്ഥിരമായ ഐക്യത്തെക്കുറിച്ച് പ്രഥമവും പ്രധാനവുമായി ഞാവിനിടെ ചിന്തിക്കുന്നു. ദൈവത്തിന്റെ തന്നെ സ്നേഹത്തിന്റെ അടയാളവും സാന്നിധ്യവുമെന്ന നില യിലുള്ള അവരുടെ സ്നേഹത്തിൽനിന്ന് ഈ ഐക്യം ജനി ക്കുന്നു. ലൈംഗികവ്യത്യസ്തതയുടെ അംഗീകരണത്തിൽ ന ിന്നും സ്വീകരണത്തിൽ നിന്നും അതു ജനിക്കുന്നു. ഈ വ്യത്യ സ്തത വഴി വധൂവരന്മാർ ഒറ്റശരീരമാകാനും (cf. ഉത്പ 2:24) പുതിയ ജീവനു ജന്മംനല്കാനും കഴിവുള്ളവരായിത്തീരുന്നു. പുതിയ ജീവൻ സ്രഷ്ടാവിന്റെ നന്മയുടെയും ജ്ഞാനത്തി ന്റെയും സ്നേഹപൂർണമായ പദ്ധതിയുടെ പ്രകാശനമാണ്.

ഈ സ്നേഹത്തിൽ അടിയുറപ്പിച്ച, സ്ത്രീയ്ക്കും പുരു

ഷനും തങ്ങളുടെ മുഴുവൻ ജീവിതത്തെയും ഉൾച്ചേർക്കുകയും വിശ്വാസത്തിന്റെ വ്യത്യസ്തതലങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യുന്ന ഒരു അടയാളത്താൽ പരസ്പരസ്നേഹ വാഗ്ദാനം ചെയ്യാൻ കഴിയുന്നു. നമ്മുടെതന്നെ ആശയങ്ങളെക്കാളും സംരംഭങ്ങളെക്കാളും വലിയ പദ്ധതി നാം കാണുമ്പോൾ എന്നേക്കും സ്നേഹിക്കാമെന്നു വാഗ്ദാനം ചെയ്യാൻ സാധിക്കുന്നു. നമ്മെ താങ്ങിനിറുത്തുന്നതും നാം സ്നേഹിക്കുന്ന വ്യക്തിക്കുവേണ്ടി നമ്മുടെ മുഴുവൻ ഭാവിയെയും സമർപ്പിക്കാൻ ശക്തി നല്കുന്നതുമായ പദ്ധതിയാണത്.

സന്താനോത്പാദനം, അതിന്റെ മുഴുവൻ ആഴത്തിലും സമ്പന്നതയിലും ഗ്രഹിക്കാൻ വിശ്വാസം നമ്മെ സഹായിക്കുന്നു. എന്തെന്നാൽ, സന്താനോത്പാദനത്തിൽ ഒരു പുതിയ വ്യക്തിയുടെ രഹസ്യം നമ്മെ ഭരമേല്പിക്കുന്ന സൃഷ്ടിക്കുന്ന സ്നേഹം തിരിച്ചറിയാൻ വിശ്വാസം ഇടയാക്കുന്നു. ഇങ്ങനെയാണ് സാറാ, ദൈവത്തിന്റെ വാഗ്ദാനത്തിലൂടെ, അവിടത്തെ വിശ്വസ്തതയിൽ ആശ്രയിച്ച് വിശ്വാസത്താൽ അമ്മയായിത്തീർന്നത്. (cf. ഹെബ്രാ 11:11).

**53.** കുടുംബത്തിൽ ശൈശവം മുതൽ ജീവിതത്തിന്റെ ഒരോ ഘട്ടത്തിലും വിശ്വാസം കൂടെ സഞ്ചരിക്കുന്നു. മാതാപിതാക്കന്മാരുടെ സ്നേഹത്തിൽ വിശ്വാസമർപ്പിക്കാൻ കുട്ടികൾ പഠിക്കുന്നു. ഇതിനാൽ മാതാപിതാക്കന്മാർ കുടുംബങ്ങളിൽ വിശ്വാസത്തിന്റെ പൊതുആചാരങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്നത് സുപ്രധാന മായ കാര്യമാണ്. അവ കുട്ടികളുടെ വിശ്വാസത്തെ പക്വതയിലെത്തിക്കാൻ സഹായിക്കും.

യുവജനങ്ങൾ ജീവിതത്തിൽ ഏറെ സങ്കീർണവും സമ്പന്നവും വിശ്വാസത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനവുമായ ഒരു ഘട്ടത്തിലൂടെ കടന്നുപോകുന്നു. അതുകൊണ്ട് അവർ പ്രത്യേകമായി വിശ്വാസയാത്രയിൽ

സ്വന്തം കുടുംബങ്ങളുടെയും സഭയുടെയും സ്ഥിരസാമീപ്യവും പിൻബലവും അനുഭവിക്കണം. ലോകയുവ

ജനസമ്മേളനങ്ങളിൽ യുവജനം വിശ്വാസത്തിന്റെ ആനന്ദവും കൂടുതൽ ദൃഢവും ഔദാര്യപൂർണവുമായ ഒരു വിശ്വാസം ജീവിക്കാനുള്ള അവരുടെ പ്രതിജ്ഞാബദ്ധതയും എങ്ങനെയാണ് പ്രകാശിപ്പിക്കുന്നതെന്ന് നമ്മൾ കണ്ടിട്ടുള്ളതാണല്ലോ. ക്രിസ്തുവുമായുള്ള കണ്ടുമുട്ടലും അവിടത്തെ സ്നേഹത്താൽ ഗ്രസിക്കപ്പെടാനും നയിക്കപ്പെടാനുമുള്ള അനുവദിക്കലും അസ്തിത്വത്തിന്റെ ചക്രവാളങ്ങളെ വിപുലീകരിക്കുന്നു ; അസിതത്വത്തിനു നിരാശപ്പെടുത്താത്ത സ്ഥിര പ്രതീക്ഷ നല്കുകയും ചെയ്യുന്നു.

വിശ്വാസം ഭീരുക്കൾക്കുള്ള അഭയകേന്ദ്രമല്ല മറിച്ച്, ജീവിതത്തെ ധീരതയോടെ പുറത്തേക്ക് കൊണ്ടുവന്ന് വിശാലമാക്കുന്നതാണ്. ഈ സ്നേഹം വിശ്വാസയോഗ്യമാണെന്നും അതിനായി സ്വയം സമർപ്പിക്കാൻ കൊള്ളാവുന്നതാണെന്നും അതു നമുക്കു ഉറപ്പു നല്കുന്നു. കാരണം, അതിന്റെ അടിത്തറ ദൈവത്തിന്റെ വിശ്വസ്തതയിലാണ് കാണപ്പെടുന്നത്. ആ വിശ്വസ്തത നമുക്കുള്ള എല്ലാ ദൗർബല്യങ്ങളെക്കാളും ശക്തമാണ്.

## *സമൂഹത്തിലെ ജീവിതത്തിന് ഒരു വെളിച്ചം*

**54.** കുടുംബത്തിൽ സ്വാംശീകരിക്കപ്പെട്ടും അഗാധമാക്കപ്പെട്ടും വിശ്വാസം എല്ലാ സാമൂഹിക ബന്ധങ്ങളെയും പ്രകാശിപ്പിക്കാൻ കഴിവുള്ള ഒരു ദീപമായിത്തീരുന്നു. ദൈവത്തിന്റെ പിതൃത്വത്തിന്റെയും അവിടത്തെ കരുണയുടെയും അനുഭവമെന്ന നിലയിൽ അത് സാഹോദര്യത്തിന്റെ പാതയിൽ നമ്മെ നടത്തുന്നു. സമത്വത്തിൽ അടിസ്ഥാനപ്പെടുത്തിയ ഒരു സാഹോദര്യം പടുത്തുയർത്താൻ ആധുനികതാവാദം പരിശ്രമിച്ചു. പക്ഷേ, ആ സാഹോദര്യം അതിന്റെ ആത്യന്തിക അടിത്ത

റയായി ഒരു പൊതുപിതാവിനെ പരാമർശിക്കാതിരുന്നാൽ അതിനു നിലനില്പുണ്ടാകുകയില്ലെന്നു ക്രമേണ നാം മനസ്സിലാക്കി. നാം സാഹോദര്യത്തിന്റെ ശരിയായ അടിസ്ഥാനത്തിലേക്കു തിരിയണം.

സംഘർഷമില്ലാത്തതായിരുന്നില്ലെങ്കിലും വിശ്വാസത്തിന്റെ ചരിത്രം ആരംഭം മുതൽ സാഹോദര്യത്തിന്റെ ചരിത്രമായിരുന്നു. ദൈവം അബ്രാഹത്തെ സ്വന്തം നാട്ടിൽനിന്നു പുറപ്പെടാൻ വിളിച്ചു. അദ്ദേഹത്തെ അതുല്യമായ ഒരു മഹാജനതയാക്കുമെന്ന്, ദൈവികാനുഗ്രഹങ്ങൾ നിവസിക്കുന്ന ഒരു മഹാജനമാക്കുമെന്ന്, വാഗ്ദാനം ചെയ്തു (cf. ഉത്പ 12:1–3). രക്ഷാചരിത്രം പുരോഗമിക്കുമ്പോൾ ഒരു കാര്യം നാം കണ്ടെത്തുന്നു.

യേശുവിൽ പൂർണത തേടുന്ന ഈ ഏക അനുഗ്രഹത്തിൽ സഹോദരങ്ങളെന്ന നിലയിൽ ഏവരെയും പങ്കുകാരാക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. എല്ലാവരും ഒന്നാകാൻ വേണ്ടിയാണത്. പിതാവിന്റെ അക്ഷയ സ്നേഹം യേശുവിൽ, സഹോദരങ്ങളുടെ സാന്നിധ്യത്തിലൂടെയും പകർന്നു നല്കപ്പെടുന്നു. അതായത് ഓരോ സ്ത്രീയിലും പുരു

ഷനിലും എനിക്കുള്ള ഒരു അനുഗ്രഹമുണ്ട് എന്നും ദൈവത്തിന്റെ മുഖകാന്തി സഹോദരങ്ങളുടെ വദനത്തിലൂടെ എന്നെ പ്രകാശിക്കുന്നുവെന്നും കാണാൻ വിശ്വാസം എന്നെ പഠിപ്പിക്കുന്നു.

മനുഷ്യനഗരത്തിന്, അതിന്റെ പൊതുജീവിതത്തിനു വേണ്ടി എത്രയെത്ര നന്മകളാണ് ക്രൈസ്തവവിശ്വാസവീക്ഷണം നല്കിയിട്ടുള്ളത്! വിശ്വാസത്തിന്റെ സഹായത്താൽ ഓരോ വ്യക്തിയുടെയും അതുല്യമഹത്ത്വം മനസ്സിലാക്കാൻ നമുക്കു സാധിച്ചിട്ടുണ്ട്. അതു പ്രാചീനലോകത്ത് സുവിദിതമായിരുന്നില്ല. രണ്ടാം നൂറ്റാണ്ടിൽ വിജാതിയനായ ചെൽസൂസ് വിഡ്ഢിത്തമെന്നും മിഥ്യയെന്നും അയാൾ കരുതിയിരുന്ന ഒരാശയത്തിന്റെ പേരിൽ ക്രിസ്ത്യാനികളെ കുറ്റപ്പെടുത്തുകയുണ്ടായി: ദൈവം മനുഷ്യനുവേണ്ടി ലോകം സൃഷ്ടിച്ച് മനുഷ്യനെ പ്രപഞ്ചത്തിന്റെ അത്യുന്നത ശൃംഗത്തിൽ പ്രതിഷ്ഠിച്ചു. 'പുല്ലു വളരുന്നത് ഏറ്റവും കാടത്തമുള്ള, വിവേകമില്ലാത്ത മൃഗങ്ങൾക്കുവേണ്ടിയല്ലാതെ മനുഷ്യന്റെ ഉപകാരത്തിനുവേണ്ടിയാണെന്ന് അവകാശപ്പെടുന്നതെന്തുകൊണ്ടാണ്?'[46] സ്വർഗത്തിന്റെ ഉന്നതത്തിൽനിന്ന് നാം ഭൂമിയിലേക്കു നോക്കുകയാണെങ്കിൽ നമ്മുടെ പ്രവൃത്തികളും എറുമ്പുകളുടെയും തേനീച്ചകളുടെയും പ്രവൃത്തികളും തമ്മിൽ എന്തെങ്കിലും വ്യത്യാസം വാസ്തവത്തിൽ ഉണ്ടായിരിക്കുമോ?[47]

ബൈബിളിലെ വിശ്വാസത്തിന്റെ മർമ്മത്തിൽ ദൈവത്തിന്റെ സ്നേഹമാണുള്ളത്. ഓരോ വ്യക്തിയെ സംബന്ധിച്ചും അവിടത്തെ മൂർത്തമായ കരുതലാണുള്ളത്. മനുഷ്യവംശത്തെ മുഴുവനും സർവസൃഷ്ടിയെയും ആശ്ലേഷിക്കുന്ന അവിടത്തെ രക്ഷാപദ്ധതിയാണുള്ളത്. അത് യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം, മരണം, ഉത്ഥാനം എന്നിവയിൽ പൂർണതയിലെത്തുന്നു.

ഈ യാഥാർത്ഥ്യം തമസ്കരിക്കപ്പെടുമ്പോൾ മനുഷ്യജീവനെ അമൂല്യവും അനന്യവുമാക്കുന്നതെന്തോ അതു തിരി

ച്ചറിയാനുള്ള മാനദണ്ഡം ഇല്ലാതാകുന്നു; മനുഷ്യന് പ്രപഞ്ചത്തിലുള്ള സ്ഥാനം നഷ്ടപ്പെടുന്നു. ഒന്നുകിൽ സ്വന്തം ധാർമ്മികോത്തരവാദിത്വം ഉപേക്ഷിച്ചുകൊണ്ട് അവൻ പ്രകൃതിയിൽ അപ്രത്യക്ഷനാകുന്നു അല്ലെങ്കിൽ സീമാതീതമായ കൈകടത്തലിനുള്ള അവകാശം സ്വയം ഉണ്ടെന്നു ഭാവിച്ച് അവൻ സ്വേഛാധികാരിയായ ഒരു വിധികർത്താവായി ചമയുന്നു.

**55.** നേരേമറിച്ച്, വിശ്വാസം സ്രഷ്ടാവായ ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തുന്നതുവഴി പ്രകൃതിയെ വളരെയേറെ ആദരിക്കാനും അതിൽ ദൈവകരം കൊണ്ടെഴുതിയ ഒരു വ്യാകരണം തിരിച്ചറിയാനും, നമ്മുടെ സംരക്ഷണയ്ക്കും സൂക്ഷത്തിനുമായി ഏല്പിക്കപ്പെട്ട വാസസ്ഥലമായി അതിനെ ആദരിക്കാനും വേണ്ട കഴിവു നമുക്കു നല്കുന്നു. ഉപയോഗക്ഷമതയും ലാഭവും മാത്രം അടിസ്ഥാനമാക്കാത്ത, സൃഷ്ടിയെ ഒരു ദാനമായും നമ്മെ എല്ലാവരെയും അതിനോട് കടപ്പാടുള്ളവരായും കരുതുന്നു. വികസനമാതൃകകളെ ആസൂത്രണം ചെയ്യാൻ വിശ്വാസം നമ്മെ സഹായിക്കുന്നു. അധികാരം ദൈവത്തിൽ നിന്നു വരുന്നുവെന്നും അതിന്റെ ലക്ഷ്യം പൊതുനന്മയ്ക്കു സേവനം ചെയ്യുകയെന്നതാണെന്നും മനസ്സിലാക്കി നീതിപൂർവകമായ ഗവൺമെന്റ് രൂപപ്പെടുത്താനും വിശ്വാസം നമ്മെ പഠിപ്പിക്കുന്നു.

വിശ്വാസം അതുപോലെതന്നെ ക്ഷമിക്കാനുള്ള സാധ്യതയും നല്കുന്നു. അതിന് മിക്കപ്പോഴും സമയവും പരിശ്രമവും സഹനശക്തിയും സമർപ്പണബുദ്ധിയും ആവശ്യമാണ്. നന്മ ആദിയിലെ ഉള്ളതാണെന്നും തിന്മയെക്കാൾ കൂടുതൽ ശക്തമാണെന്നും ദൈവം നമ്മുടെ ജീവിതത്തെ പുഷ്ടിപ്പെടുത്താൻ ഉപയോഗിക്കുന്ന വചനം എല്ലാ നിഷേധങ്ങളെക്കാളും അഗാധമാണെന്നും നാം കണ്ടുപിടിക്കുമ്പോൾ ക്ഷമ സാധ്യമായിത്തീരുന്നു. കേവലം നരവംശശാസ്ത്രപരമായ നിലപാടിൽ നിന്നു നോക്കുമ്പോൾ ഐക്യം സംഘട്ടനത്തെക്കാൾ

ശ്രേഷ്ഠമാണ്. സംഘർഷം പൂർണമായി ഒഴിവാക്കാനാവില്ല. പക്ഷേ അതു നാം ജീവിക്കേണ്ടത്, അതു പരിഹരിക്കാനും അതിനെ അതിജീവിക്കാനും അതിനെ ഒരു ചങ്ങലയിലെ കണ്ണി യെന്നപോലെ ഐക്യത്തിലേക്കുള്ള ഒരു മുന്നേറ്റമായി പരി വർത്തിപ്പിക്കാനും ശ്രമിച്ചുകൊണ്ടാണ്.

വിശ്വാസം ദുർബലമാകുമ്പോൾ മനുഷ്യജീവിതത്തിന്റെ അടിസ്ഥാനങ്ങളും ദുർബലമാകാനുള്ള അപകടസാധ്യത യുണ്ട്. മഹാകവിയായ റ്റി.എസ്സ്. എലിയട്ട് മുന്നറിയിപ്പ് നല്കി യതുപോലെതന്നെ: 'സംസ്കാരമുള്ള സമൂഹത്തിൽ നിങ്ങ ൾക്ക് അഭിമാനിക്കാൻ കഴിയുന്ന ലളിതമായ നേട്ടങ്ങൾ പോലും അവയുടെ പ്രാധാന്യത്തിനു കടപ്പെട്ടിരിക്കുന്ന വിശ്വാസത്തെ അതിജീവിക്കാൻ പ്രയാസമാണെന്ന് നിങ്ങളോടു പറയേ ണ്ടതുണ്ടോ?'[48] നമ്മുടെ നഗരങ്ങളിൽനിന്ന് ദൈവവിശ്വാസം മാറ്റിക്കളഞ്ഞാൽ പരസ്പരവിശ്വാസം ദുർബലമാകും. ഭയം കൊണ്ടുമാത്രം നമ്മൾ ഐക്യപ്പെട്ടു നില്ക്കുകയും നമ്മുടെ സ്ഥിരതയ്ക്ക് ഭീഷണി ഉണ്ടാവുകയും ചെയ്യും.

ഹെബ്രായർക്കുള്ള ലേഖനത്തിൽ നാം ഇങ്ങനെ വായിക്കു ന്നു: 'അവരുടെ ദൈവമെന്നു വിളിക്കപ്പെടുന്നതിൽ ദൈവം ലജ്ജിക്കുന്നില്ല. അവർക്കായി അവിടന്ന് ഒരു നഗരം സജ്ജമാ ക്കിയിട്ടുണ്ട്' (ഹെബ്രാ 11:16). ഇവിടെ 'ലജ്ജിക്കുന്നില്ല' എന്ന പ്രയോഗം പൊതുഅംഗീകാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. പറയാൻ ഉദ്ദേശിക്കുന്നത് ഇതാണ്: ദൈവം മൂർത്തമായ തന്റെ പ്രവൃത്തികൾ വഴി നമ്മുടെയിടയിൽ സന്നിഹിതനാണെന്നും ഓരോ മാനുഷികബന്ധത്തെയും ദൃഢീകരിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നുവെന്നും പരസ്യപ്രസ്താവന ചെയ്യുന്നു. നേരേ മറിച്ച് ദൈവത്തെ നമ്മുടെ ദൈവമെന്നു വിളിക്കാൻ ലജ്ജിക്കു ന്നത് നമ്മൾ ആണെങ്കിലോ, പൊതുജീവിതത്തിൽ അവിടത്തെ ഏറ്റുപറയാൻ പരാജയപ്പെടുന്നത് നമ്മളാണെങ്കിലോ അവി ടന്ന് സാധ്യമാക്കുന്ന പൊതുജീവിതത്തിന്റെ മഹനീയതയെ

ആവിഷ്കരിക്കാൻ പരാജയപ്പെടുന്നത് നമ്മൾ ആണെങ്കിലോ? വിശ്വാസം സാമൂഹിക ജീവിതത്തെ പ്രകാശിപ്പിക്കുന്നു. ചരിത്രത്തിന്റെ ഓരോ പുതിയ നിമിഷത്തിനും വേണ്ടി അത് ഒരു സർഗാത്മകവെളിച്ചം സ്വന്തമാക്കിയിരിക്കുന്നു. കാരണം, അത് എല്ലാ സംഭവങ്ങളെയും നമ്മെ സ്നേഹിക്കുന്ന പിതാവിൽ അതിന്റെ ഉത്പത്തിയോടും ഭാഗധേയത്തോടുമുള്ള ബന്ധത്തിൽ പ്രതിഷ്ഠിക്കുന്നു.

## *സഹനത്തിനിടയിൽ ആശ്വാസവും ശക്തിയും*

**56.** വിശുദ്ധ പൗലോസ് തന്റെ സഹനങ്ങളെയും പരീക്ഷകളെയും പറ്റി കോറിന്തോസിലെ ക്രിസ്ത്യാനികൾക്കു എഴുതുമ്പോൾ തന്റെ സുവിശേഷപ്രഘോഷണത്തോട് തന്റെ വിശ്വാസത്തെ ബന്ധിപ്പിക്കുന്നുണ്ട്. 'ഞാൻ വിശ്വസിച്ചു; അതുകൊണ്ട് ഞാൻ പ്രസംഗിച്ചു' (2 കോറി 4:13) എന്ന വേദഗ്രന്ഥവാക്യം തന്നിൽ നിറവേറിയതായി അദ്ദേഹം പറയുന്നു. 116-ാം സങ്കീർത്തനത്തിലെ ഒരു വാക്യത്തോടാണ് അതിന്റെ പരാമർശം. അതിൽ സങ്കീർത്തകൻ ഇങ്ങനെ ഉദ്ഘോഷിക്കുന്നു: 'ഞാൻ കൊടിയ ദുരിതത്തിൽ അകപ്പെട്ടു എന്നു പറഞ്ഞപ്പോഴും ഞാൻ എന്റെ വിശ്വാസം കാത്തുസൂക്ഷിച്ചു' (വാക്യം 10). വിശ്വാസത്തെക്കുറിച്ചു സംസാരിക്കുമ്പോൾ പലപ്പോഴും വേദനാജനകമായ പരീക്ഷകളെപ്പറ്റിയും പറയേണ്ടി വരാം. അത്തരം പരീക്ഷകളിലാണ് ഏറ്റവും ബോധ്യം വരുത്തുന്ന സുവിശേഷത്തിന്റെ പ്രഘോഷണം പൗലോസു കാണുന്നത്. എന്തെന്നാൽ, ദൗർബല്യത്തിലും സഹനത്തിലുമാണ് നമ്മുടെ ദൗർബല്യത്തെയും സഹനത്തെയും കീഴടക്കുന്ന ദൈവത്തിന്റെ ശക്തി നാം കണ്ടെത്തുന്നത്. ക്രിസ്ത്യാനികൾക്കു ജീവനായിത്തീരാവുന്ന ഒരു മരണത്തിന്റെ സാഹചര്യത്തിൽ അപ്പസ്തോലൻ തന്നെ എത്തിപ്പെട്ടു (രള. 2 കോറി 4:7-12).

പരീക്ഷയുടെ മണിക്കൂറിൽ വിശ്വാസം വെളിച്ചം നല്കുന്നു. സഹനത്തിലും ദൗർബല്യത്തിലുമാണ് 'ഞങ്ങൾ ഉദ്ഘോഷി

ക്കുന്നത് ഞങ്ങളെക്കുറിച്ചല്ല. പ്രത്യുത, യേശുക്രിസ്തുവിനെ കർത്താവായിട്ടാണ്' (2 കോറി 4:5). എന്ന വാക്യം സുവ്യക്തമാകുന്നത്. ഹെബ്രായർക്കുള്ള ലേഖനത്തിലെ പതിനൊന്നാം അധ്യായം വിശ്വാസത്തിനുവേണ്ടി സഹിച്ചവരെ പരാമർശിച്ചു കൊണ്ട് ഉപസംഹരിക്കുന്നു (cf. ഹെബ്രാ 11:35-38). അങ്ങനെ സഹിച്ചവരിൽശ്രദ്ധേയനായത്മോശയാണ്. അദ്ദേഹംക്രിസ്തുവിനുവേണ്ടി പീഡനം സഹിച്ചു (cf. വാക്യം 26).

സഹനം ഒഴിവാക്കാൻ സാധിക്കുകയില്ലെന്നു ക്രിസ്ത്യാനികൾ അറിയുന്നു. എന്നാലും അതിന് അർത്ഥമുണ്ടാകാം. അത് സ്നേഹത്തിന്റെ ഒരു പ്രവൃത്തിയും നമ്മെ ഉപേക്ഷിക്കാത്ത ദൈവത്തിന്റെ കൈകളിലേക്കുള്ള സമർപ്പണവുംമാകാം. അങ്ങനെ അത് വിശ്വാസത്തിലും സ്നേഹത്തിലുമുള്ള വളർച്ചയുടെ ഒരു പടിയാകാം.

കുരിശിലെ സഹനത്തിന്റെ പാരമ്യത്തിലും ക്രിസ്തുവിനു പിതാവിനോടുണ്ടായിരുന്ന ഐക്യത്തെപ്പറ്റി (cf.മർക്കോ 15/34) ധ്യാനിക്കുന്ന ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ അതേ വീക്ഷണത്തിൽ പങ്കുചേരാൻ പഠിക്കുന്നു. മരണം പോലും ദീപ്തമായിത്തീരുന്നു. വിശ്വാസത്തിലേക്കുള്ള അന്തിമ വിളിയായി മരണംജീവിക്കാവുന്നതാണ്. 'നിന്റെ ജന്മനാട്ടിൽ നിന്നു പുറപ്പെടുക' (ഉത്പ 12:1) യെന്ന പിതാവിന്റെ ആത്യന്തികവിളിയായി, 'വരുക'യെന്ന വിളിയായി അനുഭവിക്കാവുന്നതാണ്. നമ്മുടെ അവസാന ചുവടുവയ്പിലും നമ്മെ അവിടന്ന് സുദൃഢരായി നിറുത്തുമെന്ന വിശ്വാസത്തോടെ ഈ പിതാവിന് നാം സ്വയം സമർപ്പിക്കുന്നു.

**57.** വിശ്വാസ വെളിച്ചം ഈ ലോകത്തിന്റെ സഹനങ്ങളെ വിസ്മരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നില്ല. വിശ്വാസികളായ എത്രയോ സ്ത്രീപുരുഷന്മാർക്കാണ് വെളിച്ചത്തിന്റെ മധ്യസ്ഥരായി സഹിക്കുന്നർ മാറിയിട്ടുള്ളത്. അങ്ങനെയാണ് കുഷ്ഠരോഗി അസ്സീസിലെ വിശുദ്ധ ഫ്രാൻസിസിനും ദരിദ്ര

കുഷ്ഠരോഗിയിലും ദരിദ്രരിലും പ്രവർത്തിക്കുന്ന രഹസ്യം അവർ ഗ്രഹിച്ചു. സഹിക്കുന്നവരിലേക്ക് അടുത്തുകൊണ്ട് അവർക്ക് തീർച്ചയായും അവരുടെ എല്ലാ വേദനകളും ഇല്ലാതാക്കാനോ ഓരോ തിന്മയ്ക്കും വിശദീകരണം നല്കാനോ കഴിഞ്ഞില്ല. നമ്മുടെ ഇരുട്ടു മുഴുവനും നീക്കിക്കളയുന്ന വെളിച്ചമല്ല വിശ്വാസം. പിന്നെയോ രാത്രിയിൽ നമ്മുടെ കാലടികളെ നയിക്കുന്ന വിളക്കാണത്. യാത്രയ്ക്ക് അതു മതിയാകും. എല്ലാ കാര്യങ്ങൾക്കും വിശദീകരണം നല്കുന്ന ന്യായങ്ങളൊന്നും ദൈവം സഹിക്കുന്നവരോട് പറയുന്നില്ല. പിന്നെയോ, കൂടെ ചരിക്കുന്ന സാന്നിധ്യത്തിന്റെ രൂപത്തിലാണ് അവിടനനു മറുപടി നല്കുന്നത്.

ക്രിസ്തുവിൽ, ദൈവം തന്നെ നമ്മോടൊപ്പം ഈ പാത പങ്കിടാനും നമുക്ക് ഈ പാതയിൽ വെളിച്ചം ദർശിക്കാനായി തന്റെ വീക്ഷണം സമ്മാനിക്കാനും തിരുമനസ്സായി. ക്രിസ്തുവാണ് വേദന സഹിച്ചുകൊണ്ട് 'നമ്മുടെ വിശ്വാസത്തിന്റെ പ്രാരംഭകനും അതിനെ പൂർണതയിൽ എത്തിക്കുന്നവനും ആയവൻ'

(ഹെബ്ര 12:2).ഓരോ സഹനപർവത്തിലും ഒരു പ്രകാശ വാതായനം തുറക്കാൻ സഹനചരിത്രത്തോടു  ചേരുന്ന നന്മയുടെ ചരിത്രത്തിന്റെ രൂപത്തിൽ.

പൊതുനന്മയ്ക്കു വിശ്വാസം ചെയ്യുന്ന സേവനം എപ്പോഴും പ്രത്യാശയുടേതാണെന്ന് സഹനം നമ്മെ അനുസ്മരിപ്പിക്കുന്നു. ദൈവത്തിൽ നിന്നു മാത്രമാണ്, ഉത്ഥിതനായ യേശുവിൽ നിന്നുവരുന്ന ഭാവിയിൽ നിന്നു മാത്രമാണ്, നമ്മുടെ സമൂഹത്തിന് സുദൃഢവും ശാശ്വതവുമായ അടിസ്ഥാനങ്ങൾ കണ്ടെത്താൻ കഴിയുക എന്നറിഞ്ഞ് പ്രത്യാശ എപ്പോഴും മുന്നിലേക്കു നോക്കുന്നു. ഈ അർത്ഥത്തിൽ വിശ്വാസം പ്രത്യാശയോടു ബന്ധപ്പെട്ടിരിക്കുന്നു. കാരണം, ഇവിടെ താഴെ നമുക്കുള്ള വാസഗേഹം ജീർണിച്ചു പോകുകയാണെങ്കിലും നമുക്കു ശാശ്വതമായ ഒരു വസതിയുണ്ട്; ക്രിസ്തുവിൽ അവിടത്തെ ശരീരത്തിൽ, ദൈവം ഇതിനകം സമാരംഭിച്ചതാണത് (cf 2 കോറി 4:16–5:5). വിശ്വാസം, ശരണം, സ്നേഹം എന്നിവയുടെ സ്വയം ചലനാത്മകത (cf 1 തെസാ 1:3; 1 കോറി 13:13) അങ്ങനെ ആ നഗരത്തിലേക്കുള്ള നമ്മുടെ യാത്രയിൽ എല്ലാ മനുഷ്യരുടെയും ഉത്കണ്ഠകളെ ആശ്ലേഷിക്കാൻ പ്രചോദിപ്പിക്കുന്നു. 'ആ നഗരത്തിന്റെ ശില്പിയും നിർമ്മാതാവും ദൈവമാണ്' (ഹെബ്രാ 11:10). എന്തെന്നാൽ 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (റോമാ 5:5).

വിശ്വാസത്തോടും സ്നേഹത്തോടുമുള്ള ഐക്യത്തിൽ, ലൗകിക വിഗ്രഹങ്ങളുടെ മായാനിർദ്ദേശങ്ങൾക്ക് ബദലായി ഒരു വ്യത്യസ്തമാനത്തിൽ പ്രതിഷ്ഠിതമാകുന്നതും അനുദിനജീവിതത്തിന് പുതുശക്തിയും പുത്തൻ ആക്കവും നല്കുന്നതുമായ ഉറപ്പുള്ള ഭാവിയിലേക്ക് പ്രത്യാശ നമ്മെ ഉയർത്തിവിടുന്നു. കാലത്തെ ശിഥിലീകരിച്ച് അതിനെ സ്ഥലമാക്കി മാറ്റുന്നതും നമ്മുടെ പ്രയാണത്തെ തടയുന്നതുമായ താത്കാലിക പരിഹാരങ്ങളോ നിർദ്ദേശങ്ങളോകൊണ്ട് പ്രത്യാശയ്ക്ക്

മങ്ങലേക്കാൻ നമുക്ക് അനുവദിക്കാതിരിക്കാം. കാലമാകട്ടെ, ഭാവ്യോന്മുഖമാണ്. പ്രത്യാശയോടെ മുന്നേറാൻ അതു നമ്മെ ഉത്തേജിപ്പിക്കുന്നു.

## *വിശ്വസിച്ചവൾ ഭാഗ്യവതി (ലൂക്കാ 1:45)*

**58.** വിതക്കാരന്റെ ഉപമയിൽ 'നല്ല നിലത്തി'ന്റെ അർത്ഥം വ്യക്തമാക്കിക്കൊണ്ട് യേശു പറയുന്ന വാക്കുകൾ വിശുദ്ധ ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ട്: '...ഇവർ വചനം കേട്ട്, ഉത്കൃഷ്ടവും നിർമ്മലവുമായ ഹൃദയത്തിൽ അതു സംഗ്രഹിച്ച് ക്ഷമയോടെ ഫലം പുറപ്പെടുവിക്കുന്നവരാണ്' (ലൂക്കാ 8:15). ലൂക്കായുടെ സുവിശേഷത്തിന്റെ സാഹചര്യത്തിൽ വചനം കേൾക്കുകയും സൂക്ഷിക്കുകയും ചെയ്യുന്ന ഉത്കൃഷ്ടവും നിർമ്മലുമായ ഹൃദയത്തെക്കുറിച്ചുള്ള പരാമർശം കന്യകാമറിയത്തിനുള്ള വിശ്വാസത്തിന്റെ അതിസൂക്ഷ്മ ചിത്രീകരണമാണ്. ആ സുവിശേഷകൻ തന്നെ മറിയത്തിന്റെ സ്മരണയെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ട്. വചനം തന്റെ ജീവിതത്തിൽ ഫലം പുറപ്പെടുവിക്കുന്നതിനുവേണ്ടി താൻ കേൾക്കുകയും കാണുകയും ചെയ്തതെല്ലാം അവൾ എങ്ങനെ ഹൃദയത്തിൽ സൂക്ഷിച്ചുവെന്നു പറയുന്നുണ്ട്. കർത്താവിന്റെ അമ്മ വിശ്വാസത്തിന്റെ പൂർണതയുള്ള ഐക്കൺ ആണ്, വിശുദ്ധ എലിസബത്തു പറഞ്ഞതുപോലെ തന്നെ: 'വിശ്വസിച്ചവൾ ഭാഗ്യവതി' (ലൂക്കാ 1:45).

സാറാ തുടങ്ങി പൂർവപിതാക്കന്മാർക്കൊപ്പം ദൈവത്തിന്റെ വാഗ്ദാനം പൂർത്തീകരിക്കാനും പുതുജീവൻ പുഷ്പിക്കാനും ഇടം നല്കിയവരായ വിശ്വാസികളായ അനേകം സ്ത്രീജനങ്ങളുടെ വിവരണം ഉൾക്കൊള്ളുന്ന പഴയ നിയമത്തിന്റെ നീണ്ട വിശ്വാസചരിത്രം സിയോൻ പുത്രിയായ മറിയത്തിൽ നിറവേറുന്നു. കാലസമ്പൂർണതയിൽ മറിയത്തിന്റെ പക്കലേക്കു വന്ന ദൈവവചനത്തെ മുഴുസത്തയോടും കൂടെ അവൾ തന്റെ ഹൃദയത്തിൽ സ്വീകരിച്ചു. അവളിൽ അതു മാംസം ധരിക്കാനും

മനുഷ്യർക്കുള്ള വെളിച്ചമായി ജനിക്കാനും വേണ്ടിയായിരുന്നു, അത്. രക്തസാക്ഷിയായ വിശുദ്ധ ജസ്റ്റിൻ തന്റെ 'ട്രിഫോയുമായുള്ള സംഭാഷണത്തിൽ' എന്ന ഗ്രന്ഥത്തിൽ ഹൃദയഹാരിയായ ഒരു പ്രയോഗം നടത്തുന്നുണ്ട്. മറിയം മാലാഖയുടെ സന്ദേശം സ്വീകരിച്ചുകൊണ്ട് 'വിശ്വാസത്തെയും സന്തോഷത്തെയും' ഗർഭംധരിച്ചുവെന്ന് അദ്ദേഹം നമ്മോടു പറയുന്നു.49 യേശുവിന്റെ അമ്മയിൽ വിശ്വാസം അതിന്റെ പൂർണതയിൽ ഫലമണിഞ്ഞു. നമ്മുടെ ആധ്യാത്മിക ജീവിതം ഫലം നല്കുമ്പോൾ നാം സന്തോഷത്താൽ പൂരിതരാകും. അത് വിശ്വാസത്തിന്റെ മഹത്ത്വത്തിന്റെ ഏറ്റവും വ്യക്തമായ അടയാളമാണ്.

തന്റെ പുത്രന്റെ കാലടികളെ പിൻചെന്നുകൊണ്ട് മറിയം തന്റെ ജീവിതത്തിൽ വിശ്വാസതീർത്ഥാടനം പൂർത്തീകരിച്ചു.50 അങ്ങനെ മറിയത്തിൽ പഴയനിയമത്തിലെ വിശ്വാസയാത്ര, ക്രിസ്താനുഗമന രൂപം കൈക്കൊള്ളുകയും മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ തന്നെ കടാക്ഷത്തിലേക്കു പ്രവേശിച്ചുകൊണ്ട് അവിടന്നതിനാൽ രൂപാന്തരീകരിക്കപ്പെടാൻ സ്വയം വിട്ടുകൊടുക്കുകയും ചെയ്യുന്നു.

**59.** മുമ്പ് ഞാൻ ഊന്നിപ്പറഞ്ഞ ഒരു വസ്തുത പരിശുദ്ധ കന്യകാമറിയത്തിൽ കാണുന്നുവെന്നു പൂർണമായി നമുക്കു പറയാം. അതായത്, വിശ്വസിക്കുന്ന വ്യക്തി തന്റെ വിശ്വാസ പ്രഖ്യാപനത്തിൽ ഉൾച്ചേരുന്നു. യേശുവിനോടുള്ള അവളുടെ ഉറ്റബന്ധം മൂലം മറിയം നാം വിശ്വസിക്കുന്നത് എന്തോ അതിനോട് തിട്ടമായി ബന്ധപ്പെട്ടിരിക്കുന്നു. മറിയത്തിന്റെ കന്യകാ ഗർഭധാരണത്തിൽ ക്രിസ്തുവിന്റെ ദൈവപപുത്രത്വത്തിന്റെ വ്യക്തമായ അടയാളം നമുക്കു നല്കുന്നു. ക്രിസ്തുവിന്റെ നിത്യമായ ഉറവിടം പിതാവിലാണ്. സമ്പൂർണവും അനന്യവുമായ അർത്ഥത്തിൽ അവിടന്ന് ദൈവപുത്രനാണ്. അതുകൊണ്ട് പുരുഷന്റെ ഇടപെടൽ കൂടാതെ അവിടന്നു കാലത്തിൽ ജനിച്ചു. ദൈവപുത്രനെന്ന നിലയിൽ യേശു ലോകത്തിനു പുതിയ

തുടക്കവും പുതിയ പ്രകാശവും മനുഷ്യചരിത്രത്തിൻമേൽ വർഷിക്കപ്പെട്ട ദൈവത്തിന്റെ വിശ്വസ്തസ്നേഹത്തിനുള്ള പൂർണതയും കൊണ്ടുവന്നു. മറുവശത്ത് എന്നാൽ മറിയത്തിന്റെ യഥാർത്ഥമാതൃത്വം ദൈവപുത്രന് യഥാർത്ഥ മനുഷ്യ ചരിത്രം, ഉറപ്പാക്കുന്നു, കുരിശിൽ മരിക്കുകയും മൃതരിൽ നിന്ന് ഉയിർക്കുകയും ചെയ്യുന്ന യഥാർത്ഥ ശരീരം ഉറപ്പുവരുത്തി.

മറിയം യേശുവിനോടൊപ്പം കുരിശുവരെ സഞ്ചരിക്കും (cf യോഹ 19:25). അവിടെനിന്ന് അവളുടെ മാതൃത്വം യേശുവിന്റെ ഓരോ ശിഷ്യനിലേക്കും വ്യാപിക്കും (cf യോഹ 19:26-27). യേശുവിന്റെ ഉത്ഥാനത്തിനും സ്വർഗാരോഹണത്തിനുംശേഷം അവൾ സെഹിയോൻ ഊട്ടുശാലയിൽ ശ്ലീഹന്മാരോടു ചേർന്ന് പരിശുദ്ധാത്മാവിന്റെ ദാനത്തിനായി പ്രാർത്ഥിച്ചുകൊണ്ട് സന്നിഹിതയായിരിക്കുകയും ചെയ്യും (cf അപ്പ 1:14).

പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള സ്നേഹത്തിന്റെ ചലനം നമ്മുടെ ചരിത്രത്തിലൂടെ കടന്നുപോയി. നമ്മെ രക്ഷിക്കാൻ വേണ്ടി ക്രിസ്തു നമ്മെ തന്നിലേക്ക് ആകർഷിച്ചു (cf യോഹ 12:32). സ്ത്രീയിൽ നിന്നു ജനിച്ച, ദൈവപുത്രനായ യേശുവിനെ ഏറ്റുപറയുന്നവനാണ് വിശ്വാസത്തിന്റെ കേന്ദ്ര ബിന്ദു. അവിടന്ന് പരിശുദ്ധാത്മാവിന്റെ ദാനത്തിലൂടെ ദത്തുപുത്രസ്ഥാനത്തേക്ക് നമ്മെ പ്രവേശിപ്പിക്കുന്ന.(cf ഗലാ 4 :4).

**60.** സഭയുടെയും നമ്മുടെ വിശ്വാസത്തിന്റെയും അമ്മയായ മറിയത്തിലേക്കു പ്രാർത്ഥനാപൂർവം നമുക്ക് തിരിയാം.

അമ്മേ, ഞങ്ങളുടെ വിശ്വാസത്തെ സഹായിക്കണമേ.

ദൈവസ്വരവും അവിടത്തെ വിളിയും തിരിച്ചറിയാനായി വചനത്തിനു മുന്നിൽ ഞങ്ങളുടെ കാതുകളെ തുറക്കണമേ.

ഞങ്ങളുടെ വിശ്വാസം പക്വത പ്രാപിക്കാനായി വിളിക്കപ്പെടുമ്പോൾ, പീഡനങ്ങളുടെയും കുരിശിന്റെയും നിമിഷങ്ങളിൽ സവിശേഷമായും, അവിടന്നിൽ പൂർണമായി ആശ്രയിക്കാനും

അവിടത്തെ സ്നേഹത്തിൽ വിശ്വസിക്കാനും ഞങ്ങളെ തുണ ച്ചാലും.

ഉത്ഥിതനായവന്റെ സന്തോഷം ഞങ്ങളുടെ വിശ്വാസത്തിൽ വിതയ്ക്കണമേ.

വിശ്വസിക്കുന്നവർ ഒരിക്കലും ഒറ്റയ്ക്കല്ലെന്ന് ഞങ്ങളെ ഓർമ്മിപ്പിക്കണമേ.

ഞങ്ങളുടെ പാതയിൽ യേശു വെളിച്ചമാകാൻ അവിടത്തെ കണ്ണുകൾകൊണ്ട് നോക്കാൻ ഞങ്ങളെ പഠിപ്പിച്ചാലും. അങ്ങ യുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ ക്രിസ്തു തന്നെ യായ ആ അസ്തമിക്കാത്ത ദിനം ഉദയം ചെയ്യുംവരെ ഈ വിശ്വാസ വെളിച്ചം ഞങ്ങളിൽ എന്നും വളരട്ടെ.

നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ ക്രിസ്തുത ന്നെയാണല്ലോ ഈ പ്രകാശം.

റോമിൽ സെന്റ് പീറ്റേഴ്സിൽ ജൂൺ 29-ാം തീയതി, പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസം 2013-ാം വർഷ ത്തിൽ, എന്റെ പരമാചാര്യത്വത്തിന്റെ ഒന്നാം വർഷം നല്ക പ്പെട്ടത്.

**ഫ്രാൻസിസ് പാപ്പ**